# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മാർച്ച് 9 | ദീപം 56 | നാളം 2 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കെ. എസ്. ആർ. ടി. സിയെ ആരു രക്ഷിക്കും ?



ഇഗ്നേഷ്യസ് കലയന്താനി



ആനവണ്ടിയെ രക്ഷിക്കാൻ ഇനി ആർക്കു സാധിക്കും? കെഎസ്ആർടിസിയെപ്പോലെ ഇത്രയേറെ നികുതിപ്പണം ചെലവായിപ്പോയ ഒരു പൊതുഗതാഗതസംവിധാനം ഇന്ത്യയിൽ വേറേ കാണുമോ?

കടക്കെണിയിൽ മുങ്ങിത്താഴ്ന്ന കെഎസ്ആർടിസിയെ കരകയറ്റാൻ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകാലം സർക്കാർ ചെലവഴിച്ച തുക എത്ര ആയിരം കോടി വരുമെന്ന് സർക്കാരിനുപോലും കണക്കുണ്ടാവില്ല. 2016 നുശേഷം 7454 കോടി രൂപ സർക്കാർ നൽകി എന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ശമ്പളവും പെൻഷനും നൽകാനായിമാത്രം ഈ സർക്കാർ 3400 കോടി നൽകിയെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ നിയമസഭയിൽ പറഞ്ഞു. നടപ്പുസാമ്പത്തികവർഷം ചെലവിട്ടത് 1325.77 കോടിയാണ്. അടുത്ത സാമ്പത്തിക വർഷത്തേക്കു വകയിരുത്തിയത് 131 കോടി.

ഇത്രയൊക്കെ സഹായിച്ചിട്ടും കെഎസ്ആർടിസി കരകയറിയില്ലെന്നു മാത്രമല്ല, കൂടുതൽ ആഴത്തിലേക്കു താഴുകയും ചെയ്തു. പൊതുജനത്തിന്റെ നികുതിപ്പണം ഒഴുക്കി എത്രകാലം ഈ വെള്ളാനയെ സംരക്ഷിച്ചു നിർത്താനാകും? അതേസമയം, റോഡ് ടാക്സ്, ഇൻഷുറൻസ്, ഫിറ്റ്നസ് പരിശോധന തുടങ്ങിയ പ്രതികൂല ഘടകങ്ങൾ ഏറെയുണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ചു സ്വകാര്യബസ് സർവീസ് ഇവിടെ നല്ല ലാഭത്തിലാണു പോകുന്നതുതാനും.

കെഎസ്ആർടിസി നഷ്ടത്തിൽനിന്നു നഷ്ടത്തിലേക്കു കൂപ്പുകുത്തിക്കൊണ്ടിരുന്ന സമയത്താണ് എങ്ങനെയെങ്കിലും ഈ സ്ഥാപനത്തെ ഒന്ന് എഴുന്നേല്പിച്ചു നിറുത്താൻ സർക്കാർ ടോമിൻ ജെ തച്ചങ്കരിയെ 2018 ഏപ്രിലിൽ കോർപ്പറേഷന്റെ സിഎംഡിയായി നിയമിച്ചത്. തച്ചങ്കരി വന്ന് ആദ്യം ചെയ്തത് ഒരു ശസ്ത്രക്രിയയാണ്. എന്തു ശസ്ത്രക്രിയ നടത്തിയാലും വേണ്ടില്ല, മുടങ്ങാതെ ശമ്പളം കിട്ടണം എന്ന ഒറ്റ ആഗ്രഹമേ തൊഴിലാളികൾക്കുണ്ടായിരുന്നുള്ളു.

6000 വണ്ടികൾക്ക് 40000 ജീവനക്കാരുണ്ടായിട്ടും ജീവനക്കാരില്ലെന്നു പറഞ്ഞു ദിവസവും 200 ബസുകൾ ഓട്ടം മുടക്കുന്നതു ശ്രദ്ധയിൽപ്പെട്ടപ്പോൾ തച്ചങ്കരി ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരിച്ചു വണ്ടികളെല്ലാം റോഡിലിറക്കി. ജീവനക്കാരുടെ കുറവുമൂലം ബസുകൾ മുടങ്ങുന്നത് ഒഴിവാക്കാൻ വർക്ക് അറേഞ്ചുമെന്റ് അടിസ്ഥാനത്തിൽ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും സ്ഥലം മാറ്റി. ആളില്ലാതെ ഒന്നിനു പിറകേ ഒന്നായി ബസുകൾ ഓടിക്കുന്നവർക്കു പിഴയിട്ടു. അഴിച്ചുപണിയിലൂടെ ദിവസവരുമാനം എട്ടരക്കോടിയിലേക്കെത്തിക്കുക എന്നതായിരുന്നു ലക്ഷ്യം.

കെഎസ്ആർടിയിൽ മുപ്പതു ശതമാനത്തോളം പേർ ഈ പണിക്കു കൊള്ളാത്തവരാണെന്ന് തച്ചങ്കരി നടത്തിയ പരിശോധനയിൽ കണ്ടെത്തി. അവശത ഭാവിച്ചു പലരും ജോലിചെയ്യാതെ വെറുതെയിരുന്നു ശമ്പളം വാങ്ങുന്നു. ദീർഘകാലമായി ജോലിക്കെത്താത്തവരും കാരണംകാണിക്കൽ നോട്ടീസിനു മറുപടി നല്കാത്തവരുമായ 907 ജീവനക്കാരെ അദ്ദേഹം പിരിച്ചുവിട്ടു. ഇതോടെ പണിചെയ്യാത്ത യൂണിയൻനേതാക്കളുടെ നെറ്റി ചുളിഞ്ഞു.

▶9

# വെല്ലുവിളികളുടെ വീഥികളിലെ പോരാട്ടത്തിന്റെ പുത്രിമാർ



സിൽജി ജെ. ടോം

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞു: "നിങ്ങൾ ഒരു ജനതയുടെ ഉന്നമനം ലക്ഷ്യമിടുന്നെങ്കിൽ, ആദ്യം അവിടത്തെ സ്ത്രീകളുടെ ഉയർച്ച ലക്ഷ്യമിടുക. സ്ത്രീ നന്നായാൽ കുടുംബം നന്നായി. കുടുംബം നന്നായാൽ സമൂഹം നന്നായി, നാടു നന്നായി. രാഷ്ട്ര പുനർനിർമാണത്തിൽ ഇതാവണം നിങ്ങളുടെ ലക്ഷ്യം."

സ്ത്രീ ശക്തയാകുമ്പോൾ പുരുഷനും കുടുംബവും സമൂഹവും രാജ്യവും ശക്തീകരിക്കപ്പെടുകയാണ്. വിവേചനങ്ങളും അതിക്രമങ്ങളും ഇല്ലാത്തൊരു ലോകമാണ് ഇന്നിന്റെ ആവശ്യം. ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുക അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ മുഖ്യലക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകളായി വനിതാദിനങ്ങൾ ആചരിക്കുന്നുണ്ടെങ്കിലും ലോകത്തിന്റെ മിക്കഭാഗത്തും സ്ത്രീകളുടെ അവസ്ഥ ഇന്ന് എങ്ങനെയാണെന്നു ചിന്തിക്കേണ്ടതുണ്ട്.

ലോകജനസംഖ്യയുടെ പകുതിവരുന്ന സ്ത്രീകൾ ഇന്നും നേട്ടങ്ങളിൽ പുരുഷനെക്കാൾ ഏറെ പിന്നിലാണെന്നതു വസ്തുതയാണ്. വീട്ടകങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾ ഭരണചക്രം തിരിക്കുന്നതും വിമാനം

**മാർച്ച് 8-ലോകവനിതാദിനം**



പറത്തുന്നതും ലോകത്തിനുതന്നെ അഭിമാനിക്കാവുന്ന തരത്തിൽ നേട്ടങ്ങൾ സ്വന്തമാക്കുന്നതും ശരിതന്നെ. അമേരിക്കയുടെയും ഇന്ത്യയുടെയുമെല്ലാം ഭരണതലപ്പത്ത് ഇന്ന് സ്ത്രീകളുണ്ട്. സരോജിനി നായിഡു, ആനി ബസന്റ് തുടങ്ങിയ സ്വാതന്ത്ര്യസമരപോരാളികൾമുതൽ ജനാധിപത്യത്തിന്റെ കാവലാളുകളായി തിളങ്ങിയ ഇന്ദിരാ ഗാന്ധിയും പ്രതിഭ പാട്ടീലും ഏറ്റവുമൊടുവിൽ ദ്രൗപതി മുർമുവുംവരെയുള്ള വനിതാരത്നങ്ങൾ ഇന്ത്യയുടെ അഭിമാനമുയർത്തുന്നു. എന്നാൽ, ഈ മുന്നേറ്റത്തിനിടയിലും രാജ്യത്തെ സ്ത്രീകൾ സുരക്ഷിതരാണെന്നു പറയാനാകുമോ?

മിക്കവാറും എല്ലാ മേഖലകളിലു കഴിവിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ ഉയർന്നസ്ഥാനത്ത് എത്തിയിട്ടുണ്ട്. ഇങ്ങനെയൊക്കെയെങ്കിലും സ്ത്രീകൾക്ക് അവകാശപ്പെട്ട നീതിയും സുരക്ഷിതത്വവും ഈ ആധുനികലോകത്തും പൂർണമായി ലഭിക്കുന്നില്ല.

ഏത് ലിംഗവിഭാഗത്തിൽപെടുന്നവർക്കും തുല്യമായി അവകാശപ്പെട്ട പ്രപഞ്ചത്തിലാണ് നാം വസിക്കുന്നതെന്ന ബോധ്യം ഓരോ വ്യക്തിക്കുമുണ്ടാകേണ്ടതുണ്ട്. ലിംഗഭേദമില്ലാതെ പരസ്പരം ബഹുമാനിക്കുന്ന സംസ്കാരം കുടുംബങ്ങളിൽനിന്നുതന്നെ ആരംഭിക്കണം. കുടുംബാന്തരീക്ഷം ലിംഗനീതിയിൽ അധിഷ്ഠിതമാകണം.

▶13

കാഴ്ചയ്ക്കപ്പുറം

വീയെൻ

# വാക്കുകൾ നിലതെറ്റുമ്പോൾ

“എന്റെ വീട്ടിൽ താമസിച്ച് എനിക്കു വച്ചുവിളമ്പാനും എന്റെ മക്കളെ പെറ്റു പോറ്റാനും രാത്രിയിൽ എന്റെ സ്നേഹകാമങ്ങൾക്കു കീഴ്പ്പെടാനും ഇത്തിരി കള്ളടിച്ചു വന്ന് ഞാൻ വച്ചുതരുന്ന വീക്കുകൾ സന്തോഷത്തോടെ ഏറ്റുവാങ്ങാനും പിന്നെ ഞാൻ വടിയായി തെക്കേലെ മാവുവെട്ടി എന്നെ കത്തിക്കുമ്പോൾ വാവിട്ടു നിലവിളിക്കാനും എനിക്കൊരു പെണ്ണിനെ ആവശ്യമുണ്ട്”

“നീ വെറുമൊരു പെണ്ണാടി. പെണ്ണ്”

“നീയടക്കമുള്ള പെൺവർഗ്ഗം മറ്റാരും കാണാത്തതു കാണും. നിങ്ങൾ ശപിച്ചുകൊണ്ടു കൊഞ്ചും. ചിരിച്ചു കൊണ്ട് കരയും. മോഹിച്ചുകൊണ്ട് വെറുക്കും.”

മലയാളസിനിമയിൽ ഒരുകാലത്ത് നിറഞ്ഞുനിന്നിരുന്ന ഡയലോഗുകളിൽ ചിലതാണിത്. പുരുഷാധിപത്യസ്വഭാവത്തിന്റെ പ്രകടമായ അടയാളമായിട്ടാണ് ഈ ഡയലോഗുകളെ ഇന്നു സമൂഹം കാണുന്നത്. അതുകൊണ്ടുതന്നെ ഇത്തരം ഡയലോഗുകളിൽ സ്ത്രീവിരുദ്ധത കണ്ടെത്തുന്നവരും അതിന്റെ പേരിൽ ഈ കഥാപാത്രങ്ങളെ അപഹസിക്കുന്നവരും ഏറെ.

ഇവരിൽ ചില തിരക്കഥാകൃത്തുക്കളെങ്കിലും തങ്ങൾ അവതരിപ്പിച്ച സ്ത്രീവിരുദ്ധതയ്ക്കു മാപ്പുപറയുകയും ഇന്നായിരുന്നെങ്കിൽ ഇപ്രകാരം എഴുതുമായിരുന്നില്ലെന്നു തുറന്നു സമ്മതിക്കുകയും ചെയ്തിട്ടുള്ളവരാണ്. ഇന്നത്തെക്കാലത്ത് ഇത്തരത്തിലുള്ള സംഭാഷണങ്ങൾ എഴുതാൻ ഏതെങ്കിലും തിരക്കഥാകൃത്ത് തയ്യാറാകുമെന്നും തോന്നുന്നില്ല. കാരണം, കാലം മാറി. സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ മാറി. ഒരുതരത്തിലുള്ള സ്ത്രീവിരുദ്ധതയും വച്ചുപൊറുപ്പിക്കില്ലെന്ന മട്ടിലുള്ള അസഹിഷ്ണുത വളർന്നുവന്നു.

മാത്രവുമല്ല, ഇവയൊന്നും ശരിയായ ജീവിതാദർശവുമല്ല. ശിശുപരിപാലനം, ഉത്തമഭാര്യ, ദാമ്പത്യധർമ്മം തുടങ്ങിയവയിൽ മാത്രമായി പരിമിതപ്പെടുത്തപ്പെടേണ്ടവളുമല്ല ഒരു സ്ത്രീയും. എന്നിരിക്കലും, സ്ത്രീയെ പുരുഷനു താഴെയായിമാത്രം ചിത്രീകരിക്കുകയും അവളെ പുരുഷന്റെ ആഗ്രഹങ്ങൾക്കനുസരിച്ചുമാത്രം ജീവിക്കേണ്ട ഒരു വ്യക്തിയായി നോക്കിക്കാണുകയും ചെയ്യുന്നതിൽ ഒരു തലമുറയെ സ്വാധീനിച്ച ഈ സിനിമകൾ വഹിച്ച ദോഷകരമായ പങ്കിനെ അപ്രധാനീകരിക്കാനുമാവില്ല.

പറഞ്ഞുവരുന്നത് മറ്റൊന്നുമല്ല, സിനിമയിൽ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളും അവർ പങ്കുവയ്ക്കുന്ന ആശയങ്ങളും ജീവിതകാഴ്ചപ്പാടും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും എത്രത്തോളം പ്രേക്ഷകരെ ദോഷകരമായി ബാധിക്കുമെന്നാണ്.

അടുത്തകാലത്ത് ഇപ്രകാരം ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു സിനിമയാണ് വിനീത് ശ്രീനിവാസന്റെ മുകുന്ദനുണ്ണി അസോസിയേറ്റ്സ്. തിയേറ്ററിൽ റിലീസ് ചെയ്തപ്പോഴെന്നതിലേറെ ഒടിടിയിലെത്തിയപ്പോഴാണ് പ്രസ്തുത ചിത്രം കടുത്ത വിമർശനങ്ങൾക്കു വിധേയമായത്. നടനും സംഘടനാപ്രവർത്തകനുമായ ഇടവേള ബാബുവിന്റെ വിമർശനാത്മകമായ വാക്കുകൾ ഇപ്രകാരമായിരുന്നു: “മുകുന്ദൻ ഉണ്ണി എന്നൊരു സിനിമ ഇവിടെ ഇറങ്ങി. അതിന് എങ്ങനെ സെൻസറിങ് കിട്ടിയെന്ന് എനിക്കറിയില്ല. കാരണം, ഫുൾ നെഗറ്റീവാണ്. പടം തുടങ്ങുന്നതുതന്നെ ഞങ്ങൾക്കാരോടും നന്ദി പറയാനില്ല എന്ന വാചകത്തോടെയാണ്. ക്ലൈമാക്സിലെ ഡയലോഗ് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അതിലെ നായിക പറയുന്ന ഭാഷ ഇവിടെ ഉപയോഗിക്കാൻ പറ്റില്ല. അങ്ങനെയൊരു ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. സിഗററ്റ് വലിക്കുന്ന സീനിനും മദ്യക്കുപ്പി വയ്ക്കുന്നതിനും മൂന്നു തവണയെങ്കിലും മുന്നറിയിപ്പ് നല്കണം. എന്നാൽ, ഈ സിനിമ ഒന്നു കാണണം. ഫുൾ നെഗറ്റീവാണ്. അങ്ങനെ ഒരു സിനിമ ഇവിടെ ഓടി. ആർക്കാണ് ഇവിടെ മൂല്യച്യുതി സംഭവിച്ചത്? പ്രേക്ഷകർക്കാണോ സിനിമാക്കാർക്കാണോ?”

ഏതൊരു സിനിമയുടെയും തുടക്കത്തിൽ എഴുതിക്കാണിക്കുന്നതാണ് എണ്ണമറ്റവിധത്തിലുള്ള നന്ദിപ്രകടനങ്ങൾ. ചലച്ചിത്രസ്രഷ്ടാക്കളുടെ ജീവിതവുമായി കടപ്പാടുള്ളവരുടെ പേരുകളാണ് ഇതിലെല്ലാം നിറയുന്നത്.

അത്തരം ഒരു കീഴ്വഴക്കത്തെയാണ് ഞങ്ങൾക്കാരോടും നന്ദി പറയാനില്ല എന്നുറക്കെ പറഞ്ഞുകൊണ്ട് ഈ സിനിമയുടെ പ്രവർത്തകർ തകിടംമറിക്കുന്നത്. പുതിയൊരു സംസ്കാരമാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. പൊതുവെ യുവതലമുറ നന്ദി പറച്ചിലിലോ സോറി പറച്ചിലിലോ പഴയ തലമുറയെപ്പോലെ ആകൃഷ്ടരല്ല. അവനവന്റെ ജീവിതം കെട്ടിപ്പടുക്കാൻ, മറ്റുള്ളവരെ ഏതുവിധേനയും തറപറ്റിക്കാൻ, പണത്തിനുവേണ്ടി മറ്റുള്ളവരെ ചൂഷണം ചെയ്യാൻ മടിയില്ലാത്തവരുടെ ലോകമാണ് ഇത്. ഈ മാറിയ ലോകത്തിന്റെ പ്രതിനിധികളാണ് പ്രസ്തുത സിനിമയിലെ കഥാപാത്രങ്ങളും.

അവർ പഴയ തലമുറയിലെപ്പോലെ ബന്ധങ്ങളോട് അധികം അടുപ്പമുള്ളവരല്ല. വൈകാരികമായ നിയന്ത്രണത്തിനു വെളിയിലാണ് അവരുടെ ജീവിതം. സൗഹൃദങ്ങൾ എന്നതിനപ്പുറം മാനുഷികമൂല്യങ്ങളുടെ, ബന്ധങ്ങളുടെ, വൈകാരികതലങ്ങളുടെ ലോകം ഇവർക്കന്യമാണ്. സമൂഹത്തിന്റെ പൊതുപ്രവണതയായി ഇതു മാറിക്കഴിഞ്ഞു.

ഈ സമൂഹത്തിലേക്കാണിപ്പോൾ ചലച്ചിത്രകാരന്മാർ ക്യാമറ തിരിച്ചുവച്ചിരിക്കുന്നത്, സമൂഹത്തിന്റെ പ്രതിഫലനമെന്നോണം ഇതാണു നിലവിലുള്ള ചുറ്റുപാട് എന്നാണ് അവർ പറഞ്ഞുവയ്ക്കുന്നതും. മനുഷ്യരുടെ നന്മയും കൃതജ്ഞതയും സത്യസന്ധതയും ആത്മാർഥതയും വിലയില്ലാത്തതാണെന്നാണ് ഈ ചിത്രം നമ്മോടു പറയുന്നത്. ഇതാവട്ടെ തികച്ചും പ്രതിലോമകരവുമാണ്. സിനിമയിലൂടെ മഹത്തായ ആശയങ്ങൾ പങ്കുവയ്ക്കണമെന്നോ സമൂഹത്തെ മുഴുവൻ ഒറ്റയടിക്കു മാനസാന്തരപ്പെടുത്തണമെന്നോ അല്ല പറയുന്നത്. എങ്കിലും, ഒരു ജനകീയകലാരൂപമെന്ന നിലയിൽ ചലച്ചിത്രകാരന്മാർക്ക് സമൂഹത്തോടു കുറച്ചുകൂടി പ്രതിബദ്ധത പുലർത്താൻ കഴിയണം.



ഇതോടു ബന്ധപ്പെടുത്തിവേണം സംവിധായകൻ ഒമർ ലുലുവിന്റെ ഒരു പ്രഖ്യാപനത്തെയും കാണേണ്ടത്. സിനിമയെടുത്ത് ആളുകളെ നന്നാക്കുക തന്റെ ഉദ്ദേശ്യമല്ല എന്ന ആശയമാണ് അദ്ദേഹം ‘നല്ല സമയം’ എന്ന തന്റെ പുതിയ സിനിമയുടെ വിവാദപശ്ചാത്തലത്തിൽ രേഖപ്പെടുത്തിയത്.

സിനിമയുടെ പേരിൽ മാത്രമേ നല്ല സമയമുണ്ടായിരുന്നുള്ളൂ. ചിത്രത്തിന് അത്ര നല്ല സമയമല്ലായിരുന്നുവെന്നതാണ് സത്യം. മയക്കുമരുന്നുപയോഗിക്കാൻ പ്രേരണ നല്കുന്ന വിധത്തിലുള്ള സംഭാഷണങ്ങളും രംഗങ്ങളും അധികമുണ്ട് എന്നതിന്റെ പേരിൽ വിവാദമായതിനെത്തുടർന്ന് റിലീസ് ചെയ്തു രണ്ടുദിവസത്തിനുള്ളിൽ ചിത്രം തീയറ്ററിൽനിന്നു നീക്കംചെയ്യുകയും ചെയ്തു. മാത്രവുമല്ല, ചിത്രത്തിലെ ഒരു കഥാപാത്രത്തെ, അവതരിപ്പിച്ച പുതുമുഖനടി ചാനലുകാർക്കു നല്കിയ അഭിമുഖത്തിൽ പറഞ്ഞ കാര്യം എരിതീയിൽ എണ്ണയൊഴിക്കുന്നതിനു തുല്യമായിരുന്നു. മരുന്നടിക്കണമെന്നു തോന്നിയാൽ അടിക്കണം എന്നായിരുന്നു ആ യുവതാരത്തിന്റെ ആഹ്വാനം. തിയേറ്റർ വിട്ടെങ്കിലും ഒടിടി പോലെയുള്ള അനന്തസാധ്യതകൾ ഉള്ളതുകൊണ്ട് ഈ വിഷം നമ്മുടെ വീടുകളിലേക്കും സ്വകാര്യതകളിലേക്കും കടന്നുവരുകതന്നെ ചെയ്യും.

ഒരു സിനിമ പങ്കുവയ്ക്കുന്ന നല്ല ആശയങ്ങളെക്കാൾ പ്രേക്ഷകരെ സ്വാധീനിക്കുന്നത്, സിനിമയിലെ നെഗറ്റീവ് ആശയങ്ങളായിരിക്കും. സിനിമ കണ്ട് മാനസാന്തരപ്പെട്ടവരെക്കാൾ സിനിമ കണ്ട് വഴിതെറ്റിയവരാണല്ലോ കൂടുതൽ.

സിനിമയിലെ നന്മയെ അതു കണ്ടുതീരുന്നതോടെ വിട്ടുകളയുന്ന രീതി വ്യാപകമാകുകയും എന്നാൽ, അതിലെ നെഗറ്റിവിറ്റി, സിനിമ കണ്ടുതീർന്നു കഴിഞ്ഞാലും പ്രേക്ഷകരെ പിന്തുടരുകയും ചെയ്യുന്നു. പ്രത്യേകിച്ച്, നായകന്റെ വീരസ്യങ്ങളോട് പ്രേക്ഷകനു താദാത്മീകരണം കൂടുതലുണ്ട്. മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴത്തെ നായകന്മാർ ദേവാസുരന്മാരാണ്, ദേവനും അസുരനും കൂടിയവരാണ്. അതുകൊണ്ടുതന്നെ, അവരിലെ രജോഗുണത്തെക്കാൾ തമോഗുണം പ്രേക്ഷകരെ സ്വാധീനിക്കുന്നു. അവരുടെ ചെയ്തികൾ, സംഭാഷണങ്ങൾ, ജീവിതദർശനം ഇതെല്ലാം പ്രേക്ഷകരെ വൻതോതിൽ സ്വാധീനിക്കുന്നു.

ഇപ്പോഴത്തെ സിനിമകളിൽ പല സീനുകളിലും ആവർത്തിച്ച് എഴുതിക്കാണിക്കുന്ന ചില വാചകങ്ങളുണ്ട്.

ഇരുചക്രവാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമെറ്റ് നിർബന്ധമായും ധരിക്കേണ്ടതാണ്.

പുകവലി ആരോഗ്യത്തിനു ഹാനികരം, മദ്യപാനം ആരോഗ്യത്തിനു ഹാനികരം. സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾ ശിക്ഷാർഹമാണ്. എന്തുകൊണ്ടാണ് ഇങ്ങനെ എഴുതിക്കാണിക്കേണ്ടിവരുന്നത്? ചിത്രത്തിലെ നായകൻ പലപ്പോഴും ഹെൽമെറ്റ് ധരിക്കാറില്ലാത്തതുകൊണ്ട്; നായകനോ കൂട്ടുകാരോ മദ്യപിക്കുകയോ ലഹരി ഉപയോഗിക്കുകയോ ചെയ്യുന്നവരായതുകൊണ്ട്.

സിനിമയിൽ നായകൻ ഹെൽമെറ്റ് ധരിച്ച് വണ്ടിയോടിച്ചാൽ എന്താണു കുഴപ്പം? പക്ഷേ, സംഭവിക്കുന്നത് അങ്ങനെയല്ല. ഹെൽമെറ്റ് ധരിച്ച് ടൂവീലർ ഓടിക്കുന്ന നായകനെയോ അയാളുടെ സിൽബന്ധികളെയോ സിനിമകളിൽ അധികം കാണാറില്ല. ഈ മാതൃക നമ്മുടെ യുവജനങ്ങളെയും ദുസ്സ്വാധീനങ്ങൾക്ക് അടിമപ്പെടുത്തുന്നു. അതുകൊണ്ടാണ്, പല യുവജനങ്ങളും പോലീസ് ചെക്കിങ് സ്ഥിരമായി ഉണ്ടായിട്ടുപോലും ഹെൽമെറ്റ് ധരിക്കാതെ വണ്ടിയോടിക്കുന്നത്. കലാകാരന്മാർ സമൂഹത്തോടു കൂടുതൽ പ്രതിബദ്ധതയുള്ളവരാകണം. അവർക്കു ലഭിച്ചിരിക്കുന്നത് വലിയ സാധ്യതകളാണ്. അതുകൊണ്ടുതന്നെ, കൂടുതൽ ഉത്തരവാദിത്വങ്ങൾ അവർ പുലർത്തേണ്ടതുമുണ്ട്. സിനിമയുടെ കാര്യത്തിൽ ഇത് ഏറെ പ്രസക്തവുമാണ്.

സ്വകാര്യജീവിതത്തിൽ വ്യക്തിപരമായ പല ബലഹീനതകളും ദൗർബല്യങ്ങളുമുള്ള വ്യക്തികളായിരിക്കാം കലാകാരന്മാരും എഴുത്തുകാരും. അവരുടെ ആത്മാംശവും ജീവിതാദർശവും രചനകളിലേക്കും മറ്റു കലാരൂപങ്ങളിലേക്കും സംക്രമിക്കുന്നതും സ്വാഭാവികവുമാണ്. പക്ഷേ, ഇത്തരം ആശയങ്ങളെ സാമാന്യവത്കരിക്കാതിരിക്കുന്നത് വരുംതലമുറയോടും സമൂഹത്തോടും ചെയ്യുന്ന ഒരു നന്മയായിരിക്കും. മദ്യപിക്കുകയോ ലഹരി ഉപയോഗിക്കുകയോ വ്യഭിചരിക്കുകയോ ചെയ്യുന്ന ഒരാളാണെങ്കിലും അത്തരം കാര്യങ്ങളെ മഹത്ത്വവത്കരിച്ചും സാമാന്യവത്കരിച്ചും തന്റെ കലകളിലൂടെ പകർന്നുകൊടുക്കാതിരിക്കുക. അതായത്, മറ്റുള്ളവരുടെ ഉതപ്പിനു കാരണക്കാരാകാതിരിക്കുക. പാപം ചെയ്തു വഴിതെറ്റുന്നതിനെക്കാൾ ദൈവം ഗൗരവമായി കണക്കിലെടുക്കുന്നതു മറ്റുള്ളവരുടെ ഇടർച്ചകൾക്കു കാരണക്കാരാകുന്നതിനെയാണെന്ന കാര്യം മറക്കാതിരിക്കാം.

വാക്കുകൾ സൂക്ഷിച്ചു പ്രയോഗിക്കണം എന്ന് പൊതുവെ പറയാറുണ്ടല്ലോ. അതുകൊണ്ടാണ് ബൈബിളിന്റെ പശ്ചാത്തലത്തിൽ വായ്ക്കു വാതിലും പൂട്ടും നിർമിക്കണമെന്നു പറയുന്നത്. സിനിമയ്ക്കും ഇതു ബാധകമാണ്. മറ്റുള്ളവരെ പ്രകാശിപ്പിച്ചില്ലെങ്കിലും ആരുടെയും വെളിച്ചം അണയ്ക്കുകയില്ലെന്നുള്ള തീരുമാനമെങ്കിലും നമുക്കെടുക്കാം. അതിനായി സിനിമയിൽ നല്ല വാക്കുകളും നല്ല ആശയങ്ങളും പരക്കട്ടെ.

സത്യവും സ്നേഹവും ആത്മാർഥതയും ആത്മീയതയും നിഷ്കളങ്കതയും നിസ്വാർഥതയും ഇനിയും വറ്റിപ്പോകാത്തതുകൊണ്ടാണ് ഈ ലോകത്തിന് ഇത്രയും സൗന്ദര്യം അവശേഷിക്കുന്നത്. ആ സൗന്ദര്യത്തെ വികൃതമാക്കാതിരിക്കുക. ■

# നിർഭയവിമർശനത്തിന്റെ പ്രകാശഗോപുരം

**മലയാളനിരൂപണത്തിന്റെ ജനപ്രിയമുഖമായിരുന്ന എം. കൃഷ്ണൻനായർ ജനിച്ചിട്ട് മാർച്ച് 3 ന് നൂറു വർഷം പൂർത്തിയാകുന്നു.**






ജിൻസ് കാവാലി

നിരൂപണത്തിലെ നമ്പ്യാരായിരുന്നു എം കൃഷ്ണൻനായർ. 'ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല, ഒരുത്തനും പ്രിയമായി പറവാനും ഭാവമില്ല' എന്നതായിരുന്നു നിരൂപണത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

അതിവിപുലമായ തന്റെ വായനാലോകത്തിന്റെ വെളിച്ചത്തിൽ മുപ്പത്തിയേഴു വർഷക്കാലം (1969 മുതൽ 2006 ഫെബ്രുവരിയിൽ മരണത്തിന് ഒരാഴ്ചമുമ്പുവരെ) അദ്ദേഹമെഴുതിയ 'സാഹിത്യവാരഫലം' എന്ന പ്രതിവാരസാഹിത്യപംക്തി വിശ്വസാഹിത്യത്തിന്റെ വാതായനങ്ങൾ മലയാളിക്കു മുമ്പിൽ തുറന്നിട്ടു. പണ്ഡിതപാമരഭേദമില്ലാതെ, ചുമട്ടുതൊഴിലാളികൾമുതൽ കോളജധ്യാപകർവരെ സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കത്തിനായി കാത്തിരുന്നു. അനുചിതമായ ആടയാഭരണങ്ങളാൽ അദ്ദേഹം ഭാഷയെ ദുർഗ്രഹമാക്കിയില്ല. സർവർക്കും ഗ്രഹിക്കാനാവുന്നതും തികച്ചും വായനക്ഷമവുമായിരുന്നു കൃഷ്ണൻനായരുടെ എഴുത്തുരീതി.

സി.വി. കുഞ്ഞിരാമൻ പത്രാധിപരായിരുന്ന 'നവജീവൻ' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെട്ട 'വിമർശനം' എന്ന ലേഖനത്തിലൂടെയാണ് കൃഷ്ണൻനായരുടെ എഴുത്തുജീവിതത്തിനു തുടക്കമാകുന്നത്. കോഴിക്കോട് പി.കെ. ബ്രദേഴ്സ് പ്രസാധനം ചെയ്ത 'ആധുനികമലയാളകവിത' ആയിരുന്നു പ്രസിദ്ധീകൃതമായ ആദ്യപുസ്തകം. തിരുവനന്തപുരത്ത് സംസ്കൃതകോളജിൽ അധ്യാപകനായിരുന്ന കാലത്ത് കെ. ബാലകൃഷ്ണന്റെ 'കൗമുദി'യിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളുടെ സമാഹാരമായിരുന്നു ഇത്. മലയാളനാട് വാരികയുടെ തുടക്കംമുതൽ കൃഷ്ണൻനായർ 'സാഹിത്യവാരഫലം' എഴുതിത്തുടങ്ങി. ഈ പംക്തിയാണ് അദ്ദേഹത്തെ പ്രശസ്തനാക്കുന്നത്. മലയാളനാട് നിലച്ചപ്പോൾ കലാകൗമുദിയിലും തുടർന്ന് സമകാലിക മലയാളത്തിലും സാഹിത്യവാരഫലം പ്രസിദ്ധീകരിക്കപ്പെട്ടു. പ്രസിദ്ധീകരണം മാറിയെങ്കിലും സാഹിത്യവാരഫലത്തിന്റെ പ്രശസ്തിക്കോ ജനപ്രീതിക്കോ യാതൊരു കോട്ടവും ഉണ്ടായില്ല.


ജീവിതത്തിൽ ശാന്തശീലനും സൗമ്യസ്വഭാവിയുമായിരുന്ന കൃഷ്ണൻനായർ എഴുത്തിൽ, വിശേഷിച്ചും സാഹിത്യവാരഫലത്തിന്റെ രചനയിൽ ഒരു സിംഹസ്വരൂപൻതന്നെയായിരുന്നു. തനിക്കു മോശമെന്നു തോന്നിയ കൃതികളെ, അതിപ്രശസ്തരായവരുടേതുൾപ്പെടെ നിർദാക്ഷിണ്യം അദ്ദേഹം കടിച്ചുകീറി. കലാശൂന്യമായ ഒരു രചനയെ സമൂഹദ്രോഹമായാണ് അദ്ദേഹം കണ്ടത്. 'മലയാളഭാഷയെന്ന രമ്യഹർമ്യത്തിനു മുന്നിൽ വച്ച കക്കൂസാണ് ഈ കഥ' എന്നെഴുതുമ്പോൾ എഴുത്തുകാരൻ ആരാണെന്നത് അദ്ദേഹത്തിനു പ്രശ്നമായിരുന്നില്ല. കർത്താവിലേക്കല്ല, കൃതിയിലേക്കു മാത്രമായിരുന്നു കൃഷ്ണൻനായരുടെ നോട്ടം. അതുകൊണ്ടുതന്നെ പ്രശസ്തരും അപ്രശസ്തരുമായ നിരവധി ശത്രുക്കളും അദ്ദേഹത്തിനുണ്ടായി.

ക്ഷുദ്രകൃതികളെ കഠിനമായി വിമർശിക്കുന്നതുപോലെതന്നെ മികച്ചവയെ കൈയയച്ചു പ്രശംസിക്കാനും അദ്ദേഹം മടികാണിച്ചില്ല.

മലയാളകൃതികളെ പ്രശസ്തങ്ങളായ ഇതര ലോകഭാഷാകൃതികളുമായി താരതമ്യംചെയ്തു വിലയിരുത്തുന്നത് കൃഷ്ണൻനായരുടെ രചനാലോകത്തിന്റെ സവിശേഷതയായിരുന്നു. 'ചെമ്മീൻ നല്ല പ്രേമകഥയാണെങ്കിലും ജാപ്പനീസ് എഴുത്തുകാരൻ യുക്കിയോ മിഷിമയുടെ' ദി സൗണ്ട് ഓഫ് ദി വേവ്സ്' എന്ന നോവലിന് ഉത്കൃഷ്ടത കൂടും' എന്നദ്ദേഹം എഴുതി. കേസരി ബാലകൃഷ്ണപിള്ള വിശ്വസാഹിത്യകൃതികളെ മലയാളിക്കു പരിചയപ്പെടുത്തുന്നതു കണ്ടാണ് താനും ആ വഴിക്കു തിരിഞ്ഞതെന്നു കൃഷ്ണൻനായർ എഴുതിയിട്ടുണ്ട്. ഏതായാലും, കൃഷ്ണൻനായർ നടന്ന വഴി സാഹിത്യപ്രണയികളുടെ പ്രിയവഴിയായി മാറി.

വിക്ടർ യൂഗോയുടെ പാവങ്ങൾ, താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനം, ടോൾസ്റ്റോയിയുടെ ഇവാൻ ഇലിയച്ചിന്റെ മരണം എന്നിവ കൃഷ്ണൻനായർ വീണ്ടും വീണ്ടും വായിച്ചിരുന്ന പുസ്തകങ്ങളായിരുന്നു. പാവങ്ങളുടെ അനവധി താളുകൾ അദ്ദേഹത്തിനു മനഃപാഠമായിരുന്നുവത്രേ. ഔറീലിയേസിന്റെ മെഡിറ്റേഷൻസ് ആയിരുന്നു അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടിരുന്ന മറ്റൊരു പുസ്തകം.

പ്രമുഖ പാശ്ചാത്യപ്രസാധകരായ പെൻഗ്വിന്റെയും ഫേബറിന്റെയുമൊക്കെ കാറ്റലോഗുകൾ നോക്കി, പുതിയ പുസ്തകങ്ങൾ ഓർഡർ ചെയ്തു വരുത്തി, വിശദമായി വായിച്ച് കൈരളിയിലെ സാഹിത്യാസ്വാദകർക്ക് കൃഷ്ണൻനായർ പരിചയപ്പെടുത്തി. ജോർജ് പെരെസിന്റെയും ജെറോം വെയ്ഡ്മാന്റെയും മാർസൽ പ്രൂസ്റ്റിന്റെയുമൊക്കെ വിഖ്യാതരചനകൾ മലയാളി പരിചയപ്പെടുന്നത് സാഹിത്യവാരഫലത്തിലൂടെയാണ്.



എഴുത്തച്ഛൻ, ഉണ്ണായിവാരിയർ, കുമാരനാശാൻ, വള്ളത്തോൾ എന്നിവരായിരുന്നു കൃഷ്ണൻനായരെ സംബന്ധിച്ചിടത്തോളം മലയാളത്തിലെ മഹാകവികൾ. ശേഷമുള്ളവരും നല്ല കവികളായിരിക്കാം, എന്നാൽ, മഹാകവികളല്ലെന്ന് അദ്ദേഹമെഴുതി. തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ', കാരൂരിന്റെ 'മരപ്പാവകൾ', ബഷീറിന്റെ 'പൂവൻപഴം' തുടങ്ങിയവയായിരുന്നു കൃഷ്ണൻനായർക്ക് മലയാളത്തിൽ ഏറ്റവും പ്രിയമുണ്ടായിരുന്ന കഥകൾ.

കഥാകാരനെന്ന നിലയിൽ തകഴിയെ ആദരിച്ചിരുന്നെങ്കിലും തകഴിയുടെ നോവലുകളോട് വലിയ മമത അദ്ദേഹത്തിനുണ്ടായിരുന്നില്ല. 'തകഴിയെ വിശ്വസാഹിത്യകാരനാക്കിയേ ചിലരടങ്ങൂ' എന്ന് തകഴിയുടെ സ്തുതിപാഠകരായിരുന്ന നിരൂപകരെ അദ്ദേഹം പരിഹസിച്ചു. 'സമൂഹത്തിന്റെ ഉപരിതലത്തെ ആവിഷ്കരിക്കുന്ന പുരാവൃത്തരചയിതാവ് മാത്രമാണു തകഴി'യെന്നുപോലും പറയാൻ കൃഷ്ണൻനായർ മടികാണിച്ചില്ല. പലപ്പോഴും സാഹിത്യവാരഫലത്തിൽ കൃഷ്ണൻനായർ നടത്തിയ പരാമർശങ്ങൾ വലിയ വിവാദങ്ങളായി മാറിയിട്ടുണ്ട്. കവി ഡി. വിനയചന്ദ്രനുമായി ഉണ്ടായ സാഹിത്യയുദ്ധമാണ് അതിൽ പ്രധാനപ്പെട്ട ഒന്ന്. സാഹിത്യവാരഫലത്തിൽ കൃഷ്ണൻനായർ തനിക്കു നേരെ ഉന്നയിച്ച വിമർശനങ്ങൾക്കു മറുപടിയെന്നോണം 'അഭിനവഗുപ്തനും കാക്കാലന്റെ കുരങ്ങും' എന്ന തലക്കെട്ടിൽ വിനയചന്ദ്രൻ ഇറക്കിയ നോട്ടീസാണു വിവാദമായത്. പൊതുവിടങ്ങളിൽ വ്യാപകമായി വിതരണം ചെയ്യപ്പെട്ട ഈ നോട്ടീസ് തന്നെ വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്നതാണെന്നു കാണിച്ച് കൃഷ്ണൻനായർ മുഖ്യമന്ത്രിക്കു പരാതി നൽകി. തുടർന്ന്, അന്വേഷണവും ആരോപണപ്രത്യാരോപണവുമൊക്കെയായി ഈ വിവാദം ഏറെ നാൾ നീണ്ടുനിന്നു. പി. വൽസലയുടെ ഗൗതമൻ എന്ന നോവൽ ജെ.എം. കുറ്റ്സേയുടെ ലൈഫ് ആന്റ് ടൈംസ് ഓഫ് മൈക്കൽ കെ എന്ന നോവലിന്റെ മോഷണമാണെന്ന കൃഷ്ണൻനായരുടെ കണ്ടെത്തലും വലിയ വിവാദങ്ങൾക്കു വഴിവച്ചു. സുഗതകുമാരിയുടെ അമ്പലമണികൾ സരോജിനി നായിഡുവിന്റെ ദി ബെല്ലിന്റെ പകർപ്പാണെന്ന ആരോപണമായിരുന്നു വിവാദമായ മറ്റൊന്ന്.

സാഹിത്യകൃതികളുടെ അപഗ്രഥനത്തിനും താരതമ്യത്തിനും പുറമേ, സാഹിത്യവാരഫലത്തിൽ നിരീക്ഷണങ്ങളായും ചോദ്യോത്തരങ്ങളായും കൃഷ്ണൻനായർ നടത്തിയ നർമോപഹാസങ്ങൾക്കും ആരാധകർ ഏറെയുണ്ടായിരുന്നു. 'സ്നേഹംകൊണ്ട് ഭർത്താവ് ഭാര്യയെ പൊക്കിയെടുക്കുമ്പോൾ അയാൾക്കു പെട്ടെന്നുണ്ടാകുന്ന ഒരു രോഗം' എന്നായിരുന്നു'ഹെർണിയ'യെക്കുറിച്ചുള്ള കൃഷ്ണൻനായരുടെ നിരീക്ഷണം! സ്വന്തം പേരിനൊപ്പം പ്രഫസർ എന്ന് ഒരിക്കലും ചേർക്കാതിരുന്ന കൃഷ്ണൻനായർ പ്രഫസർ എന്ന വാക്കിനു നൽകുന്ന നിർവചനം ഇങ്ങനെ: "നടത്തത്തിന്റെ സവിശേഷതകൊണ്ടും വേഷത്തിന്റെ ഉജ്ജ്വലത കൊണ്ടും അജ്ഞത മറയ്ക്കാൻ സാമർഥ്യമുള്ളയാൾ. പെൻഷൻ പറ്റിയാലും അക്ഷരശൂന്യരെ അനുധാവനം ചെയ്യുന്ന വാക്ക്." ഇതൊക്കെ വായിക്കുന്ന ഒരാൾ ചിരിക്കാതിരിക്കുന്നതെങ്ങനെ? ഈ ചിരിയും ചിരിക്കുള്ളിലെ ചിന്തയുമായിരുന്നു സാഹിത്യവാരഫലത്തിന്റെ അദ്ഭുതാവഹമായ ജനപ്രീതിക്കു കാരണം. വിശ്വമഹാകൃതികളെ വായനക്കാർക്കു പരിചയപ്പെടുത്തുമ്പോൾ കൃഷ്ണൻനായർ സ്ഥിരമായി പറയുന്ന വാക്യമിതായിരുന്നു; "ഈ പുസ്തകം വായിക്കൂ, നിങ്ങൾ മറ്റൊരാളായിത്തീരും." മലയാളിയുടെ വായനാലോകത്തെത്തന്നെ മറ്റൊന്നാക്കി മാറ്റിയ മഹാപ്രതിഭയുടെ ഓർമകൾക്കു മുന്നിൽ ഹൃദയാദരപൂർവം കൂപ്പുകൈ.

■

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

16

# സഭയും പ്രേഷിതദൗത്യവും





ഫാ. കുര്യാക്കോസ് നരിതൂക്കിൽ

ഏഴു കൂദാശകളെയും കുറിച്ചു പ്രതിപാദിച്ച ശേഷം കർദിനാൾ റോബർട്ട് സറാ ആധുനികലോകത്തിൽ സഭയുടെ ദുഷ്കരമായ ദൗത്യത്തെക്കുറിച്ചാണ് നമ്മോടു സംസാരിക്കുന്നത്.

പാശ്ചാത്യലോകത്ത് ഇന്ന് കൊടികുത്തിവാഴുന്ന ഭൗതികവാദത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന്റെ വിചിന്തനങ്ങൾ ഉരുത്തിരിയുന്നത്. ഭൗതികവാദവും നിർമതത്വവുമൊന്നും ഏതെങ്കിലും അതിർത്തികൾക്കുള്ളിൽ ഒതുങ്ങിനില്ക്കില്ല.

വസ്തുവകകൾ സമ്പാദിക്കാനും പരമാവധി സുഖസൗകര്യങ്ങൾ അനുഭവിക്കാനുമുള്ള ആർത്തിയാണ് മിക്കവരുടെയും ജീവിതത്തെ നിർവചിക്കുന്നത്. ഇതിനൊക്കെ ഉപരിയായ ഒരസ്തിത്വത്തിന് ഉടമയായിരിക്കുന്നതിനു പ്രാധാന്യം നല്കുന്നവർ നന്നേ ചുരുക്കമാണെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.

2003 ൽ 'സഭ യൂറോപ്പിൽ' എന്ന തിരുവെഴുത്തിൽ വി. ജോൺ പോൾ രണ്ടാമൻ പാപ്പാ പ്രസ്താവിച്ചു: "ദൈവം ഇല്ലായെന്നപോലെ ജീവിക്കുന്ന 'സർവതും തികഞ്ഞ' മനുഷ്യന്റെ ഭാഗത്തുനിന്ന് ഒരു നിശ്ശബ്ദമതത്യാഗത്തിന്റെ സംസ്കാരമാണ് യൂറോപ്പിൽ അരങ്ങേറുന്നത്."

ധാർമികതയുടെ അഭാവവും ദാമ്പത്യജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും തകർച്ചയും ഇതിന്റെ പരിണതഫലങ്ങളാണ്.

സഭയ്ക്കുള്ളിലെ ഭിന്നതകളും നമ്മുടെ പരസ്പരവിരോധവും വിദ്വേഷവും കുറ്റാരോപണങ്ങളും ആധുനികലോകത്തിൽ ദൈവത്തെ തിരികെക്കൊണ്ടുവരിക എന്ന ദൗത്യം ഏറ്റെടുക്കാൻ തടസ്സം സൃഷ്ടിക്കുന്നുവെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.

മനുഷ്യാവകാശങ്ങളുടെ പേരുപറഞ്ഞ് ദൈവമില്ലാത്ത ഒരു ലോകക്രമം നടപ്പാക്കാനാണ് പല ആഗോളസംഘടനകളും ശ്രമിക്കുന്നതെന്നും കർദിനാൾ സറാ കരുതുന്നു.

പ്രേഷിതതീക്ഷ്ണത കൈമോശം വന്ന ഒരു സഭയെയാണ് ഇന്നു നാം കാണുന്നത്. പല മതങ്ങളിൽ ഒരു മതം എന്ന സ്ഥാനം കൊണ്ട് തൃപ്തിപ്പെടുകയാണ് അവൾ. 'വഴിയും സത്യവും ജീവനുമായ' മിശിഹായെ പ്രഘോഷിക്കുന്നതിനുപകരം ചില സാമൂഹികപ്രവർത്തനങ്ങൾകൊണ്ട് സഭ തൃപ്തിയടയുന്നു.

ദിവ്യാനുഭൂതി നഷ്ടമായാൽ സഭയ്ക്ക് ലോകത്തിന് ഒന്നും നല്കാനില്ല.

ഈ അപകടങ്ങളെല്ലാം മുന്നിൽക്കണ്ടുകൊണ്ട് 1969 ൽ പ്രഫസർ ജോസഫ് റാറ്റ്സിങ്ങർ ഒരു റേഡിയോ പ്രഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ പൂർണമായി ഗ്രന്ഥകാരൻ ഇവിടെ ഉദ്ധരിക്കുന്നുണ്ട്: "എല്ലാം നഷ്ടമായി എന്നു കരുതുമ്പോൾ സഭ പുനർജനിക്കും. ലോകത്തെ പ്രീതിപ്പെടുത്തുക ആയിരിക്കില്ല അതിനു നേതൃത്വം കൊടുക്കുന്ന ചെറിയ ഗണത്തിന്റെ ലക്ഷ്യം. അവർ ദൈവത്തിനും ദൈവകല്പനകൾക്കും പ്രഥമസ്ഥാനം നൽകും." എല്ലാ ലൗകികാധികാരങ്ങളും നഷ്ടപ്പെട്ട് വിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്ന സഭ, പ്രതിസന്ധികളെ നേരിടാനുള്ള വിശുദ്ധികൈമുതലായുള്ള സഭ, നിത്യജീവനിലുള്ള പ്രത്യാശയോടെ ഈ ലോകത്തിൽ വ്യാപരിക്കും." ഇപ്രകാരം, പ്രത്യാശ പകരുന്ന വാക്കുകളാണ് അന്ന് ജോസഫ് റാറ്റ്സിങ്ങർ പറഞ്ഞത്. ഇന്നും അവ പ്രസക്തമാണ്.

അതിനും ഒരു നൂറ്റാണ്ടുമുമ്പ് വ്ളാഡിമീർ സൊളൊവിയേവ് (1853-1900) എന്ന റഷ്യൻചിന്തകൻ പറഞ്ഞ കാര്യങ്ങളും കർദിനാൾ സറാ ഇവിടെ ഉദ്ധരിക്കുന്നുണ്ട്. സഭയുടെ രക്ഷാകരദൗത്യം പ്രഘോഷിക്കുന്നതിനുപകരം എളുപ്പമുള്ള ഏതാനും പൊതുവായ മൂല്യങ്ങൾക്കായി സഭ നിലകൊള്ളുന്ന കാലം വരുമെന്നാണ് സൊളൊവിയേവ് മുൻകൂട്ടി പറഞ്ഞത്. ലോകസമാധാനം, പരിസ്ഥിതിസംരക്ഷണം മുതലായ മൂല്യങ്ങൾമാത്രമാണ് സഭയുടെ ദൗത്യമെന്ന് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത മിശിഹായിൽ വിശ്വസിക്കുന്നവർക്ക് എങ്ങനെ ചിന്തിക്കാൻ കഴിയുമെന്ന് കർദിനാൾ സറാ ചോദിക്കുന്നു.

ആപേക്ഷികതയുടെ സ്വാധീനവലയത്തിൽ അകപ്പെട്ട് അധഃപതിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു സ്വീകാര്യമാകുന്നതിനുവേണ്ടി സഭാപ്രബോധനങ്ങളിൽ മായം ചേർക്കാനുള്ള പ്രവണതയെ കർദിനാൾ സറാ ശക്തിയായി അപലപിക്കുന്നുണ്ട്.

സഭ ലോകത്തിലെ തിന്മകളോടു സഹിഷ്ണുത കാണിക്കുകയല്ല അവയെ ഉന്മൂലനം ചെയ്യുകയാണു വേണ്ടത്. ഇതിന് ഉദാഹരണമായി ഗ്രന്ഥകാരൻ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ ഗർഭച്ഛിദ്രത്തെപ്പറ്റി പറയുന്ന കാര്യങ്ങളാണു ചൂണ്ടിക്കാണിക്കുന്നത്. കൊല്ലരുത് എന്ന പ്രമാണം അലംഘ്യമാണ്. നിഷ്കളങ്കരായ ഗർഭസ്ഥശിശുക്കളെ കൊല്ലാൻ ആരാച്ചാരന്മാരെ ഏല്പിക്കുന്നതു നീതിയോ എന്നാണ് മാർപാപ്പാ ചോദിക്കുന്നത്. ആധുനികമനുഷ്യന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും സുവിശേഷം അതിന്റെ പരിശുദ്ധിയിൽ പ്രഘോഷിക്കാൻ സഭയ്ക്കു കടമയുണ്ട്.

**പുളിമാവ്**

ലോകത്തിൽ പുളിമാവായി വർത്തിക്കാനുള്ള ചുമതല അല്മായവിശ്വാസികൾക്കുള്ളതാണ്. ക്രൈസ്തവവിശ്വാസികളിലൂടെ ദൈവരാജ്യം ഈ ലോകത്തിൽ അദൃശ്യമായവിധം സന്നിഹിതമാണെന്ന് രണ്ടാം നൂറ്റാണ്ടിൽത്തന്നെ സഭാപിതാക്കന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ഇന്നും വിശ്വാസത്തോട് ശത്രുത വച്ചുപുലർത്തുന്ന ഒരു ലോകത്തിൽ സുവിശേഷത്തോടു വിശ്വസ്തത പുലർത്തുന്നവരായി ക്രൈസ്തവർ ജീവിക്കണം. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു: "ഏതു ജീവിതസ്ഥിതിയിലും അന്തസ്സിലും ഉള്ളവരായാലും ക്രിസ്തീയവിശ്വാസികൾ ക്രിസ്തീയജീവിതത്തിന്റെ പൂർണതയിലേക്കും സ്നേഹത്തിന്റെ തികവിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു. (ജനതകളുടെ പ്രകാശം നമ്പർ 40). വിശുദ്ധി നേടുന്ന കാര്യത്തിൽ പരിധി വയ്ക്കാൻ കഴിയുകയില്ല.

"സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണരായിരിക്കുവിൻ" എന്നതാണ് മാനദണ്ഡം.

'നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവഹിതം' (1 തെസ. 4,3) എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞതും ഇതേ അർഥത്തിലാണ്.

**പ്രേഷിതപ്രവൃത്തിയുടെ സ്രോതസ്സ്**

നവസുവിശേഷവത്കരണമാണ് ഇന്നിന്റെ ആവശ്യമെന്ന് വി. പോൾ ആറാമൻ പാപ്പായും വി. ജോൺ പോൾ രണ്ടാമൻ പാപ്പായും പലതവണ പ്രസ്താവിച്ചിട്ടുണ്ട്. അതിന് സഭ കൂടുതൽ പ്രേഷിതയും ആരാധനക്രമകേന്ദ്രീകൃതമായ പ്രാർഥനയിൽ ഉത്സുകയും ആയിത്തീരണം.

**പരസ്നേഹപ്രവൃത്തികൾ**

ദരിദ്രരെ സഹായിക്കുക എന്നത് ക്രൈസ്തവസമൂഹത്തിന്റെ എക്കാലത്തെയും പ്രഥമപരിഗണനയാണ്. സഭാപിതാവായ ജോൺ ക്രിസോസ്തോം പാവങ്ങളെ മറക്കുന്ന ധനികരെ രൂക്ഷമായി വിമർശിക്കുന്നുണ്ട്. ദരിദ്രരിൽ മിശിഹായെത്തന്നെ ദർശിച്ചുകൊണ്ട് അദ്ദേഹം ചോദിക്കുന്നു: "മിശിഹാ വിശപ്പുകൊണ്ടു മരിക്കുമ്പോൾ ബലിപീഠത്തിൽ സ്വർണപ്പാത്രങ്ങൾ ഉപയോഗിച്ചതുകൊണ്ട് എന്തു മേന്മ? വിശക്കുന്നവർക്കു ഭക്ഷണം കൊടുത്തശേഷം മിച്ചമുള്ളതുകൊണ്ട് അൾത്താര അലങ്കരിക്കുക."

വിശ്വാസത്തിന്റെ നിധി ദരിദ്രരുമായി പങ്കുവയ്ക്കാനും വിശ്വാസി തയ്യാറാകണമെന്നു സഭാപിതാക്കന്മാർ നിഷ്കർഷിച്ചിരുന്നു. 'സ്നേഹത്തിലൂടെ കർമനിരതമായ വിശ്വാസം' (ഗലാ. 5: 6) ആത്യന്തികമായി ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷീകരണമാണെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നു. അതോടൊപ്പം, ഏശയ്യാപ്രവാചകന്റെ വാക്കുകളും ഓർമിപ്പിക്കുന്നു: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?"(ഏശ. 58,6).

**ഉപസംഹാരം**

വിശ്വാസത്തോടെ തന്നെ സമീപിക്കുന്നവരെ ദൈവം സ്പർശിക്കുന്നത് കൂദാശകൾവഴിയാണ്. 'എന്നെ അനുഗമിക്കുക' എന്ന ആഹ്വാനം സ്വീകരിക്കാൻ നമുക്കു സാധിക്കണം. ഈശോമിശിഹാ എന്നെ സ്വന്തമാക്കിയിരിക്കുന്നു (ഫിലിപ്പി. 3: 12) എന്ന അനുഭവമാണ് വിശുദ്ധ കൂദാശകൾ നമ്മൾക്കു നൽകുന്നത്. നിത്യരക്ഷയിലുള്ള പ്രത്യാശയും അതുവഴി ലഭിക്കുന്ന ആനന്ദവും ക്രൈസ്തവന്റെ മുഖമുദ്രയാണ്.

കർത്താവു തന്റെ മാതാവിനെ നമുക്ക് അമ്മയായി നല്കിയിരിക്കുന്നു. നമ്മുടെ ജീവിതയാത്രയിൽ ഈ അമ്മ നമുക്ക് നിരന്തരം പ്രചോദനമാണെന്നും നമ്മളാരും ഒരിക്കലും അനാഥരല്ലെന്നുമുള്ള ആശ്വാസപ്രദമായ ചിന്ത പങ്കുവച്ചുകൊണ്ടാണ് കർദിനാൾ റോബർട്ട് സറാ ഈ ഗ്രന്ഥം ഉപസംഹരിക്കുന്നത്.

*(അവസാനിച്ചു)*

# താപസകന്യക നിത്യതയിൽ

**ഗുജറാത്തിലെ വനാന്തരങ്ങളിൽ താപസജീവിതം നയിച്ച കത്തോലിക്കാസന്ന്യാസിനി പ്രസന്നാദേവി 88-ാം വയസ്സിൽ വിടവാങ്ങി.**



ദൈവസ്നേഹത്തിന്റെ ധീരോദാത്തമായ യോഗാത്മക ജീവിതശൈലിയിലൂടെ പ്രപഞ്ചത്തോടും മനുഷ്യരോടും അനിതരസാധാരണമായ ചങ്ങാത്തം സ്ഥാപിച്ച കത്തോലിക്കാ ഋഷിവര്യയാണ് ഗുജറാത്തിലെ ഗീർവനങ്ങളിൽ തപസ്സനുഷ്ഠിച്ചിരുന്ന സന്ന്യാസിനി സിസ്റ്റർ പ്രസന്നാദേവി.

സിംഹവും പുലികളും മേയുന്ന ഗീർവനത്തിൽ മലയാളിയായ ഈ സന്ന്യാസിനി ഒറ്റയ്ക്കു ജീവിച്ചിരുന്നത് ഏവർക്കും ഒരു അദ്ഭുതംതന്നെയായിരുന്നു.

പ്രത്യേക അനുമതിയിലൂടെയാണ് പ്രസന്നാദേവിയുടെ സന്ന്യാസജീവിതത്തിന് മാർപാപ്പാ അംഗീകാരം നൽകിയത്. ഒട്ടേറെ ഗുണപാഠങ്ങളുടെ ഒരു സർവകലാശാലയായാണ് പ്രസന്നാദേവിയെ പലരും കണ്ടിരുന്നത്.

ആത്മീയനവീകരണത്തിനും ദൈവാനുഭവത്തിനും ദൈവഹിതം തിരിച്ചറിയുന്നതിനുമായി അനേകർ പ്രസന്നാദേവിസിസ്റ്ററുടെ പക്കൽ എത്തുമായിരുന്നു.

തൊടുപുഴ എഴുമുട്ടം കുന്നപ്പള്ളിൽ അന്നക്കുട്ടി ഇരുപത്തിരണ്ടാം വയസ്സിൽ കന്യാസ്ത്രീയായി. ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സേക്രഡ് ഹാർട്ട് എന്ന സന്ന്യാസിനീസമൂഹത്തിലെ ഗുജറാത്തിലെ മഠത്തിലായിരുന്നു സിസ്റ്ററിന്റെ സമർപ്പിതജീവിതത്തിന്റെ തുടക്കം.

പിന്നീട് താപസജീവിതം തിരഞ്ഞെടുത്ത അന്നക്കുട്ടി പ്രസന്നാദേവി എന്ന പേരു സ്വീകരിച്ച് ഗീർവനാന്തരങ്ങളിൽ തപസ്സാരംഭിച്ചു. 1997 ലാണ് വത്തിക്കാൻ പ്രസന്നാദേവിയെ സന്ന്യാസിനിയായി അംഗീകരിച്ചത്.

ഗീർവനത്തിലെ ഗിർനാർ പ്രദേശത്തെ ഗുഹയിൽ താപസജീവിതം നയിച്ച പ്രസന്നാദേവിക്ക് കാട്ടിലെ ഫലമൂലാദികളായിരുന്നു ഭക്ഷണം. ഒറ്റയ്ക്കെങ്ങനെ കാട്ടിൽ കഴിയുന്നു എന്ന ചോദ്യത്തിന് 'ഞാൻ ഒറ്റയ്ക്കല്ലല്ലോ, ദൈവമില്ലേ കൂടെ' എന്നായിരുന്നു മറുപടി.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും.

സുഭാഷിതങ്ങൾ 4:26

**എഡിറ്റോറിയൽ**

# റായ്പൂരിൽനിന്നുയർന്ന ഐക്യകാഹളം

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കുന്നതും സാമൂഹിക നീതി ഉറപ്പാക്കുന്നതുമായ ജനാധിപത്യരാഷ്ട്രം സൃഷ്ടിക്കുമെന്നു ചരിത്രപ്രഖ്യാപനം നടത്തി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 85-ാം പ്ലീനറി സമ്മേളനം സമാപിച്ചു. ഛത്തീസ്ഗഡിലെ റായ്പൂരിൽ പതിനായിരങ്ങൾ പങ്കെടുത്ത കൂറ്റൻറാലിയിലും സമ്മേളനനഗറിലും മുഴങ്ങിക്കേട്ടത്, കോൺഗ്രസിന്റെ പുനരുജ്ജീവനം രാജ്യം ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും ജനാഭിലാഷങ്ങൾ യാഥാർഥ്യമാക്കാനുള്ള കടമയും കരുത്തും പാർട്ടിക്കുണ്ടെന്നുമുള്ള മുദ്രാവാക്യങ്ങളായിരുന്നു. ജനാരവങ്ങൾക്കിടയിൽ പലവട്ടം ഉയർന്നുകേട്ടത് 'കൈകൾ കോർക്കാം; രാജ്യത്തെ ഒന്നിപ്പിക്കാം' എന്ന ഐക്യകാഹളമായിരുന്നു. പ്രതിപക്ഷ ഐക്യനിര രൂപവത്കരിച്ചു കോൺഗ്രസ് നേതൃത്വം ഏറ്റെടുക്കണമെന്ന രാജ്യത്തെ ജനകോടികളുടെ ശബ്ദം ഇന്ത്യയുടെ ഭാവിക്കു ഭദ്രതയും പ്രതീക്ഷയും പകരുന്നതാണ്.

കഴിഞ്ഞ മേയിൽ ജയ്പൂരിൽ നടത്തിയ ചിന്തൻ ശിബിരവും അതിന്റെ തുടർച്ചയെന്നോണം ഇപ്പോൾ റായ്പൂരിൽ സമ്മേളിച്ച ത്രിദിനപ്ലീനറിയും രാഷ്ട്രീയ ഇച്ഛാശക്തിയും പ്രതിബദ്ധതയുമുള്ള ഒരു പുത്തൻകോൺഗ്രസിന്റെ ഉയിർത്തെഴുന്നേല്പിനു കാരണമാകുമെന്നാണ് രാഷ്ട്രീയവൃത്തങ്ങളുടെ വിലയിരുത്തൽ. ഐക്യത്തോടും അച്ചടക്കത്തോടുംകൂടി മുന്നോട്ടു പോകാനായാൽ എല്ലാ പ്രതിസന്ധികളെയും നേരിടാനാവുമെന്നും, കോൺഗ്രസിനു പരിഹരിക്കാനാവാത്ത വെല്ലുവിളികളൊന്നുമില്ലെന്നും സമാപനസമ്മേളനത്തിൽ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞതും രാജ്യം ശ്രദ്ധയോടെ കേട്ടു.

ലക്ഷ്യവും മാർഗവും അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്ന രാഷ്ട്രീയനയവും കാഴ്ചപ്പാടുകളുമാണ് റായ്പൂർ സമ്മേളനത്തിൽ കണ്ടത്. കോൺഗ്രസിന്റെ ഭാവിരാഷ്ട്രീയം മതനിരപേക്ഷ-സോഷ്യലിസ്റ്റുശക്തികളുടെ ഐക്യമായിരിക്കുമെന്ന് രാഷ്ട്രീയപ്രമേയം അടിവരയിട്ടു പറഞ്ഞു. പ്രതിപക്ഷ ഐക്യം കെട്ടിപ്പടുത്ത് അടുത്ത ലോക്സഭാതിരഞ്ഞെടുപ്പിനെയും അതിനു മുമ്പേ വരുന്ന ഒമ്പതു നിയമസഭാതിരഞ്ഞെടുപ്പുകളെയും നേരിടാനുള്ള ഉൾക്കരുത്താർജിക്കുകയാണ് മുഖ്യരാഷ്ട്രീയ അജൻഡയെന്നും നിരീക്ഷിക്കാവുന്നതാണ്.

സാമ്പത്തിക അസമത്വം, സാമൂഹികധ്രുവീകരണം, രാഷ്ട്രീയസ്വേച്ഛാധിപത്യം എന്നീ വെല്ലുവിളികളെ മറികടന്ന് ഭരണഘടനയെ പരിപൂർണമായി പരിരക്ഷിക്കുകയെന്ന പൊതുനയം ഉയർത്തിപ്പിടിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. രാഷ്ട്രം നേരിടുന്ന വെല്ലുവിളികൾക്കെതിരായ സന്ധിയില്ലാസമരത്തിൽ സമാനമനസ്കരായ കക്ഷികളുമായി സഹകരിക്കാനുള്ള സന്നദ്ധതയാണ് പാർട്ടിയുടെ ഭാവിശക്തി. വിലക്കയറ്റം, തൊഴിലില്ലായ്മ, വിദ്വേഷപ്രചാരണം എന്നിവയ്ക്കെതിരേയും ഒന്നിച്ചുപൊരുതുമെന്നും പ്രമേയം പറയുന്നു.

രാജ്യത്തിനെതിരായി ആരു പ്രവർത്തിച്ചാലും കോൺഗ്രസ് ഒറ്റക്കെട്ടായി നേരിടുമെന്നാണ് പ്രഖ്യാപനം. അദാനിവിഷയത്തിൽ കേന്ദ്രസർക്കാരിനെതിരേ മൂന്നു മാസം നീളുന്ന രാജ്യവ്യാപകപ്രക്ഷോഭത്തിലേക്കു കോൺഗ്രസ് കടക്കുകയാണ്. ഈ വിഷയത്തിൽ സത്യം പുറത്തുവരുന്നതുവരെ രാഹുൽഗാന്ധിക്കൊപ്പം നിന്നുള്ള പോരാട്ടത്തിൽനിന്ന് ഒരു കോൺഗ്രസുകാരനും മാറിനില്ക്കാനാവില്ലെന്ന് ഊന്നിപ്പറഞ്ഞതും ശ്രദ്ധേയം. രാഹുൽഗാന്ധി നടത്തിയ പ്രസംഗത്തിൽ അദാനിയെ ഉദാഹരിച്ച്, അടുത്ത കാലത്തായി ശക്തിപ്രാപിച്ച ചങ്ങാത്തമുതലാളിത്തത്തിനെതിരേ സാമ്പത്തികപ്രമേയം അവതരിപ്പിച്ച് ആഞ്ഞടിച്ചതും രാജ്യം സഗൗരവം ശ്രദ്ധിച്ചു.

രാജ്യത്തെ ഇളക്കിമറിച്ച ആവേശോജ്ജ്വലമായ ഭാരത് ജോഡോയാത്രയുടെ തുടർച്ചയായി രാഹുൽഗാന്ധിയുടെ കിഴക്കു-പടിഞ്ഞാറ് യാത്രയാണ് രാജ്യം വീണ്ടും കാത്തിരിക്കുന്നത്. അരുണാചൽപ്രദേശിലെ പാസിഘട്ടിൽനിന്ന് ഗാന്ധിജിയുടെ ജന്മസ്ഥലമായ ഗുജറാത്തിലെ പോർബന്ദറിലേക്കാണിത്.

റായ്പൂർ സമ്മേളനം ആശാവഹമായ ഒട്ടേറെ കർമപദ്ധതികൾക്കും നയങ്ങൾക്കും തുടക്കംകുറിക്കുമെങ്കിലും, പ്രതിപക്ഷ ഐക്യം എത്രത്തോളം സാധ്യമാണെന്നും അതു ജനങ്ങളിൽ തരംഗമുണർത്തുമെന്നത് എപ്രകാരമെന്നും കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. നിയമസഭാതിരഞ്ഞെടുപ്പുകൾ അടുത്തെത്തിയ സാഹചര്യത്തിൽ നേതാക്കളുൾപ്പെടെയുള്ള പ്രവർത്തകരിൽ ഐക്യവും അച്ചടക്കവും കൂട്ടുത്തരവാദിത്വവും കൊണ്ടുവരാൻ ഹൈക്കമാൻഡ് നന്നേ കഷ്ടപ്പെടേണ്ടിവരും. പണാധികാരത്തിന്റെ മറവിൽ അവിശുദ്ധ കൂട്ടുകെട്ടുകളും വിലപേശലുകളും തകൃതിയായി കൊയ്ത്തു നടത്തുന്നത് ഇലക്ഷൻകാലത്തെ പതിവുകോമാളിത്തരങ്ങളായതുകൊണ്ട്, പ്ലീനറിസമ്മേളനപ്രമേയങ്ങളും രാജ്യതാത്പര്യങ്ങളുമൊക്കെ അടിയറവു പറയേണ്ടി വരുമോയെന്നതും തള്ളിക്കളയാനാവില്ല.

കോൺഗ്രസ് തകർന്നടിഞ്ഞുപോയ സംസ്ഥാനങ്ങളിൽ പാർട്ടിയെ പുനരവതരിപ്പിക്കാനുള്ള ആകർഷകമായ കർമപദ്ധതികളും നയങ്ങളുമുണ്ടാകണം. പാർട്ടിയുടെ ഉപ്പും ചോറും തിന്നു വളർന്നുവലുതായവരും പദവിയും പണവും അധികാരവും ആവശ്യത്തിലേറെ സ്വന്തമാക്കിയവരും സ്വാർഥതാത്പര്യങ്ങളുടെ പേരിൽ പാർട്ടി വിട്ടു പുറത്തു പോയിട്ടുണ്ട്. അവർ ആത്മവിമർശനത്തിനു തയ്യാറാകുകയും തിരികെവന്ന് പാർട്ടിയെ ശക്തിപ്പെടുത്താൻ ആത്മാർഥത കാണിക്കുകയും വേണം. പ്രവർത്തകസമിതിയുൾപ്പെടെ സംഘടനയുടെ എല്ലാ തലങ്ങളിലും ചെറുപ്പക്കാർക്കും ദുർബലവിഭാഗങ്ങൾക്കും മറ്റും അമ്പതു ശതമാനംവരെ സംവരണം നടപ്പാക്കാനുള്ള പുതിയ തീരുമാനം സ്വാഗതാർഹമാണെങ്കിലും, അതു സത്യസന്ധമായി നടപ്പാക്കാനുള്ള ഇച്ഛാശക്തി പാർട്ടിക്കും നേതൃത്വത്തിനും ഉണ്ടായാൽ നന്ന്.

■

## അടുക്കളക്കാര്യം അങ്ങാടിപ്പാട്ട്

ഡിജോ കാപ്പന്റെ ലേഖനം 'കേരളത്തെ ഭക്ഷണം കഴിപ്പിച്ചു കൊല്ലുന്നതാര്?' വായിച്ചു. ഹോട്ടലുകളുടെ മാത്രമല്ല, എന്തിന്റെയും പിന്നാമ്പുറം അത്ര കേമമല്ലെന്ന് എല്ലാവർക്കുമറിയാം. ഓരോ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും മുൻകാലചരിത്രമന്വേഷിച്ചുപോയാൽ, വളിച്ചതും പുളിച്ചതും ചീഞ്ഞതും നാറിയതുമൊക്കെ അവിടെ കണ്ടെത്താൻ കഴിയും. സെലിബ്രേറ്റികളുടെ പിന്നാമ്പുറക്കഥകൾ അന്വേഷിച്ചുപോകുക ചില പത്രക്കാർക്ക് ഒരു ഹരംതന്നെയാണ്. തങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ കോപ്പി വർധിപ്പിക്കുകയാണു ലക്ഷ്യം. ഈ പത്രക്കാരന്റെ പിന്നാമ്പുറം തപ്പിച്ചെന്നാലോ, അവിടെയുമുണ്ടാകും കഥകൾ. അതുകൊണ്ടാവണം, അധികം പിറകോട്ടു ചികയാതിരിക്കുകയാണ് എല്ലാവർക്കും നല്ലതെന്നു വിവരമുള്ളവർ പറയുന്നത്.

ഇതൊക്കെയാണെങ്കിലും ഹോട്ടലുകളുടെ അടുക്കള വൃത്തിയായിരിക്കുകയെന്നത് ഒരു ജീവൽ പ്രശ്നമാണ്. അടുക്കളവൃത്തിയെന്നാൽ ഭക്ഷണം മായം കലരാത്തതും രുചികരവുമായിരിക്കുക എന്നർഥം. നാട്ടിൽ ഒരുപാടു കൊള്ളരുതായ്മകൾ വേറെയില്ലാഞ്ഞിട്ടല്ല. ഏതു തെമ്മാടിത്തരത്തെയും പ്രതിരോധിക്കണമെങ്കിൽ ഊർജം വേണമല്ലോ. ഊർജം വേണമെങ്കിൽ ഭക്ഷണം കഴിക്കണം. തീറ്റ വിഷമയമെങ്കിൽ കഴിക്കുന്നവന്റെ കഥ ഊഹിക്കാമല്ലോ. കൊക്കിൽ ജീവനുണ്ടെങ്കിലല്ലേ അഴിമതിക്കും കൈക്കൂലിക്കുമൊക്കെയെതിരേ സമരം ചെയ്യാനൊക്കൂ?

ഉള്ളതു പറഞ്ഞാൽ കള്ളനും പോലീസിനും വൃത്തിയായ ഭക്ഷണമാവശ്യമുണ്ട്. പോക്രിയാണെങ്കിലും ഭക്ഷ്യവിഷബാധയേറ്റാൽ കഥ മാറി. അതുകൊണ്ട് അക്കാര്യത്തിൽ വിട്ടുവീഴ്ച വേണ്ട. നന്മ ചെയ്യുന്നവനും തിന്മ ചെയ്യുന്നവനും നല്ല ഭക്ഷണം കഴിച്ചുറങ്ങട്ടെ. ഇവിടെ കാണാത്ത മറ്റൊരു വശമുണ്ട്. എല്ലാവരും ഹോട്ടലുകളിലെ അടുക്കളക്കാര്യം പറഞ്ഞു മൂക്കു പൊത്തുമ്പോൾ വീട്ടുകാര്യം മിണ്ടുന്നേയില്ല. നമ്മുടെ വീടുകളിലെ അടുക്കള എപ്പടി? ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാർ നമ്മുടെ വീടുകളിലെ അടുക്കളകളിൽ ഒരു മിന്നൽപ്പരിശോധന നടത്തി ഫ്രിഡ്ജും മറ്റും പരിശോധിച്ചാൽ മിക്കതും പൂട്ടി സീൽ ചെയ്യേണ്ടിവരും എന്നതല്ലേ സത്യം?



പ്രതികരണം

**രാജു മാത്യു**
**ഇലഞ്ഞി**

## മതേതരഭാരതം ഇന്നെവിടെ?

രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ യാത്രയെ വിലയിരുത്തിക്കൊണ്ടുള്ള ജോർജ് കള്ളിവയലിന്റെ ലേഖനം (സമാനതകളില്ലാത്ത ഭാരതപര്യടനം - നാളം 47) ഉചിതമായി. യാത്രയുടെ രാഷ്ട്രീയമെന്തായാലും, ക്ലേശപൂർണവും സാഹസികവുമായ ഇത്തരമൊരു ദീർഘയാത്രയ്ക്കൊരുമ്പെടാൻ രാഹുൽ കാണിച്ച തന്റേടത്തെ അഭിനന്ദിക്കാതെ വയ്യ. അദ്ദേഹത്തെ ഒരു 'ബാലതാര'മായി ചിത്രീകരിച്ച് ഇകഴ്ത്തുവാൻ ശ്രമിച്ചവർക്കു മുന്നിൽ ഇനി അദ്ദേഹത്തിനു തലയുയർത്തി നില്ക്കാം. എന്തായാലും, കോൺഗ്രസ് അണികളിൽ ഒരു ഉണർവേകാൻ രാഹുലിനു കഴിഞ്ഞുവെന്നു തീർച്ചയായും പറയണം.

ജനുവരി 30 ന് ജമ്മുകാഷ്മീരിൽ യാത്ര സമാപിക്കുമ്പോൾ അന്തരീക്ഷം തണുത്തുറഞ്ഞ് മഞ്ഞിൽ കുളിച്ചുനിൽക്കുകയായിരുന്നു. അതിലൊന്നും തളരാതെ, ആവേശം ഒട്ടും ചോരാതെ രാഹുൽ വികാരനിർഭരനായി നീണ്ട ഒരു പ്രസംഗം ചെയ്തു. രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച അച്ഛനെയും മുത്തശ്ശിയെയും ഓർമിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞുവച്ച കാര്യങ്ങൾ ഏതൊരു ഭാരതീയന്റെയും ചിന്തയെ ഉണർത്തുന്നതായിരുന്നു. മഹാത്മജിയുടെ രക്തസാക്ഷിത്വത്തോളം വരില്ലെങ്കിലും ഇന്ദിരാജിയുടെയും രാജീവ്ഗാന്ധിയുടെയും ബലിദാനത്തെ രാഷ്ട്രീയചിന്ത കൂടാതെ ഹൃദയത്തോടു ചേർത്തു വച്ചാലോചിക്കുമ്പോൾ കണ്ണു നനയ്ക്കാൻ പര്യാപ്തമാണവയും. രാഷ്ട്രശില്പിയായ നെഹ്റുജിയുടെ മതേതരഭാരതം എന്ന ഉന്നതമായ സങ്കല്പത്തെ ഉയർത്തിപ്പിടിച്ചവരാണവർ. ആ മതേതരഭാരതം ഇന്നെവിടെ?

**ലോറൻസ് എബ്രാഹം**
**കൊച്ചി**

## കൃഷിക്കാരുടെ ജീവനു വില പേശരുത്

കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെയും അവരുടെ കൃഷിയെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്ന വാർത്ത ദിനംപ്രതി കൂടിവരികയാണ്. മൃഗശാലയ്ക്കു വെളിയിൽനിന്നു പുലിയെയും കടുവയെയും മറ്റും കാണുക വിനോദകരമാണെങ്കിലും പാതിരാവിലും പകൽവെളിച്ചത്തിലും അവ നമ്മുടെ വീട്ടുമുറ്റത്തുവന്നു വാ പൊളിച്ചാൽ, മുക്രയിട്ടാൽ പേടിക്കാത്തവരുണ്ടോ?

കുറഞ്ഞൊരുകാലംകൊണ്ട് എത്രയേറെ മനുഷ്യജീവനുകളാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പൊലിഞ്ഞത്! ഗുരുതരമായി പരിക്കേറ്റു കിടപ്പായവരിലായവർ വേറെ. നശിപ്പിക്കപ്പെട്ട കാർഷികവിളകൾക്കു കൈയും കണക്കുമില്ല. ഇതിന് അറുതി വരുത്തിയേ മതിയാവൂ. മൃഗസംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പേരു പറഞ്ഞുള്ള മെല്ലെപ്പോക്കുനയം അധികാരികൾ തിരുത്തണം. വനങ്ങളും വന്യജീവികളും തീർച്ചയായും സംരക്ഷിക്കപ്പെടണം. പക്ഷേ, അതു സാധാരണ മനുഷ്യരുടെ ജീവനു വില പേശിക്കൊണ്ടാവരുത്.

**പോൾ ജോർജ്**
**തുലാപ്പിള്ളി**

# പകരക്കാരി



ലിന്റാമോൾ
ആന്റണി

രണ്ടാൾ പൊക്കമുള്ള മതിലിനിടയിൽ പിടിപ്പിച്ച ഗേറ്റ് കടന്ന് ആഷ് കളർ റോൾസ് റോയ്സ് ഇന്റർലോക്ക് ചെയ്ത മുറ്റത്തുനിന്നു. ഡ്രൈവിങ്സീറ്റിന്റെ ഡോർ തുറന്ന് മെറൂൺ പുറത്തിറങ്ങി. മറുവശത്തെ ഡോർ തുറന്ന് അകത്തേക്കു കൈനീട്ടി.

"വേണ്ട. ഞാനിറങ്ങിക്കോളാം."

നനഞ്ഞ കിളിക്കുഞ്ഞിന്റേതു പോലെയെങ്കിലും പ്രതിഷേധം നിറഞ്ഞ സ്വരം.

"അച്ചമ്മച്ചീ..." മെറൂൺ സ്നേഹത്തോടെ വിളിച്ചു.

"വേറൊരു നിവൃത്തീം ഇല്ലാഞ്ഞിട്ടല്ലേ അപ്പേം അമ്മേംകൂടി ഇങ്ങനൊരു ഡിസിഷൻ എടുത്തെ? ഈ നാടുവിട്ട് ഞങ്ങൾക്കൊപ്പം വരുന്നില്ലെന്ന് അച്ചമ്മച്ചി വാശിപിടിച്ചിട്ടല്ലേ?"

മെറൂണിന്റെ മുഖത്തേക്കൊന്നു നോക്കി ക്ലാരിസറ്റീച്ചർ നെടുവീർപ്പിട്ടു. ഈ നാടും വീടും വിട്ട് കാനഡയ്ക്ക് പോകാനോ? ഒരിക്കലുമില്ല. ഹെഡ്മിസ്ട്രസായി റിട്ടയറായ ക്ലാരിസ ജേക്കബിനെയേ നിനക്കറിയൂ... സക്കറിയാസാറിന്റെ കൈപിടിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും ഞാവൽമരത്തണലിലെ കൊച്ചു വീട്ടിലേക്കും കയറിവന്ന ഒരു ക്ലാരിസയുണ്ട്. പറയാൻ ഒരു നൂറുകൂട്ടം കാര്യങ്ങൾ റ്റീച്ചറിന്റെ ഉള്ളിൽത്തിങ്ങി.

നിനക്കെന്തറിയാം കുട്ടീ... കണ്ണുണ്ടായിട്ടും ഒന്നും കാണാത്തവനെപ്പോലെ നിൽക്കുന്നത് നിന്റെ അപ്പ, ഞാൻ ഏറെ വാത്സല്യം കൊടുത്തു വളർത്തിയ എന്റെ ജോക്കുട്ടനാണ്. ഒരു മഴത്തുള്ളി വന്നുവീണ് തടാകത്തിൽ മറയുന്നതുപോലെ പിറന്നു വീണ മണ്ണിൽത്തന്നെ എനിക്കു ലയിക്കണം. ക്ലാരിസ റ്റീച്ചറിന്റെ ഉള്ളിലെ വേലിയേറ്റങ്ങൾ അവരുടെ മുഖത്തുനിന്ന് മെറൂൺ വായിച്ചെടുത്തു.

"അച്ചമ്മച്ചീ... നമ്മൾ ജസ്റ്റ് ഇതൊന്നു കാണുന്നെന്നല്ലേയുള്ളൂ... ഇവിടെ ജോയിൻ ചെയ്യണമെന്നില്ല. അച്ചമ്മച്ചിയൊന്ന് ഇറങ്ങി നോക്കിക്കേ. കിടു അറ്റ്മോസ്ഫിയർ... ദേ ഫൈവ് സ്റ്റാർ എംബ്ലമുണ്ട് നെയിം ബോർഡിൽത്തന്നെ... എനിക്കിഷ്ടപ്പെട്ടു. ഇനി അച്ചമ്മച്ചിക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ നമുക്കു വേറേ നോക്കാന്നേ."

മെറൂൺ അല്പം ബലം പിടിച്ചിട്ടെന്നവണ്ണം റ്റീച്ചറെ കാറിൽ നിന്നിറക്കി. ഇടയ്ക്ക് ചില ചുവടുകൾ ഇടറുമെന്നതൊഴിച്ചാൽ റ്റീച്ചർ പരസഹായമില്ലാതെ നടക്കും. ഓൾഡേജ് ഹോം അച്ചമ്മച്ചിയെകൊണ്ടേക്കാണിച്ച് ഇഷ്ടപ്പെടുത്തിയെടുക്കുക എന്ന ജോലിയാണ് ജോജിനും ഭാര്യ സ്റ്റെഫിയും ചേർന്ന് ഏകമകൾ മെറൂണിനെ ഏല്പിച്ചിരിക്കുന്നത്.

പതിനഞ്ചു വർഷത്തിലേറെയായി കാനഡയിൽ സെറ്റിൽഡായ അണുകുടുംബത്തിന് അമ്മയെന്ന നാട്ടിലെ ഏക ബാധ്യത അവസാനിപ്പിക്കുക അത്യാവശ്യമായി വന്നിരിക്കുന്നു. ജന്മം നൽകിയ ആറു മക്കളും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്തേക്കു പോയപ്പോൾ ഇനിയൊരു തിരിച്ചുവരവ് അവർക്കുണ്ടാവില്ലെന്ന് സക്കറിയാസാറും ക്ലാരിസറ്റീച്ചറും വിചാരിച്ചിട്ടുണ്ടാവില്ല. വീതം വച്ചുകിട്ടിയ വസ്തുവകകൾ കോടികളാക്കിയതോടെ അവർ നാട്ടിലെ വേരറുത്തു. അവശേഷിക്കുന്ന തറവാടും അമ്മച്ചിയും ഇളയമകനുള്ള ഔദാര്യമായി കണക്കാക്കി ബാക്കിയുള്ളവർ കൈകഴുകി.

മുന്നിൽക്കാണുന്ന അത്യാഡംബരബിൽഡിങ് മെറൂൺ നോക്കിക്കാണുകയായിരുന്നു. ചുറ്റുവട്ടത്ത് വേറേ കെട്ടിടങ്ങളോ വീടുകളോ കാണുന്നില്ല. മനോഹരമായ അന്തരീക്ഷം. മഞ്ഞുപുതച്ചു കിടക്കുന്ന പ്രകൃതിയെ വെയിൽ മുത്താൻ തുടങ്ങുന്നതേയുള്ളൂ. തന്റെ കൈക്കുള്ളിലിരിക്കുന്ന അച്ചമ്മച്ചിയുടെ കൈവിരലുകളിൽ പതിവില്ലാത്ത വിറ പടരുന്നത് മെറൂൺ അറിഞ്ഞു.

സ്വീകരിക്കാൻ ആളുകളെത്തി. ബിസിനസ് മാഗ്നെറ്റുകൾ എന്നു തോന്നിപ്പിക്കുംവിധം നടപ്പും എടുപ്പും വേഷവിധാനങ്ങളും. റ്റീച്ചർക്ക് വെള്ള റോസാപ്പൂകൊണ്ടുള്ള ഒരു ബൊക്കെ കൊടുത്തു. ഇഷ്ടം ചോദിച്ചറിഞ്ഞു ഡ്രിങ്ക്സ് വന്നു...

ഇഷ്ടവിഭവങ്ങൾ ചോദിച്ചറിഞ്ഞു. ഒറ്റ ആഡംബരറൂമും പതിച്ചു കിട്ടി... എ.സി., ടി.വി., ഫോൺ, എല്ലാ സൗകര്യങ്ങളും വിരൽത്തുമ്പിൽ...

ഫോൺ റിങ് ചെയ്തപ്പോൾ മെറൂൺ ഡിസ്പ്ലേ നോക്കി. അമ്മയാണ്.

''അമ്മാ...'' മെറൂൺ കോളെടുത്തു.

''മെറൂൺ... അവിടെ സെറ്റല്ലേ? അമ്മച്ചി ഹാപ്പിയല്ലേ."

"കുഴപ്പമില്ലമ്മാ..."

"ങ്ഹാ. എന്നാൽ തിരികെക്കൂട്ടാൻ നിൽക്കണ്ട. ഞങ്ങൾ അവിടെയെല്ലാം പറഞ്ഞ് സെറ്റ് ചെയ്തിട്ടുണ്ട്. അമ്മച്ചിയുടെ സാധനങ്ങളെല്ലാം പായ്ക്കു ചെയ്ത് വണ്ടിയുടെ ഡിക്കിയിൽ വച്ചിട്ടുണ്ട്. അത് അവരെ ഏല്പിച്ചിട്ട് മോളു പോന്നോളൂ.'

"അമ്മാ ഇന്നുതന്നെയോ?" മെറൂൺ ഞെട്ടിപ്പോയി. "വെറുതെ കാണാനാണെന്നു പറഞ്ഞിട്ട്?"

"പറച്ചിലൊക്കെ അങ്ങനെ കിടക്കും. അവരെ ഇങ്ങോട്ടിനി കൊണ്ടുവന്നാൽ പ്രശ്നമാകുന്നാ അപ്പ പറയുന്നെ. പഴയതുപോലയല്ല. ഒരിടത്തും ഒഴിവില്ല. എത്ര അന്വേഷിച്ചിട്ടാ നമ്മുടെ സ്റ്റാറ്റസിനൊത്ത ഒരെണ്ണം ഒത്തുകിട്ടിയത്. എന്നിട്ടും ടിന്റി ഫൈവ് ലാക്സ് കൊടുക്കേണ്ടിവന്നു."

മെറൂൺ എന്തു ചെയ്യണമെന്നറിയാതെ നിന്നു. കാനഡയ്ക്കു പോയാൽ ഇനിയൊരു തിരിച്ചുവരവില്ല. മാത്രമല്ല, തന്റെ മാര്യേജ് ഫിക്സ് ചെയ്തിരിക്കുന്നു. റോഷന്റെ ഫാമിലിയും അവിടെത്തന്നെയാണ്.

അപ്പയും അമ്മയും പറയുന്നത് അനുസരിക്കാതെയും പറ്റില്ല. മെറൂൺ ലഗേജ് എടുക്കുന്നതിനായി കാറിനടുത്തേക്കു നടന്നു. സെക്യൂരിറ്റി പറഞ്ഞതനുസരിച്ച് മെറൂൺ വണ്ടി ബിൽഡിങ്ങിന്റെ മറ്റൊരു ഭാഗത്തുള്ള ലിഫ്റ്റിനരുകിലേക്ക് അടുപ്പിച്ചിട്ടു. ഇടയ്ക്ക് തുറന്നുകിടന്ന ജനലിലൂടെ മെറൂൺ അകത്തേക്കു നോക്കി. അകത്ത് മൂന്നടി അകലത്തിൽ നിരത്തിയിട്ടിരിക്കുന്ന ഇരുമ്പുകട്ടിലുകൾ... ബെഡ്ഡുള്ളതും ഇല്ലാത്തതും... നിലത്തു കിടക്കുന്നവർ... ഇരുന്നു നിരങ്ങുന്നവർ... നരച്ചു പിഞ്ചിയ വസ്ത്രത്തിന്റെ തുമ്പുകൊണ്ട് മിഴി തുടയ്ക്കുന്നവർ... ഉയിരുകൊടുത്തു വളർത്തിയ മക്കളെ കാത്തിരുന്ന് മരവിച്ചു പോയവർ... മെറൂൺ വിറങ്ങലിച്ചുനിന്നു.

അവളുടെ മനസ്സിൽ ഒരു ഓൾഡേജ് ഹോമിന്റെ ചിത്രമുണ്ട്. ദൈവത്തിന്റെ മാലാഖമാരായ കന്യാസ്ത്രീകൾ ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയും പ്രായമായവരെ പരിചരിക്കുന്ന ചിത്രം.

"നന്ദിനീ ഒരു പുതിയ ഇര എത്തീട്ടുണ്ട്." ഭിത്തിക്കപ്പുറത്ത് ജനാലയ്ക്കരുകിൽ വിറകലർന്ന ഒരു ശബ്ദം.

"വല്യ വണ്ടീമ്മേലൊരു പെങ്കൊച്ചാ കൊണ്ടുവന്നെ. വെല്യ റ്റീച്ചറാന്നു കേട്ടു. നാട്ടിലെ പിള്ളേരെ മുഴുവൻ പഠിപ്പിച്ച അവർക്ക് സ്വന്തം മക്കളെ നല്ലതുപഠിപ്പിക്കാൻ പറ്റീല്ലല്ലോ."

"അതേ." മറ്റൊരാൾ അതു ശരിവച്ചു.

"എത്ര വല്യ റ്റീച്ചറായാലും ഈ ആഡംബരമൊക്കെ എത്ര നാളു കാണും? ഇവിടെക്കൊണ്ടെ തള്ളിയോര് പോകുംവരെ. പിന്നെ റ്റീച്ചറും വേലക്കാരിയും ഒക്കെ ദേ, ഈ ഇരുമ്പുകട്ടിലിൽത്തന്നെ. മൂന്നുവർഷംമുമ്പ് പതിനഞ്ചുലക്ഷം കൊടുത്ത് കൊണ്ടെയാക്കിയതാ എന്നെ. എന്നിട്ടോ? കൊണ്ടാക്കിയ മക്കൾ തിരിച്ചുവരാത്തിടത്തോളംകാലം പുറംലോകം ഒന്നും അറിയാനും പോണില്ല."

ഫൈവ് സ്റ്റാർ സ്റ്റിക്കർ കാണിച്ചുകൊണ്ടുള്ള തറക്കച്ചവടം! കോട്ട് ധരിച്ച ഒരാൾ തന്നെ അന്വേഷിച്ചു വരുന്നതു കണ്ട മെറൂൺ ഒന്നും അറിയാത്ത ഭാവത്തിൽ മുന്നോട്ടു നടന്നു. അല്പം പഴക്കം തോന്നിക്കുന്ന ഒരു ഡയറി അവൾ നെഞ്ചോടു ചേർത്തുപിടിച്ചിരുന്നു.

"കുട്ടിയുടെ ഫാദർ എല്ലാം പറഞ്ഞിരുന്നു. റ്റീച്ചറെ ഇവിടെ ആക്കിയിട്ടു പോവുകയല്ലേ?"

"ഇല്ല സാർ. അമ്മച്ചിക്ക് ഒരാഗ്രഹമുണ്ട്. പഠിപ്പിച്ച സ്കൂളിൽ ഒന്നുകൂടെ പോകണമെന്ന്. അതു കഴിഞ്ഞ് ഞാനിവിടെക്കൊണ്ടെ ആക്കിക്കോളാം."

മെറൂൺ ക്ലാരിസറ്റീച്ചറിന്റെ കൈപിടിച്ച് അവിടെനിന്നിറങ്ങി. റ്റീച്ചർ സീറ്റിലേക്കു ചാരി കണ്ണുകളടച്ചിരുന്നു. തൊട്ടുമുമ്പുകണ്ട ബിൽഡിങ്ങിന്റെ വർണാഭയൊന്നും അവരുടെ മനസ്സിൽ പതിഞ്ഞിരുന്നില്ല. അവിടെ ആഴത്തിൽ പതിഞ്ഞിരുന്നത് മറ്റൊരു കോമ്പൗണ്ടും കെട്ടിടവുമായിരുന്നു. മുത്തിശ്ശിമാവും ഇടയ്ക്കിടെ കൊമ്പൊടിഞ്ഞു വീഴുന്ന വാക മരവും നിറയെ കായ്ക്കുന്ന പേരയും ഒക്കെക്കൊണ്ടു സമൃദ്ധമായ കോമ്പൗണ്ടിലേക്കുള്ള ആദ്യയാത്ര സക്കറിയമാഷിന്റെ സൈക്കിളിലിരുന്നായിരുന്നു.

ദൈവം ഹൃദയത്തിലും അധരത്തിലുംവച്ചു തന്ന അറിവ്. വിശക്കുമ്പോഴൊക്കെ മക്കൾക്കെന്ന പോലെ വിളമ്പിക്കൊടുത്ത കുറേ അക്ഷരങ്ങൾ... ഇന്ന് തന്നിൽ ചൂടും തണുപ്പുമില്ല. എല്ലാ പദങ്ങളുടെയും ആത്മാവ് നഷ്ടപ്പെട്ട ലോകത്ത് താൻ വെറുതെ ജീവിച്ചിരിക്കുന്നു.

മെറൂണിന്റെ ഫോൺ വീണ്ടും റിങ് ചെയ്തു. അവൾ പ്രതീക്ഷിച്ച കോൾ. അപ്പയാണ്.

"ആ അപ്പാ... പറയ്."

"മെറൂൺ നീ എവിടെയാ? എന്തൊക്കെയാണ് നീ കാണിച്ചുകൂട്ടുന്നത്?"

"അപ്പാ, ഞാൻ അങ്ങോട്ടേക്കാണു വരുന്നത്. വന്നിട്ടു സംസാരിക്കാം."

"മെറൂൺ... ഒന്നും സംസാരിക്കാനില്ല. ഞാൻ പറയുന്നതങ്ങ് അനുസരിച്ചാൽ മതി. അമ്മച്ചിയെ തിരിച്ചുകൊണ്ടാക്കീട്ടു വാ. എന്നിട്ടിങ്ങു വന്നാൽ മതി." അച്ചമ്മച്ചി കേൾക്കുന്നുണ്ടെന്നു പോലും ഓർക്കാതെയാണു പറയുന്നത്.

"അപ്പാ, ഞാനിനി കാനഡയ്ക്കില്ല. അച്ചമ്മച്ചിക്കൊപ്പം നാട്ടിൽ നിൽക്കുകയാണ്. ബാക്കി ഞാൻ വന്നിട്ടു സംസാരിക്കാം." മെറൂൺ ഫോൺ വച്ചു.


"അച്ചമ്മച്ചീ... സത്യത്തിൽ അപ്പയെ അച്ചമ്മച്ചി പ്രസവിച്ചതാണോ? അതോ ദത്തെടുത്തതോ?" കുസൃതിച്ചിരിയോടെ മെറൂൺ ചോദിച്ചു. ക്ലാരിസ റ്റീച്ചർ കണ്ണുതുറന്ന് മെറൂണിനെ നോക്കി. അവർക്ക് അവളെ മനസ്സിലായതേയില്ല.

"ഞാനെത്രനാൾ ജീവിച്ചിരിക്കുമെന്നോർത്താ കുട്ടീ നീ ഇത്തരം തീരുമാനങ്ങളൊക്കെ എടുക്കുന്നത്? ഒന്നോ രണ്ടോ വർഷംകൊണ്ട് ഞാൻ മരിച്ചില്ലെങ്കിലോ?" അവർ ചോദിച്ചു.

''എന്റെ അച്ചമ്മച്ചി ഇനി ഇത്രേംനാളുംകൂടി ജീവിച്ചിരുന്നാലും ഞാനുണ്ടാകും കൂടെ. എനിക്കു പറ്റിയൊരു ജോലി ഞാൻ ഇവിടെ കണ്ടുപിടിക്കും. റോഷനോടു ഞാൻ ചോദിക്കും ഈ നാട്ടിലേക്കു പോരുന്നോന്ന്. ഇഷ്ടപ്പെട്ട പെൺകുട്ടിക്കുവേണ്ടി കിരീടംപോലും വേണ്ടെന്നു വച്ച എഡ്വേർഡ് രാജാവ് ജീവിച്ചിരുന്ന ഭൂമിയിൽത്തന്നെയാണ് അവനും പിറന്നത്. അവന് കടൽത്തീരം പോലൊരു മനസ്സ് ദൈവം കൊടുക്കും അമ്മച്ചീ."

പെട്ടെന്ന് തനിക്കുണ്ടായ മാറ്റമാണ് അച്ചമ്മച്ചിക്കു മനസ്സിലാകാത്തതെന്ന് മെറൂണിന് അറിയാമായിരുന്നു. അതിനു കാരണം അല്പംമുമ്പ് അച്ചമ്മച്ചീടെ ബാഗിൽനിന്നു കിട്ടിയ ഡയറിയാണെന്നും അച്ചമ്മച്ചിയുടെയും അപ്പച്ചന്റെയും അപ്പയുടേതുമടക്കം മക്കളുടെയും പച്ചയായ ജീവിതം അതിൽ നിറംചോരാതെ വരച്ചിട്ടിരുന്നുവെന്നും തൽക്കാലം അച്ചമ്മച്ചി അറിയണ്ട. എല്ലാ മക്കളും മൃഗസമാനരല്ല. ഞാനൊരു തുടക്കമാവട്ടെ. ഓരോ പ്രവാസികുടുംബത്തിലും എന്നെപ്പോലുള്ള ഓരോ കുട്ടി മതി കൂണുപോലെ പൊങ്ങുന്ന വൃദ്ധസദനങ്ങൾ തുടച്ചുനീക്കാൻ. അച്ചമ്മച്ചിയുടെ മുഖത്ത് കളഞ്ഞുപോയ പുഞ്ചിരിയും മറന്നുപോയ പാട്ടും തിരികെവന്നത് മെറൂൺ കണ്ടു. അത് അവരിരുവരുടെയും ചലനങ്ങൾക്ക് ഉന്മേഷവും മിഴികൾക്കു നനവും നൽകി. ■






**മാർച്ച് 12**
**നോമ്പുകാലം**
**നാലാം ഞായർ**

**ഉത്പ 11:1–9**
**ജോഷ്വ 7:10–15**
**റോമ 8:12–17**
**മത്താ 21:33–44**



# ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാകുക



ഡോ. ജോസഫ് കരികുളം

കർത്താവിന്റെകൂടെ ആയിരിക്കാനാണ് നോമ്പുകാലത്തിന്റെ വിളി. കർത്താവിന്റെകൂടെ ആയിരിക്കുക എന്നുവച്ചാൽ ദൈവാത്മാവിനാൽ നയിക്കപ്പെടുക എന്നുകൂടിയാണ് അർഥം. പരീക്ഷണത്തിന്റെ മരുഭൂമിയിലേക്കും പീഡാസഹനത്തിന്റെ വഴിയിലും ഈശോ ആത്മാവിന്റെകൂടെയാണു നടന്നത്. ഏകാന്തതയുടെ ഗെത്സമനിലും മരണത്തിന്റെ കാൽവരിയിലും ഈശോയുടെ കൂട്ട് അവിടുത്തെ ആത്മാവുതന്നെ.

മനുഷ്യൻ തന്റെ അഹങ്കാരവും ഔന്നത്യവും കാണിക്കാൻ ശ്രമിച്ച ബാബേൽ ഗോപുരത്തിന്റെ നിർമാണകഥയാണ് ഒന്നാം വായന (ഉത്പ. 11:1-9). ഒന്നുകൂടി ചിന്തിച്ചാൽ ദൈവത്തിൽ ആശ്രയിക്കാതെ, ദൈവാത്മാവിനാൽ നയിക്കപ്പെടാതെ ജീവിക്കാൻ ശ്രമിച്ച മനുഷ്യന്റെ കഥയല്ലേ അത്? സ്രഷ്ടാവായ ദൈവത്തെ ആശ്രയിക്കാതെ തന്നിൽത്തന്നെ ആശ്രയിച്ചു ജീവിക്കാമെന്നാണ് മനുഷ്യൻ കരുതുന്നതെങ്കിൽ ആ ചിന്ത തന്നെ മനുഷ്യനെ നശിപ്പിക്കും. കാരണം, ദൈവമില്ലാതെ, ദൈവചിന്തയില്ലാതെ മനുഷ്യനു ജീവിക്കാനാവില്ല.

ജോഷ്വായുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയും (ജോഷ്വ 7:10–15) പങ്കുവയ്ക്കുന്ന സന്ദേശം മറ്റൊന്നല്ല. ദൈവം നൽകുന്നതും സമൂഹനന്മയ്ക്കുതകുന്നതുമായ നിയമം സ്വീകരിക്കാൻ തയ്യാറല്ലാത്തവർ മറ്റു മനുഷ്യരുടെകൂടി നാശത്തിനു കാരണമാകുന്നു. അനീതി, അധാർമികത, അക്രമം, അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയ നിഷിദ്ധജീവിതശൈലികൾ 'എടുത്തുമാറ്റുന്നതുവരെ നിങ്ങളുടെ ശത്രുക്കളെ നേരിടാൻ നിങ്ങൾക്കു കരുത്തുണ്ടാകുകയില്ല' (7:12) എന്നു വചനം പറയുന്നു. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർ അശുദ്ധിയുടെ ആത്മാവിനാൽ നയിക്കപ്പെടുന്നവരാണ്. അശുദ്ധിയുടെ ആത്മാവിന്റെ പ്രലോഭനങ്ങളിലേക്കു പോകാതെ ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാകുക, ഇത്തരം ജീവിതശൈലികൾ മാറ്റുക എന്നതു മാത്രമാണ് സമൂഹത്തിന്റെയും വ്യക്തിയുടെയും സമാധാനപൂർണമായ നിലനില്പിന്റെ അടിസ്ഥാനഘടകം.

ദൈവത്തെ അംഗീകരിക്കാതെ, സ്വന്തം കഴിവിൽ ആശ്രയിക്കുന്നവർ ദൈവത്താൽ നിരാകരിക്കപ്പെടുന്നതിന്റെ ഓർമപ്പെടുത്തലാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (മത്താ. 21:33-44). മനുഷ്യർ ദൈവത്തിന്റെ കൂടെ നടക്കണമെന്നും ദൈവചിന്തയ്ക്കനുസരിച്ചു തീരുമാനങ്ങളെടുക്കണമെന്നും അവിടുന്നാഗ്രഹിക്കുന്നുണ്ട്. അതിനനുസരിച്ചുള്ള ബുദ്ധിശക്തിയും ഭൗതികസാഹചര്യങ്ങളും ദൈവം മനുഷ്യനായി ഒരുക്കിനൽകുന്നുമുണ്ട് (21:33). എന്നാൽ, സ്വയം ദൈവങ്ങളാകാനുള്ള പരിശ്രമങ്ങൾ മനുഷ്യൻ നടത്തുമ്പോളാണ് ജീവിതത്തിൽ താളപ്പിഴകളുണ്ടാകുന്നത് (21:35).

പൂർണമായും നശിക്കാനായി ദൈവം മനുഷ്യനെ അനുവദിക്കുന്നില്ല എന്നത് ആശ്വാസകരമാണ്. തന്റെ പുത്രനെ നൽകിക്കൊണ്ടുപോലും മനുഷ്യരോടു രമ്യപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു (21:37). അവിടുന്ന് മനുഷ്യനോട് നല്ല ഫലം ചോദിക്കുന്നുണ്ട്. ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിന്റെ ഫലങ്ങളാണ് അവിടന്ന് തിരിച്ചുചോദിക്കുന്നത്. ആത്മാവിന്റെ പ്രവർത്തനത്താൽ, വ്യക്തി എന്ന നിലയിലും, സമൂഹത്തിലെ അംഗമെന്ന നിലയിലും നല്ല ഫലങ്ങൾ പുറപ്പെടുവിച്ച്, ദൈവപിതാവിന്റെ നന്മയുള്ള മക്കളെന്ന നിലയിൽ വ്യാപരിക്കാനാണ് അവിടന്ന് ആവശ്യപ്പെടുന്നത് (21:41).

എന്നാൽ, മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരെപ്പോലെ എല്ലാറ്റിന്റെയും അവകാശം സ്വയം ഏറ്റെടുക്കാൻ ശ്രമിക്കുമ്പോൾ മനുഷ്യൻ നശിക്കാനാരംഭിക്കുന്നു. കാരണം, ദൈവത്തിനു സ്ഥാനമില്ലാത്ത മനുഷ്യഹൃദയം നിരാശയും അപകർഷതയും താൻപോരിമയും നിറഞ്ഞതായിരിക്കും. അതിനൊരിക്കലും നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കാനാവില്ല.

ദൈവവും തന്റെ രക്ഷാപദ്ധതി നിരന്തരം തുടരുന്നുണ്ട് എന്നതാണ് കർഷകരോടുള്ള വീട്ടുടമസ്ഥന്റെ പ്രതികരണത്തിലൂടെ വ്യക്തമാകുന്നത്. മനുഷ്യൻ ദൈവത്തെ നിരാകരിച്ചാലും ദൈവത്തിനു മനുഷ്യനെ തള്ളിക്കളയാനാവില്ല. കാരണം, ദൈവസ്നേഹത്തിന്റെ പ്രകടമായ തെളിവാണ് മനുഷ്യന്റെ അസ്തിത്വം. കൃഷിക്കാരുടെ താൻപോരിമയ്ക്കും സ്വയം ദൈവമാകാൻ ശ്രമിക്കുന്ന എല്ലാവരുടെയും അഹന്തയ്ക്കുമുള്ള മറുമരുന്ന് ദൈവസ്നേഹം തന്നെയാണ്.

ദൈവരാജ്യം ദൈവം ദുഷ്ടരായ കൃഷിക്കാരിൽനിന്നെടുത്ത് ഫലം നൽകുന്ന ജനതയ്ക്കു നൽകും എന്നാണ് ഈശോയുടെ പ്രസ്താവന. ദൈവപുത്രനായ ഈശോയെ അംഗീകരിക്കാത്ത യഹൂദന്മാരിൽനിന്ന് ദൈവരാജ്യം പുതിയ ഇസ്രായേലായ ക്രിസ്ത്യാനികളെ ഏല്പിച്ചു എന്നൊക്കെ നാം വീമ്പടിക്കാറുണ്ട്. പക്ഷേ, ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതിൽനിന്നു വിമുഖത കാണിക്കുന്നപക്ഷം ദൈവരാജ്യം നമ്മിൽനിന്ന് എടുത്തുമാറ്റപ്പെടുമെന്ന തിരിച്ചറിവുംകൂടി നമുക്കുണ്ടാകണം. പള്ളികളുടെയും സ്വത്തുക്കളുടെയും പാരമ്പര്യത്തിന്റെയും ആരാധനയുടെയും പേരിൽ തമ്മിലടിക്കുമ്പോൾ ക്രിസ്ത്യാനികൾക്ക് ഇല്ലാതാകുന്നത് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ എന്ന വിശേഷണമാണ്. 'ഞങ്ങളാണ് ശരി' എന്നു വാദിച്ച് അവകാശം സ്ഥാപിക്കാൻ പ്രവാചകന്മാരെ നാണംകെടുത്തി, പേടിപ്പിച്ച് ഓടിക്കുന്ന പതിവുകളും ദൈവാത്മാവിൽ ചരിക്കുന്നവരുടെ രീതികളല്ല. ദൈവരാജ്യത്തിന്റെ സ്ഥിരമായ അവകാശം അവിടുന്നാർക്കും തീറെഴുതിക്കൊടുത്തിട്ടില്ല, ക്രിസ്ത്യാനികൾക്കും!

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ നടത്തുന്ന അധാർമിക രീതികൾ ജഡികപ്രവണതകളുടെ ഉദാഹരണമാണെന്ന് റോമാക്കാർക്കുള്ള ലേഖനത്തിലൂടെ (റോമാ 8:12–17) പൗലോസ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ലൈംഗികമായ വീഴ്ചകളും വ്യഭിചാരവുംമാത്രം അധാർമികതയുടെ ഗണത്തിൽപ്പെടുത്തി അനീതിയും അഴിമതിയും കൈക്കൂലിയുമൊക്കെ താരതമ്യേന ഗൗരവം കുറഞ്ഞ പാപങ്ങളായി വിശുദ്ധ ബൈബിളോ തിരുസഭയോ പ്രഖ്യാപിച്ചിട്ടില്ല. അധാർമികപ്രവണതകളെല്ലാം ജഡത്തിന്റെ പ്രവൃത്തികൾ തന്നെയാണ്.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ജഡികമോഹത്തിൽ നിന്നുണ്ടായ അധാർമികപ്രവൃത്തികൾ ഒഴിവാക്കണമെങ്കിൽ ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാകണം. ദൈവസ്നേഹം എന്ന ഉന്നതവും ശാശ്വതവുമായ പുണ്യത്തിലൂന്നിയുള്ള പ്രവർത്തനമാണു വേണ്ടത്. നോമ്പുകാലം ഈ തിരിച്ചറിവിലേക്കു വരാനുള്ള സമയമാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാകാം. ദൈവത്തോടു ചേർന്നു നടക്കുന്നവരാകാം. ■

> ലൈംഗികമായ വീഴ്ചകളും വ്യഭിചാരവുംമാത്രം അധാർമികതയുടെ ഗണത്തിൽപ്പെടുത്തി അനീതിയും അഴിമതിയും കൈക്കൂലിയുമൊക്കെ താരതമ്യേന ഗൗരവം കുറഞ്ഞ പാപങ്ങളായി വിശുദ്ധ ബൈബിളോ തിരുസഭയോ പ്രഖ്യാപിച്ചിട്ടില്ല. അധാർമികപ്രവണതകളെല്ലാം ജഡത്തിന്റെ പ്രവൃത്തികൾതന്നെയാണ്.




## അമ്മയുടെ ആരോഗ്യം ശിശുവിന്റെയും

ഗ്രന്ഥകർത്രി : ഡോ. സിസ്റ്റർ ഷാലു കോയിക്കര
പ്രസാധനം : കാർമൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 140




ഗർഭിണികൾക്കും ശിശുപരിപാലനവുമായി ബന്ധപ്പെട്ടവർക്കും ഉത്തമ വഴികാട്ടിയാണ് ഈ ഗ്രന്ഥം. ഗർഭിണിയായിരിക്കുമ്പോഴുള്ള അമ്മയുടെ മാനസികാവസ്ഥയും ശിശുവിന്റെ വ്യക്തിത്വവികാസവും തമ്മിലുള്ള ഗാഢമായ ബന്ധത്തെ ഊടുംപാവുംപോലെ ഇതിൽ നെയ്തുചേർത്തിരിക്കുന്നു.

## ഒറ്റ (നോമ്പുകാലചിന്തകൾ)

ഗ്രന്ഥകർത്താ : ഫാ. ക്രിസ്റ്റഫർ ഹെൻട്രി
പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 140




ആൾക്കൂട്ടത്തിന്റെ ആരവങ്ങൾക്കിടയിൽ ചില നേരങ്ങളിൽ തനിച്ചു നിൽക്കണമെന്നും വാചാലമായി വർത്തമാനം പറയേണ്ട നേരങ്ങളിൽ മൗനം പാലിക്കുന്നവർക്കുമുന്നിൽ ഒറ്റപ്പെട്ടൊരു സ്വരമുയർത്തണമെന്നും, ചില വഴികൾ ഒറ്റയ്ക്കുമാത്രം നടക്കേണ്ടതാണെന്നും ഓർമപ്പെടുത്തുന്ന അക്ഷരങ്ങൾ.

# സ്വർണക്കുരിശ്

ബാലനോവൽ | മൂന്ന് | രാമപുരം മണി


**ല**ക്ഷ്മിമുത്തശ്ശി. പേരു കേൾക്കുമ്പോൾത്തന്നെ ഒരൈശ്വര്യം തോന്നുന്നു, അല്ലേ?

പേരുപോലെതന്നെ ലക്ഷ്മിയാണവർ. ദേഷ്യം വന്നാൽ വമ്പത്തിയാണ്. അങ്ങനെ ദേഷ്യം വരാറില്ല മുത്തശ്ശിക്ക്. വന്നാൽ വന്നതുതന്നെ. കുന്നത്തു ശേഖരൻതമ്പി കയറിച്ചെന്നപ്പോൾ മുത്തശ്ശി വരാന്തയിൽ കാലും നീട്ടി ഇരിക്കുന്നുണ്ടായിരുന്നു.

നല്ല വെയിൽ തെളിഞ്ഞിരിക്കുന്നു. മുറ്റത്തും തൊടിയിലുമൊക്കെ വെയിലും നിഴലും കെട്ടുപിണഞ്ഞു കിടക്കുന്നു.

കുടമടക്കി തിണ്ണയിൽവച്ച് ശേഖരൻതമ്പി വരാന്തയിൽക്കയറി.

“ശ്ശി നന്നായി വിയർത്തൂ



ലോ ശേഖരാ നീയ്. വെയിലു കൊണ്ടോ?” ലക്ഷ്മിമുത്തശ്ശി മകനെ സൂക്ഷിച്ചുനോക്കി പറഞ്ഞു.

“ഇല്ലമ്മേ കുടയുണ്ടായിരുന്നല്ലോ എന്റെ കൈയില്.”

“കുടയുണ്ടായിരുന്നു ശരീന്നെ. പക്ഷേ, അതു നിവർത്തിപ്പിടിച്ചിരുന്നോ നീയ്...”

“ഉവ്വമ്മേ.”

“ന്നട്ടും നീ വിയർത്തു.”

“തീപോലുള്ള വെയിലല്ലേ അമ്മേ. കുട ചൂടിയാലും അല്പം വെയർക്കും.” ശേഖരൻ തമ്പി പറഞ്ഞു.

“ങും... ന്നാ നീ കാലും മുഖോക്കെ കഴുകി കുറച്ചു തണുത്ത സംഭാരം കുടിക്ക്. അകത്തെ ചൂട് അല്പം കുറയും.”

“ഓ...” അയാൾ അകത്തേക്കുപോയി.

“സുഭദ്രേ സംഭാരം എടുത്തോ നീയ്.”

“ഇതാ ചേട്ടാ കുടിക്ക്യേ വേണ്ടു.”

“അല്ലേലും എന്റിഷ്ടങ്ങളും നോക്കിക്കണ്ടു ചെയ്യണവളല്ലേ നീ. വമ്പത്തി...” ശേഖരൻതമ്പി സംഭാരം കുടിച്ച് സ്നേഹത്തോടെ സുഭദ്രയുടെ മൂക്കിന്മേലൊന്നു നുള്ളി.

“ചേട്ടാ...”

“ഹായ് വേദനിച്ചോ നെനക്ക്.”

“ങൂഹും...”

“ഇന്ന് ഊണിന് എന്താ വട്ടങ്ങള്?”

“അവയിൽ, സാമ്പാർ, പുളിശേരി, മെഴുക്കുപുരട്ടി, പപ്പടം കാച്ചിയത്, അച്ചാർ... പോരെ.” കറികളുടെ പേരു പറഞ്ഞ് സുഭദ്ര ചിരിച്ചു. അവളുടെ ദന്തനിരകൾ തിളങ്ങി.

“സുഭദ്രേച്ചീ, ഊണു വിളമ്പാറായോ?” ഗ്രേസി വിളിച്ചു ചോദിച്ചു.

“അല്പനേരം കഴിഞ്ഞു മതി ഗ്രേസീ.”

ശേഖരൻ പുറത്തിറങ്ങി അമ്മയുടെ സമീപം ചെന്നിരുന്നു.

“ശേഖരാ, ന്തായി തോട്ടത്തിലെ പണിയൊക്കെ...?”

“തീരാറായമ്മേ. രണ്ടീസം കൂടി കാണും. പണിക്കാരിത്തിരി കൊറവല്ലേ...”

“സാരംല്യ. ഉള്ള പണിക്കാർക്ക് എന്നും ജോലീണ്ടാവണം.”

“ഞാനും അതു വിചാരിച്ചിട്ടാ അമ്മേ അധികം പേരെ നിർത്താത്തത്. നമ്മടെ ജോസഫിനും കൊച്ചുരാമനും കുഞ്ഞുചെറുക്കനും എന്നും ബടെ എന്തേലും പണീണ്ടാവണം.” ശേഖരൻ പറഞ്ഞു.

“അതേ, മോനേ. അവരടെയൊക്കെ കാർന്നോന്മാര് നമ്മടെ പണിക്കാരായിരുന്നു. ആ ഗ്രേസി പാവം പെണ്ണ്. ജോസഫിന്റെ ഭാര്യയേ...”

“സാധു. ഒരു പാവം... ജോലിക്കാണെങ്കിലോ മിടുക്കത്തി.”

രാവിലെതന്നെ ഗ്രേസി കുന്നത്തുവീട്ടിലെത്തും. തോട്ടത്തിലെ പണിക്കാർക്കു കപ്പപ്പുഴുക്കും മീൻകറിയും ഉണ്ടാക്കും. പിന്നെ രാവിലത്തെ കാപ്പിക്കുള്ള ഇഡ്ഡലിയോ ദോശയോ പുട്ടോ മാറിമാറി ഉണ്ടാക്കും. പിന്നെ അതിന്റെ ചട്ണി. മുട്ടക്കറി. വെജിറ്റബിൾക്കറി അങ്ങനെ പലതരം കറികൾ മാറിമാറി ഓരോ ദിവസവും ഉണ്ടാക്കണം.

ശേഖരൻ തമ്പിക്കു മക്കൾ മൂന്നാണ്. മൂത്തമോൻ ഹരീഷ് വിദേശത്താണ്. ഒരു ഐ.റ്റി. കമ്പനിയുടെ മാനേജരായി വർക്കു ചെയ്യുന്നു. രണ്ടാമത്തേതു മോളാണ്. ശുഭ പ്ലസ്ടൂവിനു പഠിക്കുന്നു. ഇളയതൊരു മോനാണ് രതീഷ്. ജോസഫിന്റെ മകൻ ഷിബിന്റെ പ്രായക്കാരനാണ്. അവരൊന്നിച്ചാണു പഠിക്കുന്നത്.

ശുഭ മിടുക്കിക്കുട്ടിയാണ്. സുഭദ്ര നല്ല അച്ചടക്കത്തോടെയാണ് മോളെ വളർത്തുന്നത്. രതീഷ് അല്പം വികൃതിയൊക്കെയാണെങ്കിലും മര്യാദക്കാരനാണ്. ഷിബിനാണ് അവന്റെ ഏറ്റവും അടുത്ത കൂട്ടുകാരൻ. സ്കൂളിലെ റ്റീച്ചർമാരൊക്കെ ഷിബിനെയും രതീഷിനെയും പറ്റി നല്ല അഭിപ്രായമാണ്. നല്ല കുട്ടികൾ എന്നേ എല്ലാവരും അവരെക്കുറിച്ചു പറയാറുള്ളൂ.

“സുഭദ്രേച്ചീ, ഊണു റെഡി.”

ഡൈനിങ് ടേബിളിൽ ചോറും കറികളും വിളമ്പി ഗ്രേസി പറഞ്ഞു.

ശേഖരൻതമ്പി കൈകഴുകി വന്നിരുന്നു.

“അമ്മ ഇപ്പോ ഉണ്ണുന്നില്ലേ?” സുഭദ്ര ചോദിച്ചു.

“ഇല്ലായിരിക്കും. ബാത്ത്റൂമിലൊക്കെപ്പോയി കുറച്ചു കഴിഞ്ഞേ മുത്തശ്ശി ഉണ്ണൂ...” മറുപടി പറഞ്ഞതു ഗ്രേസിയാണ്.

*(തുടരും)*

# പ്രകാശത്തിന്റെ ദൂതും ദൂതനും



**ഡോ. ജോർജ് കാരാംവേലി**

“**ദൈ**വം പ്രകാശമാണ്. ദൈവത്തിൽ അന്ധകാരമില്ല” (1 യോഹ. 1:5). സൃഷ്ടികർമത്തിന്റെ സമയത്ത് അവിടുന്നു കല്പിച്ചു: “വെളിച്ചമുണ്ടാകട്ടെ. വെളിച്ചമുണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു” (ഉത്പ. 1:3). സമയത്തിന്റെ പൂർത്തിയിൽ ദൈവം എല്ലാ രാഷ്ട്രങ്ങളെയും ഒരു പുതിയ ജറുസലേമായി ഒരുമിച്ചുകൂട്ടും. ആ പട്ടണത്തിനു പ്രകാശം നൽകാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമുണ്ടായിരുന്നില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. അതിന്റെ ദീപം കുഞ്ഞാടാണ് (വെളി. 21:22). ഈ നോമ്പുകാലം പ്രകാശത്തിന്റേതാണ്. അത്യുന്നതനായ ദൈവത്തിന്റെ പ്രകാശം നമ്മുടെ ജീവിതങ്ങളിൽ ജ്വലിച്ചുനിൽക്കട്ടെ. “നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്താ. 5:16).

ഈ നോമ്പുകാലം ഒരു ആത്മീയോത്സവമാണ്. ഇതു വിശ്വാസത്തിന്റെ ആഘോഷമാണ്. ലോകത്തിന്റെ പ്രകാശമായ ഈശോയിലെ ആനന്ദമാണ് (യോഹ. 8:12). ഈ കാലത്ത് നാം അനുഗ്രഹിക്കപ്പെടുന്നതായി വിശ്വസിക്കണം.

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥവെളിച്ചമായി ലോകത്തിലേക്കു വന്ന ഈശോയെ നാം ധ്യാനിക്കുകയും ഹൃദയത്തിൽ സ്വീകരിക്കുകയും വേണം (യോഹ. 1:8). ലൂക്കായുടെ സുവിശേഷത്തിൽ ഈശോ തന്റെ ശുശ്രൂഷ ആരംഭിക്കുമ്പോൾ പറയുന്നു: “കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു” (ലൂക്കാ 4:18).

പിതാവായ ദൈവം നമ്മെ സ്നേഹിക്കുന്നു. നമ്മുടെ ഹൃദയങ്ങളിലേക്കു പരിശുദ്ധാത്മാവിനെ വർഷിച്ചുകൊണ്ട് അവിടുന്നു നമ്മെ യേശുക്രിസ്തുവിൽ തന്റെ സ്വന്തം മക്കളാക്കിയിരിക്കുന്നു (റോമാ. 8:14). അവിടുത്തെ അനുഗമിക്കുന്നവരാരും അന്ധകാരത്തിൽ നടക്കുകയില്ലെന്ന് അവിടുന്ന് ഉറപ്പുതരുന്നു (യോഹ. 8:12). “അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു ഞങ്ങളെ നയിച്ചാലും” (ബൃഹദാരണ്യകോപനിഷത് 1,3:28). അതിശയകരവും രഹസ്യാത്മകവുമായ വഴികളിൽ ദൈവം നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നു.



പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ സ്വീകരിച്ച് സഭ ഇന്നും ഈശോയുടെ ദൗത്യം തുടരുന്നു. ഉത്ഥിതനായ കർത്താവു തന്റെ ശിഷ്യർക്കു ഭരമേല്പിച്ച ദൗത്യം ഇതുതന്നെയാണ്: “നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ. 16:15). ശിഷ്യന്മാർ തങ്ങളുടെ ജീവിതംകൊണ്ടു നിറവേറ്റിയതും അതുതന്നെ. “അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു” (മർക്കോ. 16:20). മാർത്തോമ്മാശ്ലീഹാ ഈ സുവിശേഷം നമ്മുടെ ഭാരതമണ്ണിൽ എത്തിക്കുകയും ചെയ്തു.

വചനത്തെ വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ പ്രഘോഷിക്കുന്നതാണ് സുവിശേഷവത്കരണം. വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ശക്തമായി ഇക്കാര്യം ഉറപ്പിച്ചുപറയുന്നു: “ക്രിസ്തുവിന്റെ കല്പനയനുസരിച്ച് സഭ സുവിശേഷവത്കരണം നടത്തുന്നു. ദൈവം ഈശോയിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ഈ സുവിശേഷം ശ്രവിക്കാൻ എല്ലാവർക്കും അധികാരവും അവകാശവുമുണ്ട്.” (എക്ലേസിയ ഇൻ ഏഷ്യ. 20).

■

# കെ. എസ്. ആർ. ടി. സിയെ ആരു രക്ഷിക്കും?

1–ാം പേജ് തുടർച്ച

അദർഡ്യൂട്ടിയുടെ പേരിൽ ജോലി ചെയ്യാതിരുന്ന യൂണിയൻ നേതാക്കളെ ബസിൽ ഡ്യൂട്ടിക്ക് ഇടുകകൂടി ചെയ്തപ്പോൾ അവരുടെ ദേഷ്യം വൈരാഗ്യമായി മാറി. പണിയെടുക്കാതെ പോക്കറ്റിലെത്തിക്കൊണ്ടിരുന്ന പണത്തിന്റെ വരവുനിലച്ചതാണ് യൂണിയൻ നേതാക്കന്മാരെ ചൊടിപ്പിച്ചത്.

തച്ചങ്കരി നടത്തിയ പരിശോധനയിൽ ചില ഡിപ്പോകളിൽ ആവശ്യത്തിലധികം തൊഴിലാളികൾ ഉണ്ടെന്നു കണ്ടു. കോട്ടയം ഡിപ്പോയിൽ തച്ചങ്കരി നേരിട്ടു പരിശോധനയ്ക്കു ചെന്നപ്പോൾ അവിടെ ആകെ 97 ബസുകളേ യഥാർഥത്തിൽ ഓടുന്നുള്ളൂ. പക്ഷേ, ബുക്കിൽ കാണിച്ചിരിക്കുന്നത് 140 എന്ന്. ജീവനക്കാർ അവരുടെ സൗകര്യത്തിനുവേണ്ടി ഓരോ സ്ഥലത്തും പോസ്റ്റിങ് വാങ്ങിക്കും. ആ പോസ്റ്റിങ് അവിടെ വേണമെങ്കിൽ അത്രയും വണ്ടി അവിടെ ഉണ്ടെന്നു കാണിക്കണം. അതുകൊണ്ട്, അവർ ഇല്ലാത്ത വണ്ടി ഉണ്ടെന്നു കാണിച്ച് ഒരു പേപ്പർ ഷെഡ്യൂൾ ഉണ്ടാക്കും. ഇതുപോലെ, പല ഡിപ്പോയിലും ആവശ്യമുള്ളതിലേറെ തൊഴിലാളികൾ ഉണ്ടെന്നു തച്ചങ്കരി കണ്ടെത്തി. അവരെയെല്ലാം സ്ഥലം മാറ്റി.

മെക്കാനിക്കൽ ജീവനക്കാർ ഡ്യൂട്ടിസമയത്തു കിടന്നുറങ്ങുന്നതും കൃത്യസമയത്ത് ഡ്യൂട്ടിക്കെത്തേണ്ട കൺട്രോളിങ് ഇൻസ്പെക്ടർ വൈകിയെത്തുന്നതും പലയിടത്തും സമയം തെറ്റി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതുമെല്ലാം മിന്നൽപ്പരിശോധനയിൽ കണ്ടെത്തി കുറ്റക്കാർക്കെതിരേ തച്ചങ്കരി നടപടിയെടുത്തു.

കെഎസ്ആർടിസിയുടെ ഓർഡിനറി ബസ് ഒരു കിലോമീറ്റർ ഓടുന്നതിന് 65 രൂപ ചെലവാകുമ്പോൾ ബസ് വാടകയ്ക്കെടുത്ത് ഓടിച്ചാൽ കിലോമീറ്ററിന് 45 രൂപയേ ചെലവു വരൂ എന്നു മനസ്സിലാക്കിയ തച്ചങ്കരി ബസ്സുകൾ വാടകയ്ക്കെടുത്ത് സർവീസ് നടത്താൻ ഒരുക്കങ്ങൾ നടത്തിയപ്പോഴാണ് അത് കോർപ്പറേഷനെ സ്വകാര്യവത്കരിക്കാനുള്ള നീക്കമാണെന്നു പറഞ്ഞു യൂണിയനുകൾ എതിർത്തുതോല്പിച്ചത്.

കെഎസ്ആർടിസിയുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീയെ ഏല്പിച്ച തീരുമാനത്തെ മിന്നൽപ്പണിമുടക്കിലൂടെയാണ് ജീവനക്കാർ തോൽപ്പിച്ചത്. ഒടുവിൽ ആ തീരുമാനം പിൻവലിക്കേണ്ടിവന്നു. ആ സമരത്തിൽ ഒരുകോടി രൂപയുടെ നഷ്ടമാണ് അന്നു കോർപറേഷനുണ്ടായതെന്ന് സിഎംഡി പറഞ്ഞു.

കൊറിയർ സർവീസ് നടത്തിപ്പിന് പുതിയ ലേലത്തിലൂടെ 1.34 കോടിയുടെ അധികവരുമാനത്തിനും തച്ചങ്കരി വഴിയൊരുക്കി. മുമ്പത്തേതിനേക്കാൾ നാലിരട്ടി വർധന. സിംഗിൾ ഡ്യൂട്ടി ഏർപ്പെടുത്തിയും സർവീസ് വെട്ടിക്കുറച്ചും ജീവനക്കാരെ സ്ഥലംമാറ്റിയും പരിഷ്കാരങ്ങൾ കൊണ്ടുവന്നപ്പോൾ കോർപറേഷന്റെ വരുമാനം കൂടി. ജീവനക്കാർക്ക് എല്ലാ മാസവും ഒന്നാം തീയതി ശമ്പളം കിട്ടാൻ തുടങ്ങി.

2019 ജനുവരി 27 ന് മുഖ്യമന്ത്രി പിണറായി വിജയന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് ഇങ്ങനെയായിരുന്നു:

"കാൽനൂറ്റാണ്ടു കാലത്തെ ചരിത്രം പഴങ്കഥയാകുന്നു. കെഎസ്ആർടിസി സ്വന്തം വരുമാനത്തിൽനിന്ന് ജീവനക്കാർക്കു ശമ്പളം നൽകുകയാണ്. സർക്കാർ ധനസഹായവും ബാങ്കുവായ്പയും ഇല്ലാതെ ശമ്പളം നൽകാൻ കഴിയില്ലെന്ന ചരിത്രമാണ് ഭരണത്തിന്റെ ആയിരം ദിവസങ്ങൾക്കുള്ളിൽ തിരുത്തിയത്."

തൊഴിലാളികൾക്കു കൃത്യസമയത്തു ശമ്പളം കിട്ടിത്തുടങ്ങിയപ്പോൾ അവർ സിഎംഡിയെ വിശ്വാസത്തിലെടുത്തു. ജീവനക്കാരുടെ കൂറും വിശ്വാസവും സിഎംഡിയിലേക്കു വഴിമാറുന്നെന്നു കണ്ടപ്പോൾ യൂണിയൻനേതാക്കന്മാർ അപകടം മണത്തു.

തച്ചങ്കരിയെ ഓടിക്കാൻ സിപിഎമ്മിന്റെ സമുന്നതനേതാവായ ആനത്തലവട്ടം ആനന്ദനെത്തന്നെ സിഐടിയു രംഗത്തിറക്കി. തച്ചങ്കരിയുടെ പരിഷ്കാരങ്ങൾക്കെതിരേയുള്ള, യൂണിയനുകളുടെ സമരപ്രഖ്യാപനകൺവൻഷനിൽ ആനത്തലവട്ടം പറഞ്ഞത് ഇങ്ങനെ:

"തൊഴിലാളികൾ സമരം ചെയ്ത് അധികാരികളെ മുട്ടുകുത്തിച്ചിട്ടുണ്ട്. അന്ന് തച്ചങ്കരി ജനിച്ചിട്ടില്ല. തച്ചങ്കരി ഒരു കല്പന പുറപ്പെടുവിച്ചു. ഡ്യൂട്ടിസമയത്തു യൂണിയൻ യോഗം കൂടാൻ പാടില്ല, മുദ്രാവാക്യം വിളിക്കാൻ പാടില്ല എന്നൊക്കെ. എന്നാൽ, ഇതാ അതെല്ലാം ചെയ്യുന്നു. നിങ്ങളുടെ ഉത്തരവിതാ കാറ്റിൽ പറത്തിയിരിക്കുന്നു. നിങ്ങൾ കല്പന പുറപ്പെടുവിച്ചാൽ ഒരു കൊടിച്ചിപ്പട്ടി അനുസരിക്കുമോ? ആത്മാഭിമാനം ഉണ്ടെങ്കിൽ ആ കസേരയിൽനിന്നിറങ്ങിപ്പോ "

ഒടുവിൽ യൂണിയനുകളുടെ സമ്മർദത്തിനു വഴങ്ങി പിണറായി ഡബിൾ ബെല്ലടിച്ചു തച്ചങ്കരിയെ ഇറക്കിവിട്ടു. അധികം വൈകാതെ വീണ്ടും ആനവണ്ടി കട്ടപ്പുറത്ത്.

കോർപ്പറേഷൻ ആസ്ഥാനത്ത് തച്ചങ്കരിക്കൊരുക്കിയ യാത്രയയപ്പുസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞ വാചകങ്ങൾ അന്വർഥമാണ്: "ഒരു ഉദ്യോഗസ്ഥനും തന്നെ അയച്ച സ്ഥാപനത്തെ സ്വന്തമെന്നു കരുതി സ്നേഹിക്കാൻ പാടില്ല. അങ്ങനെ സ്നേഹിക്കുമ്പോഴാണ് ആശയും നിരാശയും സ്വപ്നങ്ങളും മോഹഭംഗങ്ങളും ബാക്കിയാവുന്നത്. "

കെഎസ്ആർടിസിയുടെ പുനഃസംഘടന സംബന്ധിച്ചു പഠനം നടത്തി റിപ്പോർട്ടു നൽകിയ സുശീൽഖന്ന ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്നു ശിപാർശ ചെയ്തിരുന്നു. ഒരു ബസിന് 7.2 ജീവനക്കാർ എന്ന നില ദേശീയശരാശരിയായ 5.2 എന്ന നിലയിലേക്കു കുറയ്ക്കണമെന്നാണു നിർദേശിച്ചത്. കെഎസ്ആർടിസിയെ മൂന്നു മേഖലയായി വിഭജിക്കണമെന്നും സർവേയിലൂടെ പഠനം നടത്തി സർവീസുകൾ പുനഃക്രമീകരിക്കണമെന്നും റിപ്പോർട്ടിലുണ്ട്. പ്രഫഷനൽ യോഗ്യതയുള്ളവരെ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി നിയമിക്കണം, വർക്ക്ഷോപ്പുകൾ നവീകരിക്കണം, ബസുകളുടെ അറ്റകുറ്റപ്പണിക്കു പരമാവധി ഒരു ദിവസമേ എടുക്കാവൂ എന്നും സുശീൽഖന്ന നിർദേശിച്ചിരുന്നു. ഇതൊന്നും പക്ഷേ, നടപ്പായില്ല.

പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം എന്നിവപോലെതന്നെ പൊതുപണം ചെലവഴിച്ചു ലാഭം നോക്കാതെ ജനങ്ങൾക്കു ലഭ്യമാകേണ്ട സേവനമാണ് പൊതുഗതാഗതവും എന്നാണ് ഒരു വിഭാഗം ജീവനക്കാരുടെ അഭിപ്രായം. കെഎസ്ആർടിസിയെ ഒരു സർക്കാർ ഡിപ്പാർട്ടുമെന്റാക്കി മാറ്റി, പൊതുഗതാഗതത്തെ പൊതുജനസർവീസായി കാണണമെന്നാണ് അവരുടെ പക്ഷം. ജനങ്ങൾക്കു കുറഞ്ഞ ചെലവിൽ യാത്രാസൗകര്യം കിട്ടാനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും പെൻഷൻ മുടങ്ങാതെ ലഭിക്കാനും ഇതേ മാർഗമുള്ളൂ എന്നവർ പറയുന്നു. 2000 ൽ വാട്ടർ ട്രാൻസ്പോർട്ട് സർക്കാർ ഡിപ്പാർട്ടുമെന്റാക്കിയതിനെത്തുടർന്ന് ജീവനക്കാർക്കു ശമ്പളവും പെൻഷനും മുടങ്ങാതെ കിട്ടുന്നത് ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടുന്നു.

പർച്ചേസിങ്ങിലും മറ്റും നടത്തുന്ന വെട്ടിപ്പുകൾ കെഎസ്ആർടിസിയെ തകർത്തുകൊണ്ടിരിക്കുകയാണെന്നും വരുമാനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന അന്തർസംസ്ഥാന സർവീസുകൾപോലും സ്വകാര്യബസ്‌ലോബികൾക്ക് അടിയറവു വച്ചിരിക്കയാണെന്നും യൂണിയൻ നേതാക്കൾ കുറ്റപ്പെടുത്തുന്നു. പുതിയ ബസുകൾ വാങ്ങുക, ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുക, ദേശസാത്കൃതറൂട്ടുകൾ സംരക്ഷിക്കുക, അന്തർസംസ്ഥാന സർവീസുകളിൽ ആധുനികബസുകൾ ഓടിക്കുക, വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചാൽ വരുമാനം വർധിപ്പിക്കാമെന്നാണ് അവരുടെ കണ്ടെത്തൽ.

പ്രതിമാസം 30 കോടിയിൽ കൂടുതൽ ധനസഹായം നൽകാൻ കഴിയില്ലെന്നാണ് ഇപ്പോൾ സർക്കാർ നിലപാട്. ശമ്പളം നൽകാനാകില്ലെങ്കിൽ കെഎസ്ആർടിസി പൂട്ടൂ എന്നാണ് ഹൈക്കോടതി പറഞ്ഞത്. ഖജനാവിൽനിന്നു മാസംതോറും പണം നൽകുന്നതല്ലാതെ കെഎസ്ആർടിസികൊണ്ട് പൊതുസമൂഹ



ത്തിന് എന്തു പ്രയോജനമെന്ന ചോദ്യമാണ് കോടതിയുയർത്തിയത്. പൊതുജനത്തിനു ബാധ്യതയുണ്ടാക്കി എന്തിന് ഇങ്ങനെയൊരു സ്ഥാപനം മുമ്പോട്ടു കൊണ്ടുപോകുന്നു എന്നു പൊതുസമൂഹവും ചോദിക്കുന്നു. കടത്തിന്റെ പലിശയിനത്തിൽമാത്രം പ്രതിമാസം 22 കോടി രൂപയാണ് കെഎസ്ആർടിസിക്ക് ഇപ്പോൾ അടയ്ക്കേണ്ടിവരുന്നത് എന്നോർക്കുക.

അതേസമയം, മുഴുവൻ ശമ്പളവും ഒന്നാംതീയതി കൊടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ ടാർഗെറ്റ് നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഫോർമുല മുമ്പോട്ടുവച്ചിരിക്കയാണ് മാനേജിങ് ഡയറക്ടർ ബിജു പ്രഭാകർ. 100% ടാർഗറ്റ് നേടുന്ന ഡിപ്പോകളിലെ മുഴുവൻ ജീവനക്കാർക്കും അഞ്ചാം തീയതിക്കുതന്നെ മുഴുവൻ ശമ്പളം. 90 ശതമാനമെങ്കിൽ ശമ്പളത്തിന്റെ 90 ശതമാനം. 100 ശതമാനത്തിനു മുകളിൽ ടാർഗറ്റ് തികയ്ക്കുന്ന ഡിപ്പോകളിൽ കുടിശ്ശിക അടക്കം മുഴുവൻ ശമ്പളം. ഇതുപക്ഷേ, യൂണിയനുകൾ തള്ളിയിരിക്കയാണ്.

'എന്നെ തല്ലണ്ടമ്മാവാ, ഞാൻ നന്നാവില്ല' എന്നു ശഠിക്കുന്ന കുട്ടിയെ പിന്നെയും പിന്നെയും തല്ലിയിട്ട് എന്തു പ്രയോജനം? അടിക്കുന്ന വഴിയേ പോകുന്നില്ലെങ്കിൽ പോകുന്ന വഴിയേ പോട്ടെന്നു വയ്ക്കണം. ശസ്ത്രക്രിയയ്ക്കു സമ്മതിക്കാത്തിടത്തോളംകാലം ഇനി നയാപ്പൈസ ധനസഹായമായി കൊടുക്കില്ലെന്നു സർക്കാർ ഉറച്ച നിലപാടെടുക്കണം. യൂണിയൻ നേതാക്കളെ വരച്ച വരയിൽ നിറുത്താനുള്ള ആർജവം സർക്കാർ കാണിച്ചേ പറ്റൂ. ഗുളികകൊണ്ട് രോഗം മാറിയില്ലെങ്കിൽ ഷോക്ക് ട്രീറ്റ്മെന്റ് കൊടുക്കുകതന്നെ വേണം. ■

---

**കാർഷികം**
**ജോഷി മുഞ്ഞനാട്ട്**

# സോയാബീൻ

**ഏ**റ്റവും കൂടുതൽ പ്രോട്ടീൻ അടങ്ങിയ ഒരു സസ്യവർഗമാണ് സോയാബീൻ. മുട്ടയിലും മത്സ്യത്തിലും അടങ്ങിയതിനെക്കാൾ മൂന്നിരട്ടി പ്രോട്ടീൻ(മാംസ്യം) ഇതിലുണ്ട്.

വിറ്റാമിനുകൾ, ഇരുമ്പ്, കാൽസ്യം, ഫോസ്ഫറസ് തുടങ്ങിയവയാൽ സമ്പുഷ്ടമായ



സോയാബീന്റെ വിത്തിൽ 30 മുതൽ 50 ശതമാനം എണ്ണ അടങ്ങിയിരിക്കുന്നു. ചൈനയിലും ജപ്പാനിലുമാണ് ഈ വിളയെക്കുറിച്ച് ആദ്യം രേഖപ്പെടുത്തിയത്.

ചൈനയിലെ അഞ്ചു പരിശുദ്ധ ധാന്യങ്ങളിൽ ഒന്നാണിത്. കൺഫ്യൂഷ്യസ് ഇതിനെ ഷൂ എന്നാണ് രേഖപ്പെടുത്തിയത്. ഇവിടങ്ങളിൽ ദൈനംദിന ആഹാരത്തിൽ സോയാപയർ നിർബന്ധമാണ്. 20–ാം നൂറ്റാണ്ടുവരെ അവിടെമാത്രം കേന്ദ്രീകരിച്ച ഈ വിള ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് ഏഷ്യയിലാകെയും ലോകത്തിന്റെ പലഭാഗത്തും വ്യാപകമായി.

വിശാലമായ സോയാബീൻ കൃഷിത്തോട്ടങ്ങൾ ഇന്ന് മിക്ക ഏഷ്യൻ രാജ്യങ്ങളിലുമുണ്ട്. സോയാബീൻസ്, സോയാപരിപ്പ്, സോയ എണ്ണ, സോയാമിൽക്ക് തുടങ്ങി വിവിധ രൂപത്തിൽ ഇവ ഉപയോഗിച്ചു വരുന്നു. എണ്ണ ഉത്പാദിപ്പിച്ചശേഷമുള്ള ചണ്ടിയാണ് നമ്മൾ മാർക്കറ്റിൽനിന്നു വാങ്ങുന്നത്.

മസാലയും മറ്റും ചേർത്ത് ഇറച്ചിക്കറിപോലെ ഇവ തയ്യാറാക്കുന്നു. ഇവ പലതരത്തിൽ പാചകകലയിൽ ഉപയോഗിക്കുന്നു.

കൊച്ചുകുട്ടികൾമുതൽ മുതിർന്നവരെ ഇഷ്ടപ്പെടുന്ന, 'എല്ലില്ലാ ഇറച്ചി' എന്ന് വിളിക്കപ്പെടുന്ന ഇവയുടെ ഉപോത്പന്നമായി ലഭിക്കുന്ന വസ്തുക്കൾ വ്യാവസായികമായി ചോക്ക്, പെയിന്റ്, അച്ചടിമഷി, പശ, പ്ലാസ്റ്റിക്, വാർണിഷ്, ഗ്ലിസറിൻ, കീടനാശിനികൾ എന്നിവയ്ക്കെല്ലാംതന്നെ അസംസ്കൃതവസ്തുവാണ്. ഔഷധപ്രാധാന്യമുള്ള വിവിധ ആന്റിബയോട്ടിക്കുകളിലും സോയാബീൻ പ്രധാനമാണ്. ■



നോവൽ 20

# മഴനിലാവ്

ഇഗ്നേഷ്യസ് കലയന്താനി

കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. സ്കൂൾമാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. ഇതറിഞ്ഞു ഹൃദയാഘാതം വന്ന് അച്ഛൻ നാരായണൻനമ്പൂതിരി മരിച്ചു. ഇന്ദുവിനോടുള്ള പക അടങ്ങാതെ ആനന്ദൻ അവളെ സഹായിക്കാനെന്ന വ്യാജേന തന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി കൊടുത്തു. ഇൻസ്റ്റിറ്റ്യൂട്ടിലെ ഇൻസ്ട്രക്റ്റർ രാജേഷുമായി ഗൂഢാലോചന നടത്തി ഇന്ദുവിനെ തെറ്റിധരിപ്പിച്ച് ഹോട്ടൽമുറിയിലെത്തിച്ചു. പോലീസ് പിടികൂടി താക്കീതു ചെയ്തു വിട്ടയച്ചു. സായാഹ്നപ്പത്രത്തിൽ ഈ വാർത്ത വന്നു. ഹോസ്റ്റലിൽനിന്ന് ഇന്ദുവിനെ പുറത്താക്കി. നിരാലംബയായ ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. അമേരിക്കയിൽ സന്ദർശനത്തിനു പോയിരുന്ന അഭിഷേക് തിരിച്ചെത്തി. ഇന്ദുവിനെ പിരിച്ചുവിട്ടതും തുടർന്നുണ്ടായ സംഭവവികാസങ്ങളും അറിഞ്ഞ് അഭിഷേക് വിഷണ്ണനായി. (തുടർന്നു വായിക്കുക)

**രാ**ത്രി അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അഭിഷേക് ആനന്ദനോടു ചോദിച്ചു:

"രാജേഷിനെ ജോലിയിൽ നിന്നു പിരിച്ചുവിട്ടതാണോ അച്ഛാ?"

"പിരിച്ചുവിട്ടിട്ടൊന്നുമില്ല. കുറച്ചുകാലം പുറത്തുനിൽക്കട്ടേന്നു വച്ചു. അവനും അവളുംകൂടിയാണല്ലോ നമ്മുടെ സ്ഥാപനത്തിനു പേരുദോഷം ഉണ്ടാക്കിയത്."

അഭിഷേക് ഒന്നും മിണ്ടിയില്ല.

"അല്ല, ഒരു കണക്കിന് അവനെ പഴിച്ചിട്ടു കാര്യമില്ല. അവളു കണ്ണും കൈയും കാണിച്ച് അവളെ കൊണ്ടുപോയതാ. പോലീസു പിടിച്ചുകഴിഞ്ഞപ്പം അവളു പുണ്യാളത്തിയായി, ഇവൻ കുറ്റക്കാരനുമായി. തെറ്റ് ഏറ്റുപറഞ്ഞ് അവൻ എന്റടുത്തു വന്നിരുന്നു. ഞാൻ ക്ഷമിക്കാൻ പോയില്ല. രണ്ടുമാസം പുറത്തു നിൽക്കട്ടേന്നു വച്ചു."

"എന്തായാലും ഇനി അയാളു നമുക്കു വേണ്ടച്ഛാ."

''നല്ല ആത്മാർഥതയുള്ള ജോലിക്കാരനാ അവൻ. ആ പെണ്ണിന്റെ അഴിഞ്ഞാട്ടത്തിൽ അവനൊരു തെറ്റുപറ്റിപ്പോയതാ."

അച്ഛൻ രാജേഷിനെ ന്യായീകരിക്കുന്നതു കേട്ടപ്പോൾ അഭിഷേകിനു സംശയം വർധിച്ചു. രണ്ടുപേരുംകൂടി പ്ലാൻ ചെയ്ത് ഇന്ദുവിനെ കെണിയിൽ വീഴ്ത്തിയതല്ലേ? രാജേഷിനെ കണ്ടുപിടിക്കണം. ചോദ്യം ചെയ്യണം. അച്ഛൻ പറഞ്ഞതിൽ വാസ്തവമുണ്ടോ എന്നു പരിശോധിക്കണം.

പിറ്റേന്ന് അഭിഷേക് രാജേഷിന്റെ വീടന്വേഷിച്ചു പോയി. പള്ളിക്കരയിൽനിന്ന് ഇരുപതു കിലോമീറ്റർ അകലെ ഒരു കുഗ്രാമത്തിലാണ് വീട്. വീട്ടിൽ പ്രായമായ അച്ഛനും അമ്മയും ഒരു സഹോദരിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. രാജേഷ് എവിടെ എന്നു തിരക്കിയപ്പോൾ അമ്മ പറഞ്ഞു:

"മൂന്നാഴ്ചമുമ്പ് അവനിവിടെ വന്ന് അമ്പതിനായിരം രൂപ തന്നിട്ട് കൂട്ടുകാരുടെ കൂടെ എങ്ങോ ടൂറു പോകാന്നും പറഞ്ഞുപോയി. പിന്നെ വന്നിട്ടില്ല."

"ഫോൺ വിളിക്കാറുണ്ടോ?"

"ഇല്ല. അങ്ങോട്ടു വിളിക്കുമ്പം അവന്റെ ഫോൺ സ്വിച്ചോഫാ."

''അൻപതിനായിരം രൂപ അവന് എവിടുന്നു കിട്ടി?"

"ആനന്ദൻസാറു കൊടുത്തതാന്നാ പറഞ്ഞെ."

''അവൻ സന്തോഷത്തിലാണോ പോയെ?"

"അതേ. എന്തേ ചോദിച്ചേ?"

"ഒന്നുമില്ല. രാജേഷ് വന്നാലുടനെ എന്നെയൊന്നു വിളിക്കാൻ പറയണം. എന്റെ ഫോൺ നമ്പരിതാ." അഭിഷേക് വിസിറ്റിങ് കാർഡ് കൊടുത്തു.

മടങ്ങിപ്പോരുമ്പോൾ അഭിഷേക് ആലോചിക്കുകയായിരുന്നു. അൻപതിനായിരം രൂപ ഒരുമിച്ച് അച്ഛൻ അയാൾക്കു കൊടുത്തതെന്തിനാണ്? പ്രത്യേകിച്ച്, കുറ്റക്കാരനെന്നുകണ്ട് പുറത്താക്കുന്ന ഒരാളുടെ കൈയിലേക്ക്? സംശയങ്ങൾ നീളുന്നു.



ഒരു ഞായറാഴ്ച ഉച്ചയ്ക്ക് വീട്ടിലിരിക്കുമ്പോൾ അഭിഷേകിന്റെ മൊബൈൽ ശബ്ദിച്ചു. പരിചയമില്ലാത്ത നമ്പരാണ്. ഫോൺ കാതോടുചേർത്തപ്പോൾ അങ്ങേത്തലയ്ക്കൽ രാജേഷ്.

"ഞാൻ രാജേഷാണ്. സാറെന്നെ അന്വേഷിച്ചു എന്നു കേട്ടു."

''രാജേഷിന്റെ മൊബൈൽ നമ്പർ മാറിയോ?"

"മാറി സാർ. ഇതാണ് പുതിയ നമ്പർ."

"അതെന്താ മാറീത്?"

"ആ കേസുമായി ബന്ധപ്പെട്ട പലരും എന്നെ വിളിച്ചു ചീത്ത വിളിക്കുന്നു. സഹികെട്ട് ഞാനാ നമ്പർ മാറി." അതു വിശ്വസനീയമായി തോന്നിയില്ല അഭിഷേകിന്.'

"എനിക്കു രാജേഷിനെ ഒന്നു കാണണം."

"ഞാനങ്ങോട്ടു വരാം സാർ."

''വേണ്ട. നമുക്കു ഹോട്ടൽ ബ്ലൂലഗൂണിൽവച്ചു കാണാം. ഞാനങ്ങോട്ടു വരാം."

"എന്താ സാർ പ്രശ്നം?"

"ഇന്ദു എന്നു പറയുന്ന ഒരു യുവതി ഉണ്ടായിരുന്നല്ലോ നമ്മുടെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ. അവളെപ്പറ്റി അറിയാനാ. അച്ഛൻ പറഞ്ഞു കുറെയൊക്കെ അറിഞ്ഞു. നമ്മുടെ സ്ഥാപനത്തിന്റെ സൽപ്പേര് കളഞ്ഞ അവളോട് എനിക്കിപ്പം തീർത്താൽ തീരാത്ത പകയാ. രാജേഷ് അവളുടെ ചതിയിൽ വീണുപോയതാന്ന് അച്ഛൻ പറഞ്ഞു. അവളിപ്പം എവിടാന്നറിയില്ല. എനിക്ക് അവളെ കണ്ടുപിടിച്ച് രണ്ടു വർത്തമാനം പറയണം."

"ഞാൻ വരാം സാർ."

"പിന്നെ... ഇതൊന്നും അച്ഛനറിയണ്ടാട്ടോ. പ്രതികാരം ചെയ്യാൻ പോകുന്നതൊന്നും അച്ഛനിഷ്ടമില്ല." അഭിഷേക് ഒരു അടവ് പ്രയോഗിച്ചു.

"ആരോടും പറയില്ല സാർ."

നിശ്ചിതസമയത്ത് ഹോട്ടൽ ബ്ലൂലഗൂണിലെ റെസ്റ്റോറന്റിൽ ഇരുവരും കൂടിക്കണ്ടു.

"ഇന്ദു ഇപ്പം എവിടുണ്ടെന്ന് അറിയാമോ?'' അഭിഷേക് ചോദിച്ചു.

''ഇല്ല സാർ. ആ സംഭവത്തിനുശേഷം ഞാൻ കണ്ടിട്ടില്ല."

''രാജേഷ് എന്തു പറഞ്ഞു വിശ്വസിപ്പിച്ചാ അവളെ ഹോട്ടൽ മുറീലെത്തിച്ചത്?"

''സാർ ഞാനും അവളും തമ്മിൽ സ്നേഹമായിരുന്നു. ഹോട്ടൽമുറീലേക്കു വിളിച്ചപ്പം അവളൊരു മടീം കൂടാതെ എന്റെകൂടെ പോന്നു.

പോലീസു പിടിച്ചപ്പം ഒരു ഒഫീഷ്യൽ മീറ്റിങ്ങിനു വന്നതാന്നു പറഞ്ഞു രക്ഷപ്പെടാൻ നോക്കിയതാ. പത്രത്തിൽ വാർത്ത വന്നു നാണക്കേടായപ്പം അവളെന്നോടു ചൂടായി. പിന്നെ ഞാൻ വിളിച്ചിട്ട് അവൾ ഫോൺ എടുത്തില്ല. ഇപ്പം ഫോൺ സ്വിച്ചോഫാ. ആള് എവിടുണ്ടെന്ന് അറിയില്ല."

തെല്ലുനേരം രാജേഷിനെ സൂക്ഷിച്ചുനോക്കിയിരുന്നിട്ട് അഭിഷേക് ചെറുതായൊന്നു ചിരിച്ചു. എന്നിട്ടു പറഞ്ഞു:

"നല്ലൊരു നടനാ നീ. ആട്ടെ, ഈ നാടകത്തിലഭിനയിച്ചതിന് അച്ഛൻ നിനക്കെത്ര രൂപ തന്നു?"

"ഏതു നാടകത്തിൽ?"

"ഇന്ദുവിനെ നാറ്റിച്ച് ഈ നാട്ടീന്നു കെട്ടുകെട്ടിക്കാനുള്ള നാടകത്തിൽ. താനിനി എന്റെ മുമ്പിൽ അഭിനയിക്കാൻ നോക്കണ്ട. എല്ലാം ഞാനറിഞ്ഞു. ആട്ടെ അച്ഛൻ തന്ന അമ്പതിനായിരം രൂപ എന്തു ചെയ്തു?"

കള്ളി വെളിച്ചത്തായി എന്നു തോന്നിയതും ഒരു വളിച്ച ചിരിയോടെ രാജേഷ് പറഞ്ഞു:

"അതു വീട്ടിൽ കൊടുത്തു സാർ."

"എന്തിനാ ഇന്ദുവിനെ അപമാനിക്കാൻ നീ കൂട്ടുനിന്നത്? അവളു നിന്നോടു വല്ല ദ്രോഹവും ചെയ്തോ?"

''ഇല്ല സാർ. വളരെ ഡീസന്റായ ഒരു പെൺകുട്ടിയായിരുന്നു അവള്. എനിക്കവളെ കല്യാണം കഴിക്കണമെന്നുപോലും ആഗ്രഹമുണ്ടായിരുന്നു. വെടക്കാക്കി തനിക്കാക്കുക എന്ന ബുദ്ധി ഉപദേശിച്ചു തന്നത് ആനന്ദൻസാറാ. അതു പാളി."

''എന്താ സംഭവിച്ചതെന്നു വിശദമായിട്ട് പറ."

രാജേഷ് നടന്നതെല്ലാം വള്ളിപുള്ളി തെറ്റാതെ പറഞ്ഞു. എല്ലാം കേട്ടിട്ട് അഭിഷേക് പറഞ്ഞു:

"ഞാൻ രാജേഷിനെ കണ്ടതും സംസാരിച്ചതുമൊന്നും അച്ഛനറിയണ്ട കേട്ടോ. നമ്മൾ തമ്മിൽ കണ്ടിട്ടുമില്ല, സംസാരിച്ചിട്ടുമില്ല. മനസ്സിലായോ?"

"ഇതു ഞാനങ്ങോട്ടു പറയാനിരിക്കുവായിരുന്നു. ഞാനീ പറഞ്ഞതൊന്നും ആനന്ദൻസാർ അറിയരുത്."

"ഒരിക്കലുമില്ല."

"സാർ, എന്റെ ജോലി?"

''അച്ഛൻ പറയുമ്പം കേറിക്കോ. ഞാനതിൽ ഇടപെടുന്നില്ല."

വീട്ടിലേക്കു മടങ്ങുമ്പോൾ അഭിഷേക് ഓർത്തു. സംശയിച്ചതുപോലെതന്നെ സംഭവിച്ചിരിക്കുന്നു. അച്ഛൻ എത്ര ക്രൂരനാണ്. ഒരു പാവം സ്ത്രീയോട് എങ്ങനെ ഇതു ചെയ്യാൻ സാധിക്കുന്നു?

കാർ ഒതുക്കിനിറുത്തിയിട്ട് അഭിഷേക് അശ്വതിറ്റീച്ചറിന്റെ നമ്പർ ഡയൽ ചെയ്തു. റ്റീച്ചറെ ഫോണിൽ കിട്ടി.

"ഞാനൊരു കാര്യം ചോദിക്കാനാ വിളിച്ചത്. ഇന്ദുറ്റീച്ചറിന്റെ വീട് എവിടാന്ന് അറിയാമോ?"

"അഡ്രസ് എനിക്കറിയാം. കൃത്യമായ സ്ഥലം അറിയില്ല." അശ്വതി അഡ്രസ് പറഞ്ഞുകൊടുത്തു.

"സ്കൂളിൽ അവർക്കു ശത്രുക്കളാരെങ്കിലുമുണ്ടായിരുന്നോ?"

"സാർ അത്.... ഫോണിൽ..."

''പറഞ്ഞോളൂ. ഞാൻ റെക്കോർഡ് ചെയ്യുന്നൊന്നുമില്ല. റ്റീച്ചർക്കെന്നെ വിശ്വസിക്കാം."

''സ്നേഹലത അവളുടെ ബദ്ധശത്രുവായിരുന്നു."

"ജോലി കിട്ടാൻവേണ്ടി ഇന്ദു കൊടുത്ത അഞ്ചുലക്ഷം അച്ഛൻ തിരികെക്കൊടുത്തോ?"

"ഇല്ല സാർ. അവളു ചോദിച്ചിട്ടും കൊടുത്തില്ലായിരുന്നു. ഞാൻ പറഞ്ഞല്ലോ, എല്ലാത്തിനും പിന്നിൽ ഒരു ചതിയുണ്ടെന്നു ഞാൻ സംശയിക്കുന്നു."

"താങ്ക്യു റ്റീച്ചർ."

നന്ദി പറഞ്ഞിട്ട് ഫോൺ കട്ട് ചെയ്തു.

അടുത്ത ദിവസം പുലർച്ചെ അഭിഷേക് ഇന്ദുവിന്റെ നാട്ടിലേക്കു യാത്രയായി. കാറിലായിരുന്നു യാത്ര. ദൂരെയുള്ള ഒരു സുഹൃത്തിനെ കാണാൻ പോകുന്നു എന്നു മാത്രമേ അച്ഛനോടും അമ്മയോടും പറഞ്ഞുള്ളൂ.

ഇന്ദുവിന്റെ നാട്ടിലെത്തിയപ്പോൾ നേരം ഉച്ചതിരിഞ്ഞിരുന്നു. പലരോടും ചോദിച്ചാണ് വീടു കണ്ടുപിടിച്ചത്.

പൊട്ടിപ്പൊളിഞ്ഞ്, നിലംപൊത്താറായ ഒരു പഴയ ഇല്ലം. ക്ഷയിച്ച തറവാടാണെന്ന് ഒറ്റ നോട്ടത്തിലേ അറിയാം. പടിപ്പുര കടന്ന് അഭിഷേക് മുറ്റത്തേക്കു പ്രവേശിച്ചു. പുറത്താരെയും കണ്ടില്ല. വരാന്തയിലേക്കു കയറി മണിയടിച്ചു. അകത്തുനിന്ന് ദേവകിയമ്മ പുറത്തേക്കുവന്നു. ആരെന്ന് മനസ്സിലാകാത്ത ഭാവത്തിൽ അവർ നോക്കിനിന്നു.

"ഇന്ദുവിന്റെ വീട്?"

"നിങ്ങളാരാ?" മറുചോദ്യമായിരുന്നു മറുപടി.

"കുറച്ചു ദൂരേന്നാ. ഇന്ദുവിനറിയാം. ഒന്നു വിളിക്കോ?"

"നീയാരാന്ന് ആദ്യം പറ."

ദേവകിക്കു ദേഷ്യം വന്നു.

"ഇന്ദു പഠിപ്പിച്ചിരുന്ന സ്കൂളിലെ മാനേജരാ."

"ഓ... നീയാണോ ആ അലവലാതി. എന്റെ മോടെ ശരീരം വേണമെന്നു പറഞ്ഞ വൃത്തികെട്ടവൻ. ഇറങ്ങിപ്പോടാ എന്റെ വീട്ടീന്ന്."

"അതു ഞാനല്ല. ഇന്ദുവിന് എന്നെ അറിയാം. ഒന്നു വിളിക്കോ."

"മാനേജരുടെ ഇഷ്ടത്തിനു വഴങ്ങാത്തതുകൊണ്ടാ അവളെ പിരിച്ചുവിട്ടതെന്നു പറഞ്ഞു. കൊടുത്ത കാശു തിരിച്ചുകിട്ടില്ലെന്നറിഞ്ഞപ്പഴാ അവളുടെ അച്ഛൻ ഹൃദയംപൊട്ടി മരിച്ചത്. എന്തിനാ ഞങ്ങളോടീ ക്രൂരത ചെയ്തത്? തന്ന കാശെങ്കിലും തിരിച്ചു തന്നൂടായിരുന്നോടാ വൃത്തികെട്ട നായേ?" ദേവകി പൊട്ടിത്തെറിച്ച് പിന്നെയും ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു.

"ഈ കുടുംബം എങ്ങനെയാ ഇപ്പം കഴിയുന്നതെന്നു നിനക്കറിയാമോടാ ചെറ്റേ. കടക്കാരുടെ തെറികേട്ടു മടുത്തു. അഞ്ചുപെൺമക്കളുള്ള ഒരു കുടുംബത്തിന്റെ പ്രയാസം നിനക്കൊന്നും മനസ്സിലാവില്ലെടാ തെണ്ടീ, ചെറ്റേ, പിശാചേ..."

ദേവകിയുടെ ഓരോ വാചകവും കൂരമ്പുകളായാണ് അഭിഷേകിന്റെ ഹൃദയത്തിൽ തറച്ചത്.

*(തുടരും)*

# റായ്പൂർ പ്രഖ്യാപനങ്ങളിൽ കോൺഗ്രസിന്റെ രാശി തെളിയുമോ?



പ്രഫ. റോണി കെ. ബേബി

**കോ**ൺഗ്രസിന്റെ 85-ാമത് പ്ലീനറിസമ്മേളനത്തിനു റായ്പൂരിൽ തിരശ്ശീല വീഴുമ്പോൾ പാർട്ടിയുടെ പരമോന്നതനയരൂപീകരണവേദിയായ പ്രവർത്തകസമിതിയിലെ അംഗങ്ങളെ നാമനിർദേശം ചെയ്യാൻ എഐസിസി പ്രസിഡന്റിനെ അധികാരപ്പെടുത്തുന്നതുമുതൽ 2024 ലെ തിരഞ്ഞെടുപ്പിലെ സഖ്യങ്ങളെക്കുറിച്ചുള്ള നിലപാടു വ്യക്തമാക്കുന്നതുവരെ സുപ്രധാനതീരുമാനങ്ങളാണുണ്ടായത്. 2024 ലെ ലോക്സഭ തിരഞ്ഞെടുപ്പിനായി തയ്യാറെടുക്കുക എന്ന ആഹ്വാനത്തോടെയാണ് മൂന്നുദിവസം നീണ്ട പ്ലീനറിസമ്മേളനം അവസാനിച്ചത്.

ബിജെപിയുമായും ആർഎസ്എസുമായും ഒരിക്കലും വിട്ടുവീഴ്ച ചെയ്യാത്ത ഒരേയൊരു പാർട്ടി കോൺഗ്രസാണെന്നും ബിജെപിയുടെ സ്വേച്ഛാധിപത്യ, വർഗീയ, മുതലാളിത്ത ആക്രമണങ്ങൾക്കെതിരെ രാഷ്ട്രീയമൂല്യങ്ങൾ സംരക്ഷിക്കാൻ എപ്പോഴും പോരാടുമെന്നും പ്ലീനറിസമ്മേളനം വ്യക്തമാക്കുന്നു.

ഭരണഘടനയെ സംരക്ഷിക്കുന്നതിനും രാജ്യം നേരിടുന്ന മൂന്നു പ്രധാന വെല്ലുവിളികളായ സാമ്പത്തിക അസമത്വം, സാമൂഹികധ്രുവീകരണം, രാഷ്ട്രീയ സ്വേച്ഛാധിപത്യം എന്നിവയെ അഭിമുഖീകരിക്കുന്നതിനുമായി സമാനചിന്താഗതിക്കാരായ പാർട്ടികളുമായി ഒരു പൊതു, ക്രിയാത്മകപദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനും തയ്യാറാണെന്നു റായ്പൂർ പ്ലീനറിസമ്മേളനം പ്രഖ്യാപിച്ചു. പ്ലീനറിസമ്മേളനത്തിന്റെ തുടർച്ചയായി പാർട്ടിക്കകത്ത് കാതലായി മാറ്റങ്ങൾക്കു വഴിതെളിച്ചുകൊണ്ട് കോൺഗ്രസ് ഇന്ത്യയിൽ വീണ്ടും അധികാരത്തിൽ തിരിച്ചുവരുമോ എന്നാണ് ഇനി കാണേണ്ടത്.

**ശ്രദ്ധേയമായ പ്രഖ്യാപനങ്ങൾ**

പാർട്ടിയുടെ നിലപാടുകളിലും കാഴ്ചപ്പാടുകളിലും വ്യക്തത വരുത്തിക്കൊണ്ട് രാഷ്ട്രീയം, സാമ്പത്തികം, അന്തർദേശീയം, സാമൂഹികനീതി തുടങ്ങിയ ആറു പ്രമേയങ്ങളും പ്ലീനറി അംഗീകരിക്കുകയുണ്ടായി.

പ്ലീനറി അംഗീകരിച്ച പ്രമേയങ്ങളിൽ ഏറ്റവും പ്രധാനമായി മതന്യൂനപക്ഷങ്ങൾക്കും പിന്നാക്കവിഭാഗങ്ങൾക്കും സ്ത്രീകൾക്കും യുവാക്കൾക്കും ഉൾപ്പെടെ പാർട്ടിഘടകങ്ങളിൽ അമ്പതു ശതമാനം സംവരണം നൽകുന്നതിനായി ഭരണഘടനാഭേദഗതി, 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സമാനചിന്താഗതിക്കാരായ പാർട്ടികളുമായി ചേർന്ന് പ്രായോഗികമായ ബദൽ രൂപീകരിക്കാനുള്ള പ്രഖ്യാപനം എന്നിവ ഉൾപ്പെടുന്നു.

**പ്രതിപക്ഷ ഐക്യത്തിന് ആഹ്വാനം**

രാജ്യത്തിന് സമർഥവും നിർണായകവുമായ നേതൃത്വം നൽകാൻ കഴിയുന്ന ഒരേയൊരു പാർട്ടി കോൺഗ്രസാണെന്നും ബിജെപി നേതൃത്വത്തിലുള്ള എൻഡിഎയെ പരാജയപ്പെടുത്താൻ ത്യാഗങ്ങൾ സഹിക്കാൻ പാർട്ടി തയ്യാറാണെന്നും ഇതിനായി സമാനചിന്താഗതിക്കാരായ മതേതരശക്തികളെ അണിനിരത്താൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നും പ്ലീനറി അംഗീകരിച്ച രാഷ്ട്രീയപ്രഖ്യാപനത്തിൽ പറയുന്നു. ബിജെപിക്കെതിരായി പ്രതിപക്ഷ ഐക്യം രൂപീകരിക്കാനുള്ള കോൺഗ്രസിന്റെ ആഹ്വാനം ദേശീയതലത്തിൽ തുടർചലനങ്ങൾക്കു കാരണമാകും.

2003 ലെ സിംല ചിന്തൻ ശിബിരത്തിൽ കോൺഗ്രസ് നൽകിയ സമാനമായ ആഹ്വാനമാണ് 2004 ലെ പൊതുതിരഞ്ഞെടുപ്പിൽ ബിജെപിയെ അധികാരത്തിൽനിന്നു പുറത്താക്കി കോൺഗ്രസ് നേതൃത്വം നൽകുന്ന ഇടതുപക്ഷപാർട്ടികൾ ഉൾപ്പെടെ പുറത്തുനിന്നു പിന്തുണച്ച ഐക്യപുരോഗമനസഖ്യസർക്കാരിനു വഴിതെളിച്ചത്. അതിനു സമാനമായ സാഹചര്യം ദേശീയതലത്തിൽ രൂപപ്പെടുന്നുണ്ട് എന്നാണ് പ്ലീനറിസമ്മേളനത്തിന്റെ വിലയിരുത്തൽ. രാജ്യത്തെ പ്രധാനപ്പെട്ട മതേതരസോഷ്യലിസ്റ്റ് പാർട്ടികൾ ഒരുമിച്ചുനിന്നാൽ ഇപ്പോൾ ദുർബലമായ ദേശീയജനാധിപത്യസഖ്യത്തെ അധികാരത്തിൽനിന്നു പുറത്താക്കാൻ കഴിയുമെന്നാണ് കോൺഗ്രസ്നേതൃത്വം വിശ്വസിക്കുന്നത്.

**വിദ്വേഷരാഷ്ട്രീയത്തിനെതിരേ താക്കീത്**

രാജ്യത്ത് ബിജെപി ഭരണത്തിൽ 'വിദ്വേഷത്തിന്റെ തീ ആളിക്കത്തുകയാണ്' എന്ന പരാമർശവുമായി മതന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, ദളിതർ, ആദിവാസികൾ എന്നിവരെ ക്രൂരമായി ലക്ഷ്യംവയ്ക്കുന്നു എന്നാരോപിച്ച് മുൻ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി നടത്തിയ പ്രസംഗവും ശ്രദ്ധേയമായി. ഇതിന്റെ തുടർച്ചയായി കോൺഗ്രസ് അധികാരത്തിലെത്തിയാൽ രാജ്യത്ത് വിദ്വേഷ കുറ്റകൃത്യങ്ങൾക്കെതിരെ നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനവും പ്ലീനറി സമ്മേളനത്തിൽ അംഗീകരിച്ച രാഷ്ട്രീയപ്രമേയത്തിലുണ്ട്. വരാനിരിക്കുന്ന സംസ്ഥാന, പൊതുതിരഞ്ഞെടുപ്പുകൾക്കു മുമ്പായി ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ സമുദായങ്ങളിലേക്കെത്തിച്ചേരുന്നതിനു പ്രത്യേകശ്രദ്ധ കേന്ദ്രീകരിച്ച് ജനസമ്പർക്കപരിപാടികൾ തുടരാനും പാർട്ടി പദ്ധതിയിടുന്നു.

**കർഷകരോടു കരുതൽ**

ആറു ലക്ഷം രൂപവരെയുള്ള കാർഷികവായ്പകൾ എഴുതിത്തള്ളുകയാണ് കാർഷികരംഗത്തെ രക്ഷിക്കാൻ ആദ്യം ചെയ്യേണ്ട കാര്യമെന്ന് കോൺഗ്രസ് വ്യക്തമാക്കുന്നു. പാർട്ടി അധികാരത്തിലെത്തിയാൽ കർഷകരുടെ വസ്തുക്കൾ ജപ്തി ചെയ്യില്ല, താങ്ങുവില നിയമപരമായ അവകാശമാക്കുമെന്നും കാർഷികപ്രമേയം പറയുന്നു.

പ്ലീനറിസമ്മേളനം അവസാനിക്കുന്നതിനു തൊട്ടുമുമ്പു സംസാരിച്ച രാഹുൽ ഗാന്ധി പ്രധാനമന്ത്രി നരേന്ദ്രമോദിയും അദാനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആവർത്തിച്ചു പരാമർശിക്കുകയുണ്ടായി. അദാനിയും മോദിയും ഒന്നാണ്, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയെപ്പോലെ അദാനിക്കമ്പനി ഇന്ത്യയുടെ സമ്പത്ത് ഊറ്റിയെടുക്കുന്നുവെന്ന രാഹുൽ ഗാന്ധിയുടെ പരാമർശങ്ങൾക്കു വലിയ മാധ്യമശ്രദ്ധയാണു കിട്ടിയത്.

കോൺഗ്രസ് പ്ലീനറിസമ്മേളനത്തിന്റെ മറ്റൊരു പ്രധാന തീരുമാനം ഭാരത്ജോഡോ യാത്രയുടെ ആവേശം നിലനിർത്താൻ രാജ്യത്തിന്റെ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് രാഹുൽ ഗാന്ധി നയിക്കുന്ന മറ്റൊരു യാത്രയ്ക്കുള്ള പാർട്ടിയുടെ പദ്ധതിയാണ്.

**മുഖ്യലക്ഷ്യം തിരഞ്ഞടുപ്പുകൾ**

പ്ലീനറിവേദിയിൽ അവതരിപ്പിച്ച രാഷ്ട്രീയപ്രമേയം ഒഴികെയുള്ള മറ്റ് അഞ്ചു പ്രമേയങ്ങൾക്കും പൊതുതിരഞ്ഞെടുപ്പിനുമുമ്പായുള്ള പ്രകടനപത്രികയുടെ സ്വഭാവമായിരുന്നു. രാജ്യത്താകെ ജാതിസെൻസസ് നടത്തും, ഒബിസി ക്ഷേമത്തിനായി പ്രത്യേക മന്ത്രാലയം, എസ്‌സി, എസ്ടി വിദ്യാർഥികളുടെ വിദ്യാഭ്യാസാവകാശവും അന്തസ്സും സംരക്ഷിക്കാൻ രോഹിത് വെമുല എന്ന പേരിൽ നിയമം കൊണ്ടുവരും എന്നീ പ്രഖ്യാപനങ്ങളും ശ്രദ്ധേയമായി.




വർത്തമാന ഇന്ത്യയുടെ രാഷ്ട്രീയസാമൂഹിക സാമ്പത്തികചലനങ്ങൾ പ്രതിഫലിപ്പിക്കുന്ന ചർച്ചകളും പ്രഖ്യാപനങ്ങളുമാണ് റായ്പൂർ സമ്മേളനത്തിലുണ്ടായത്. രാജ്യം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളും വിഷയങ്ങളും കാലോചിതമായിത്തന്നെ ചർച്ച ചെയ്യുന്നതിൽ കോൺഗ്രസ് റായ്പൂരിൽ വിജയിച്ചിട്ടുണ്ട്. വലിയ മാധ്യമശ്രദ്ധയും റായ്പൂർ സമ്മേളനത്തിനു ലഭിച്ചിട്ടുണ്ട്. ഇനി അറിയേണ്ട കാര്യം കോൺഗ്രസിന്റെ നിലപാടുകളും പ്രഖ്യാപനങ്ങളും എങ്ങനെ വോട്ടുകളായി മാറുമെന്നതാണ്. ഇത് അറിയുവാൻ ഹിന്ദിഹൃദയഭൂമിയിൽ ഉൾപ്പെടെ നടക്കാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പുകളും ആത്യന്തികമായി 2024 ലെ പൊതുതിരഞ്ഞെടുപ്പുവരെയും കാത്തിരിക്കണം. ■

---

**ശ്രേഷ്ഠമലയാളം**

**ഡേവിസ് സേവ്യർ**



## ചളി, ചെളി

ചളി എന്ന വാക്കിന്റെ രൂപഭേദം മാത്രമാണ് ചെളി എന്നു നിഘണ്ടുകർത്താക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്.* ചേറ്, അഴുക്ക് എന്നീ അർഥങ്ങൾ ഉള്ള ചളി, ചള് ധാതുവിൽനിന്നത്രേ നിഷ്പന്നമായത്. ചളി വർണവികാരത്താൽ ചെളി എന്നാകുമെങ്കിലും ഇവയ്ക്ക് സമാനപദങ്ങൾ എന്ന നില്പ് ഇല്ലാതായിട്ടുണ്ട്. തികച്ചും വ്യത്യസ്തമാണ് ഇപ്പോൾ ഇവയുടെ പ്രയോഗതലം. ചളി - ചെളി എന്നീ പദജോടികളെ സമാനാർഥപദങ്ങൾ എന്ന നിലയിൽ പ്രമുഖരായ എഴുത്തുകാർ പരിഗണിച്ചിട്ടുണ്ട്. 'ഞാറ്റിന്റെയും ചളിയുടെയും മണം എന്ന് ഒ.വി. വിജയനും 'നല്ല ചെളിനിലങ്ങൾ' എന്നു കുമാരനാശാനും പ്രയോഗിച്ചിട്ടുണ്ട്. ഇത്തരം സമാനതകൾ കണ്ടിട്ടാവണം നിഘണ്ടുനിർമാതാക്കൾ ചളിയെയും ചെളിയെയും പര്യായങ്ങളായി കണ്ടത്.

ചളിക്ക് കഫം എന്നും ചെളിക്ക് ചേറ് എന്നും അർഥവ്യവച്ഛേദം കല്പിക്കാം. രോഗാവസ്ഥയിൽ, ചുമയ്ക്കുകയോ കാറിത്തുപ്പുകയോ ചെയ്യുമ്പോൾ വെളിയിൽ വരുന്ന ശ്ലേഷ്മമാണ് കഫം (ആയുർവേദവിധിപ്രകാരം ത്രിദോഷങ്ങളിൽ ഒന്ന് - വാതം, പിത്തം, കഫം). ഇംഗ്ലീഷിൽ ഇതിന് മ്യൂക്കസ് (mucus) എന്നു പറയുന്നു. നേർത്ത മണ്ണും വെള്ളവും കൂടിക്കുഴഞ്ഞ ചേറ് (mud) ആണ് ചെളി. ചെളിക്കുളി (mud bath) എന്നൊരു ചികിത്സാസമ്പ്രദായംതന്നെ ആയുർവേദത്തിലുണ്ടല്ലോ. വിധിപ്രകാരം ഔഷധങ്ങൾ അരച്ചുകുഴച്ച് ചെളിപ്പരുവമാക്കി രോഗിയുടെ ദേഹത്തുപുരട്ടുന്ന ചികിത്സാരീതിയാണത്. മഡ്ബാത്ത് എന്നൊരേർപ്പാട് ഇംഗ്ലീഷികാർക്കിടയിലും ഉള്ളതായി കേട്ടിട്ടുണ്ട്. "രോഗിയുടെ വയറ്റിൽനിന്നു പോകുന്നതിൽ ചളിയുണ്ട്" എന്ന് വൈദ്യൻ മനസ്സിലാക്കുന്നു. അത്, ശരീരത്തിലോ വസ്ത്രത്തിലോ പറ്റിപ്പിടിച്ച ചെളി അല്ലല്ലോ. ഏതായാലും, നമ്മുടെ ആധുനികപരിഷ്കാരങ്ങളിൽ ചിലരുടെ വ്യവഹാരം ചളിയും ചെളിയും തിരിച്ചറിയാനെയാണ്"* എന്ന നിരീക്ഷണത്തിൽനിന്ന് ചളി - ചെളിയായപ്പോൾ രൂപമാറ്റം മാത്രമല്ല അർഥവ്യത്യാസവും സംഭവിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാം. രൂപത്തിനും അർഥത്തിനും പരിവർത്തനം സംഭവിക്കുന്നതിന്റെ പിന്നിൽ പലവിധത്തിലുള്ള സാമൂഹികകാരണങ്ങൾ ഉണ്ടാകാം. അവയെല്ലാം കണ്ടെത്തുക എളുപ്പപ്പണിയല്ല.

** ബാലകൃഷ്ണൻ, ബി.സി., മലയാളമഹാനിഘണ്ടു, എഡിറ്റർ, വാല്യം V., കേരള സർവകലാശാലാ പ്രസിദ്ധീകരണം, തിരുവനന്തപുരം, 1985, പുറം - 636*

** നാരായണൻ വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം - 43.*

# വെല്ലുവിളികളുടെ വീഥികളിലെ പോരാട്ടത്തിന്റെ പുത്രിമാർ

1-ാം പേജ് തുടർച്ച

ജോലികൾ ലിംഗവ്യത്യാസമില്ലാതെ ചെയ്യാനുള്ള മനോഭാവം കുടുംബങ്ങളിൽ രൂപീകരിക്കപ്പെടണം. എങ്കിലേ സ്ത്രീകൾക്കും ഈ സമൂഹത്തിൽ അഭിമാനത്തോടെ സന്തോഷമായി ജീവിക്കാനാകൂ.

നമ്മുടെ കൊച്ചുകേരളത്തിൽപ്പോലും സ്ത്രീകൾ സുരക്ഷിതരാണോ? എത്രയോ പെൺകുട്ടികളാണ് ഭർത്താക്കന്മാരാലും കാമുകന്മാരാലുമൊക്കെ കൊല്ലപ്പെടുന്നത്, പിച്ചിച്ചീന്തപ്പെടുന്നത്! ഈ സാഹചര്യങ്ങൾക്കൊക്കെ മാറ്റം വന്നാലേ വനിതാദിനാചരണംകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടായി എന്നു പറയാനാകൂ.



ശമ്പളവും തൊഴിൽസാഹചര്യങ്ങളും മോശമായിരുന്ന കാലത്ത് ജോലിസ്ഥലത്തെ സൗകര്യങ്ങളും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്താൻ സ്ത്രീകൾ നടത്തിയ പോരാട്ടത്തിന്റെ, മുന്നേറ്റത്തിന്റെ ദിനമായാണ് വനിതാദിനം എഴുതപ്പെടുന്നത്.

1908 ൽ പതിനയ്യായിരത്തിലധികം വരുന്ന സ്ത്രീത്തൊഴിലാളികൾ ന്യൂയോർക്ക് നഗരഹൃദയത്തിലൂടെ ഒരു പ്രതിഷേധമാർച്ച് സംഘടിപ്പിച്ചു. ജോലിസമയത്തിൽ കുറവുവരുത്തുക, ശമ്പളത്തിൽ വർധന വരുത്തുക, വോട്ടവകാശം നൽകുക എന്നിവ ആവശ്യപ്പെട്ട ഈ സമരക്കാരുടെ പ്രക്ഷോഭമായിരുന്നു ലോക വനിതാദിനം എന്ന ചിന്തയ്ക്കു തുടക്കമിട്ടത്. ഒരു വർഷത്തിനുശേഷം 1909 ഫെബ്രുവരി 28 ന് ന്യൂയോർക്ക് സിറ്റിയിൽ സോഷ്യലിസ്റ്റ് പാർട്ടി ഓഫ് അമേരിക്കയുടെ പ്രവർത്തികയായ തെരേസ മാൽക്കീലിന്റെ നിർദേശപ്രകാരം, 'ദേശീയ വനിതാദിനം' എന്നു വിളിക്കപ്പെടുന്ന വനിതാദിനാചരണം നടന്നു. ക്ലാരാ സെറ്റ്കിൻ എന്ന ജർമൻ മാർക്സിസ്റ്റ് തത്ത്വചിന്തികയാണ് ഈ ദിനത്തെ ഒരു അന്തർദേശീയദിനമാക്കി മാറ്റുകയെന്ന ആശയം മുന്നോട്ടുവച്ചത്. 1910 ൽ ഡെന്മാർക്കിലെ കോപ്പൻഹേഗനിൽ നടന്ന അന്താരാഷ്ട്ര സ്ത്രീത്തൊഴിലാളി കോൺഗ്രസിലാണ് ക്ലാര ഇങ്ങനെയൊരു കാര്യം നിർദേശിക്കുന്നത്.

1911 മാർച്ച് 19 ന് ഓസ്ട്രിയ, ഡെന്മാർക്ക്, ജർമനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിലെ ഒരു ദശലക്ഷത്തിലധികം വനിതകൾ ആദ്യത്തെ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. ന്യൂയോർക്കിൽ ഉയർന്ന ഈ സമരാഗ്നി ലോകമാകെ പടർന്നുപിടിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്ത്രീകൾ സംഘടിക്കാനും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താനും തുടങ്ങി. അമേരിക്കയിൽ 1909 മുതൽ വനിതാദിനം ആചരിക്കുന്നുവെങ്കിലും 1975 ലാണ്, ഐക്യരാഷ്ട്രസഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്. അന്നത്തെ ആ സമരകാഹളം സ്ത്രീമുന്നേറ്റത്തിന്റെ ശബ്ദമായി മാറി.

എല്ലാ വർഷവും മാർച്ച് 8 നു മാത്രം നടക്കേണ്ടതല്ല സ്ത്രീശക്തീകരണം. വരുംതലമുറയിലെ പെൺകുട്ടികൾക്കെങ്കിലും ധീരരായി വളരാനുള്ള സാഹചര്യം ഒരുക്കുന്നതാവണം അത്. എല്ലാ മേഖലകളിലും സ്ത്രീക്ക് തുല്യപ്രാധാന്യം ലഭിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നാം ഓരോരുത്തരെയും ഓർമിപ്പിക്കുന്ന ദിനമാണിത്. അതിനുള്ള ശ്രമങ്ങൾ കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നുമാണ് ഉണ്ടാകേണ്ടത്. കുടുംബങ്ങളിലും വിദ്യാലയങ്ങളിലും പാഠപുസ്തകങ്ങളിലും ലിംഗനീതിക്കനുസൃതമായ മാറ്റങ്ങൾ പകർന്നു നൽകണം. വീട്ടിൽനിന്നു കിട്ടുന്ന പാഠങ്ങളും മാതൃകകളുമാണ് ആൺമക്കളെ ഭാവിയിൽ സ്ത്രീസംരക്ഷകരോ പീഡകരോ ആയി വാർത്തെടുക്കുന്നത്. ഒരു സമൂഹജീവി എന്ന നിലയിൽ സ്ത്രീക്ക് അവകാശപ്പെട്ടത് നേടിക്കൊടുക്കാൻ, ഒപ്പം നില്ക്കാൻ പുരുഷനാവണം.

സാമൂഹികനീതിയോടൊപ്പം തന്നെ ലിംഗനീതിയും സാധിതമായാൽമാത്രമേ സുസ്ഥിരമായ നല്ല നാളെകൾ എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാനാകൂ.

ലിംഗസമത്വത്തിനായുള്ള നീക്കങ്ങൾ ശക്തിപ്രാപിക്കുന്നത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസ നേട്ടങ്ങൾ, ആരോഗ്യം, രാഷ്ട്രീയമായ ശക്തീകരണം, സാമ്പത്തികപങ്കാളിത്തം എന്നിങ്ങനെ നാലു സൂചകങ്ങൾ ഉപയോഗിച്ചാണ് ലോകത്ത് സ്ത്രീകളുടെ സ്ഥാനം കണക്കാക്കുന്നത്. വിദ്യാഭ്യാസനേട്ടങ്ങളിലും ആരോഗ്യത്തിലും സ്ത്രീകളുടെ സ്ഥാനം പുരുഷനോടൊപ്പമാണ്. എന്നാൽ, ഭരണരംഗത്തും സാമ്പത്തിക പങ്കാളിത്തത്തിലും സ്ത്രീയുടെ സ്ഥാനം ദയനീയമാണ്.

രാജ്യത്ത് 60 ശതമാനം ജോലി സ്ത്രീകൾ ചെയ്യുന്നുണ്ടെങ്കിലും 10 ശതമാനം വരുമാനമേ അവർക്കു ലഭിക്കുന്നുള്ളൂ. വേതനമില്ലാത്ത വീട്ടുജോലി ചെയ്യുന്നവരാണധികവും. വേതനം കുറഞ്ഞ ചെറിയ ജോലികൾക്കുപകരം കൂടുതൽ ശമ്പളം ലഭിക്കുന്ന സയൻസ്, ടെക്നോളജി, എഞ്ചിനീയറിങ് മേഖലകളിലേക്ക് സ്ത്രീകൾ കടന്നുവരേണ്ടതുണ്ട്. എങ്കിലേ സാമ്പത്തികസമത്വത്തിലേക്ക് അവൾ എത്തിച്ചേരുകയുള്ളൂ. കൂടുതൽ സാമൂഹിക-രാഷ്ട്രീയ ശക്തീകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ത്രീ ശക്തീകരിക്കപ്പെടുമ്പോൾ പുരുഷനും കുടുംബവും സമൂഹവും രാജ്യവും ശക്തീകരിക്കപ്പെടുകയാണ്.

വരുംകാലങ്ങളിലെ വനിതാമുന്നേറ്റത്തിന് കാഹളം ഇന്നേ മുഴങ്ങേണ്ടിയിരിക്കുന്നു. ഒരു സ്ത്രീയുടെയും പെൺകുഞ്ഞിന്റെയും കണ്ണീർ വീഴാത്ത നാളുകൾ കടന്നുവരട്ടെ. ആക്രമിക്കപ്പെടുമെന്ന ഭീതിയില്ലാതെ അവർക്കിവിടെ ജീവിക്കാനാകണം. അവരുടെ ചിരിക്കുന്ന മുഖങ്ങൾ നാടിനും ലോകത്തിനും അഭിമാനമായി നിറയുന്ന നാളുകൾക്കായി കാത്തിരിക്കുക? ■

## കലർപ്പ്

നുറുങ്ങുകഥ

ജിജോ ജോസഫ് എൻ.

ഒന്നാംക്ലാസിലെ ടീച്ചർ: "കടയിൽനിന്ന് ഒന്നും മേടിക്കരുത്. കലർപ്പ്, മാലിന്യം നിറഞ്ഞതാണ്. ആധുനികലോകത്തിന്റെ മാലിന്യം കലർന്നത്."

"എന്തുവാണോ"? അപ്പുവിനു മനസ്സിലായില്ല.

അമ്മമടിയിൽ കിടന്ന് കാലാട്ടി അമ്മിഞ്ഞ നുകരുന്നതിനിടയിൽ അപ്പുവിന്റെ ചോദ്യം: "അമ്മിഞ്ഞപ്പാലിനും മാലിന്യമുണ്ടോ?"

ഉത്തരം കണ്ണീർത്തുള്ളിയാൽ അമ്മ മൊഴിഞ്ഞു.

അതിന്റെ ഉപ്പും എരിവും അവന്റെ ചുണ്ടുകളിൽ... അവൾ പുളഞ്ഞു.

ഇല്ല. അമ്മയുടെ കണ്ണീരിനു മാലിന്യമില്ല. തൊട്ടനുഭവിച്ചതിന്റെ വീര്യം അവന്റെ കണ്ണുകളിൽ നനവു പടർന്നു.

## ഈശോ


FROM THE BIBLE

43



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**കാ**ൽവരിയുടെ നിറുകയിൽ ഒരു ക്രൂശീകരണംകൂടി. മണ്ണിന്റെ മാറിൽ മരക്കുരിശാകുന്ന മരണക്കിടക്കയിൽ നിരാലംബനും നിപതിതനും പരാജിതനുമായി അവൻ കിടന്നു. നിർദോഷിയായിരുന്നിട്ടും നികൃഷ്ടജീവിയെപ്പോലെയാണ് അന്തിമനിമിഷങ്ങളിൽ അവൻ ഗണിക്കപ്പെട്ടത്. തടിക്കുരിശിൽ തറയ്ക്കപ്പെടാനായി തന്റെ പാണീപാദങ്ങൾ അവൻ നീട്ടിക്കൊടുത്തു. ചുടുചോരയിൽ കുതിർന്ന അവന്റെ കൈകാലുകളിലൂടെ ആണികൾ ആഴ്ന്നിറങ്ങി. പാപ



## ക്രൂശീകരണം

ത്തിന്റെ പര്യായമായ കുരിശുമരത്തിൽ പുണ്യത്തിന്റെ പര്യായമായവനെ അവർ തറച്ചുവച്ചു. കൂട്ടിനു രണ്ടു കുറ്റവാളികളെയും. പക്ഷേ, തുളച്ചുകയറിയ ആണികൾക്കൊന്നും അവനെ തളച്ചിടാൻ കഴിഞ്ഞില്ല. കാരണം, കുരിശിന്റെ അഗ്രങ്ങളും കടന്നുപോകുന്നതായിരുന്നു മനുഷ്യനോടുള്ള അവന്റെ കാരുണ്യം.

കുത്തിനാട്ടപ്പെട്ട കുരിശിൽ മന്നിനും മാനത്തിനുംമധ്യേ എങ്ങുമില്ലായ്മയിൽ അവൻ തൂങ്ങിനിന്നു. കൂട്ടംവിട്ടവയെയും കുഴിയിൽവീണവയെയുമൊക്കെ കോരിയെടുക്കാൻ വന്നവനു പാരിതോഷികം കിട്ടിയത് കഴുമരവും തലയ്ക്കുമീതെ നാലക്ഷരങ്ങളിൽ ഒതുങ്ങിയ ഒരു പ്രശംസാപത്രവും. സ്ലീവായുടെ സീമകൾക്കപ്പുറത്തേക്ക് തന്റെ തൃക്കൈകാലുകൾ നീട്ടാൻ തക്കവിധം പുത്രനായ ദൈവം പാരിനെ അത്രയധികം സ്നേഹിച്ചു. ജീവിതത്തിൽ ക്രൂശിലേറ്റപ്പെടുന്ന അനുഭവങ്ങൾ നമുക്കുമുണ്ടാകാം. ആരൊക്കെയോ അകാരണമായി അടിച്ചിറക്കിയ ചില ആണിപ്പഴുതുകൾ ഇന്നും വിങ്ങലുകളായി അവശേഷിക്കുന്നുണ്ടാകാം. ആലോചിക്കുകപോലും ചെയ്യാത്ത അകൃത്യങ്ങൾക്കു നാം ഉത്തരവാദികളാക്കപ്പെട്ട സന്ദർഭങ്ങൾ, ക്രൂശിതന്റേതിനെക്കാൾ കൂടുതൽ മുറിവുകൾ മനസ്സിനേറ്റ സാഹചര്യങ്ങൾ, മറ്റുള്ളവരുടെ കുറ്റങ്ങൾക്കു മൗനസമ്മതം മൂളാൻ നിർബന്ധിക്കപ്പെട്ട നിമിഷങ്ങൾ എന്നിങ്ങനെ നിസ്സഹായതയിൽ നാം നില്ക്കേണ്ടിവന്ന അവസ്ഥകൾ. ഓർക്കണം, നമ്മുടെ പരാതികൾ പറയാൻ നമുക്കുമുന്നിൽ ഒരു ക്രൂശിതനെങ്കിലുമില്ലേ? അവന്റെ മുമ്പിൽ ആരുമില്ലായിരുന്നു. നാം പേറുന്ന കുരിശുകളെ പരിഹരിക്കാൻ നമുക്കൊരു ക്രൂശിക്കപ്പെട്ടവനുണ്ട് എന്നുള്ളതാണ് ഏറ്റവും വലിയ അനുഗ്രഹം.

ജീവിതത്തിൽ പ്രത്യാശയുണ്ടെങ്കിൽ അനർഥങ്ങളെന്നു നമുക്കു തോന്നുന്നവയുടെയൊക്കെ അന്തരാർഥങ്ങൾ ക്രൂശിതന്റെ മുഖത്തുനിന്നു വായിച്ചെടുക്കാനാകും. കുരിശ്, വരയ്ക്കാനും വരിക്കാനും കൂടിയുള്ളതാണ്. കുരിശുകൾ എപ്പോഴും കൂടെക്കാണും. ക്രൂശിതനെ കൂട്ടുപിടിച്ചെങ്കിലേ കിട്ടൂ. കള്ളന്റെ കുരിശിൽ പരാതിയും, പരിഹാസവും മാത്രമേ കാണൂ. കർത്താവിന്റെ കുരിശിൽ പാപപ്പൊറുതിയും പരിരക്ഷയും. ഒപ്പം, ആരെയും ക്രൂശിലേറ്റാതിരിക്കാം. തല ചായ്ക്കാൻ ഇടമില്ലാതെ കിടന്നവന്റെ അനുയായികളായ നമുക്കു വിലയേറിയ വീടുകളോടുള്ള അമിതഭ്രമവും തന്മൂലമുണ്ടാകുന്ന മത്സരവുമൊക്കെ ആത്മശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. പാർപ്പിടത്തിന്റെ പേരിൽ സമ്പത്ത് കുഴിച്ചുമൂടാതിരിക്കാം. കിടപ്പാടം ആർഭാടമാക്കാതിരിക്കാം. ക്രൂശിതനെ നോക്കി ദിവസവും കുറച്ചുസമയമെങ്കിലും ഇരിക്കാം. ഒന്നുമില്ലാത്ത അവന് ഒത്തിരി കാര്യങ്ങൾ നമ്മെ ഓർമിപ്പിക്കാനുണ്ടാകും. ക്രൂശിതരൂപം ഒരു അലങ്കാരമല്ല, ജീവിതത്തിന്റെ ആധാരമാണ്. ക്രൂശിക്കപ്പെട്ടവനെ കഴുത്തിലണിയുമ്പോൾ ഭയക്കണം. അവനൊരു ബാധ്യതയും വെല്ലുവിളിയുമാണ്. ■

# ഹാർട്ടറ്റാക്കിന്റെ നിഗൂഢരഹസ്യങ്ങളിലേക്ക്



ഡോ. ജോർജ് തയ്യിൽ

ഹാർട്ടറ്റാക്കും പെട്ടെന്നുള്ള മരണവും 50 ശതമാനത്തോളം സംഭവിക്കുന്നത് നേരത്തെ രോഗലക്ഷണങ്ങളില്ലാത്തവരിലാണെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. അതുപോലെ സാധാരണ കാണുന്ന ആപത്ഘടകങ്ങൾ ഹാർട്ടറ്റാക്കുണ്ടാകുന്ന 40-50 ശതമാനത്തോളം രോഗികളിലും കണ്ടെന്നുവരില്ല. അതുകൊണ്ട് രോഗലക്ഷണങ്ങൾ പ്രകടമായിട്ടില്ലാത്തവരെയും ഹൃദ്രോഗസാധ്യതയുള്ളവരെയും മുൻകൂട്ടി കണ്ടുപിടിച്ച് പ്രാഥമികപ്രതിരോധനടപടികൾ സംവിധാനം ചെയ്യുക തികച്ചും അനിവാര്യമാണ്. അതിനു പ്രധാനമായി അഞ്ചു കാരണങ്ങളാണുള്ളത്:

1. ഭൂമുഖത്ത് ഏറ്റവും കൂടുതൽ ആൾക്കാരെ കൊന്നൊടുക്കുന്ന ഒരു ഭീതിദമായ രോഗാവസ്ഥയായി മാറിക്കഴിഞ്ഞു ഹൃദ്രോഗം.

2. ക്രിയാത്മകമായ ജീവിതരക്ഷണക്രമീകരണങ്ങൾമൂലം ഈ രോഗത്തെ നല്ലൊരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കും.

3. ധമനികളിൽ സമൂലമായി ജരിതാവസ്ഥ ഉണ്ടായാലും രോഗലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘകാലമെടുക്കും. ഈ വേളയിൽ രോഗസാധ്യത സമുചിതമായി കണ്ടുപിടിച്ച് പ്രതിരോധമാർഗങ്ങൾ കൃത്യമായി പ്രാവർത്തികമാക്കാൻ അവസരം ലഭിക്കും.

4. രോഗലക്ഷണങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ ഹാർട്ടറ്റാക്കോ പെട്ടെന്നുള്ള മരണമോ സംഭവിക്കാനുള്ള കാലയളവ് ഹ്രസ്വമാണ്.

5. ധമനികളിൽ ജരിതാവസ്ഥയും ബ്ലോക്കും ഗുരുതരമായാൽപ്പിന്നെ ശാശ്വതമായ ഒരു പരിഹാരമില്ലെന്നു പറയാം. ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് സർജറി തുടങ്ങിയ ചികിത്സാവിധികൾ അപ്പപ്പോൾ ചെയ്തുകൊണ്ട് ആയുസ് ഒരു പരിധിവരെ ദീർഘിപ്പിക്കാമെന്നു മാത്രം.

രോഗം ഗുരുതരമായിട്ടുള്ള ചെറിയ ശതമാനം ആളുകൾക്ക് വളരെ ചെലവേറിയ ചികിത്സ നൽകുന്ന സമ്പ്രദായമാണ് ഇന്നു പ്രബലമായിക്കൊണ്ടിരിക്കുന്നത്. രോഗാതുരതയിലേക്കു നയിക്കുന്ന കാതലായ ആപത്ഘടകങ്ങളെ കാലേകൂട്ടി തിരിച്ചറിഞ്ഞ് അവയെ പിടിയിലൊതുക്കാനുള്ള ക്രിയാത്മകവും ചെലവു കുറഞ്ഞതുമായ പ്രതിരോധനടപടികൾ സ്വീകരിക്കുന്ന പ്രവണത ഇന്നു വളരെ കുറവാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനു തുനിയുന്ന ഭിഷഗ്വരന്മാരും വിരളം. മൂർച്ഛിച്ച രോഗാവസ്ഥയുടെ അനന്തരഫലമായി രോഗലക്ഷണങ്ങൾ പ്രകടമാകുമ്പോൾ ചികിത്സാപദ്ധതി സംവിധാനം ചെയ്യാൻ അത്ര പ്രയാസമില്ല. എന്നാൽ, രോഗലക്ഷണങ്ങളൊന്നുംതന്നെ പ്രകടമാകാത്ത അവസ്ഥയിൽ രോഗമാരംഭിച്ചിട്ടുണ്ടോയെന്നും അതു ഗുരുതരമാകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്നും വിവേചിച്ചറിയുക തികച്ചും ശ്രമകരമാണ്.

അമിതരക്തസമ്മർദം, പുകവലി, വർധിച്ച കൊളസ്ട്രോൾ, പ്രമേഹം എന്നീ ആപത്ഘടകങ്ങളുടെ അതിപ്രസരം വിലയിരുത്തി മാത്രം ഹൃദ്രോഗസാധ്യത നിർണയിക്കുന്നതിൽ അപര്യാപ്തതകൾ ഉണ്ടെന്നു പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഹാർട്ടറ്റാക്കുണ്ടായ 695 രോഗികളെ ഉൾപ്പെടുത്തി സിഡ്നി യൂണിവേഴ്സിറ്റിയിൽ നടന്ന പഠനത്തിൽ 132 പേർക്ക് യാതൊരുവിധ ആപത്ഘടകങ്ങളും ഉണ്ടായിരുന്നില്ലെന്നു കണ്ടെത്തി. മാത്രമല്ല, യാതൊരു ആപത്ഘടകങ്ങളുമില്ലാത്ത 'ആരോഗ്യപൂർണരായവരി'ൽ 27 ശതമാനം പേർക്ക് ഹൃദയാഘാതം ഉണ്ടായതായി കണ്ടു.

ഹൃദ്രോഗത്തിലേക്കു നയിക്കുന്ന കൊറോണറികളിലെ ജരിതാവസ്ഥ ബാല്യകാലത്തിൽ ആരംഭിക്കുമെന്നും പിന്നീടുള്ള അതിന്റെ വളർച്ചയും അപകടാവസ്ഥയും വിലയിരുത്താൻ, 'ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട്' (IVUS), 'പോസിട്രോൺ എമിഷൻ ടൂമോഗ്രഫി' (PET), "മൾട്ടി ഡിറ്റെക്ടർ കമ്പ്യൂട്ടട് ടൂമോഗ്രഫി (MDCT) തുടങ്ങിയ ആധുനിക പരിശോധനോപകരണങ്ങളുടെ ഉപയോഗം സഹായിക്കുമെന്നും പഠനങ്ങൾ തെളിയിക്കുന്നു. 'ഐവസ്', 'പെറ്റ്', 'എ.ഡി.സി.റ്റി' എന്നീ പരിശോധനകൾകൊണ്ട് കഴുത്തിലെ കരോട്ടിട് ധമനിയുടെയും (കരോട്ടിട് ഡോപ്ളർ) ഹൃദയത്തിലെ കൊറോണറികളുടെയും ഘടനാവ്യതിയാനങ്ങളും കാത്സ്യം സ്കോറും നിരീക്ഷിച്ച് ഭാവിയിൽ ഹാർട്ടറ്റാക്കും ഹൃദയപരാജയവും പെട്ടെന്നുള്ള മരണം തന്നെയും ഉണ്ടാകാനുള്ള സാധ്യത ഏറെ സൂക്ഷ്മതയോടെ വിലയിരുത്താൻ പറ്റുമെന്ന് നൂതനഗവേഷണങ്ങൾ സ്ഥിരീകരിക്കുന്നു. ധമനികളുടെ ഉൾപാളിയായ 'ഇന്റിമ' യിലുണ്ടാകുന്ന ഘടനാവൈകല്യങ്ങളാണ് പഠനവിധേയമായത്. 'പെറ്റ്' പരിശോധനകൊണ്ട് ഹൃദയധമനികളിലെ രക്തപര്യയനത്തിന്റെ പാളിച്ചകളും വ്യക്തമായി മനസ്സിലാക്കാം.

ഹാർട്ടറ്റാക്കുണ്ടാകുന്നതിനുള്ള കാരണം കൊറോണറിധമനികളിലെ ബ്ലോക്കാണെന്ന അടിസ്ഥാനപരമായ അറിവ് വ്യാപകമായിരിക്കെ, ഹൃദയധമനികളിൽ കാതലായ യാതൊരു ബ്ലോക്കുമില്ലാതെയും ഹൃദയാഘാതമുണ്ടാകാം എന്ന തിരിച്ചറിവ് ഇന്നു പ്രബലമാകുന്നു. ഈ അവസ്ഥയെ 'മിനോക്ക' (MINOCA) എന്നു പറയുന്നു. 5-6 ശതമാനം ആൾക്കാരിലാണ് ഇപ്രകാരം അറ്റാക്കുണ്ടാകുന്നത്, പ്രത്യേകിച്ചും പ്രായം കുറഞ്ഞവരിൽ. ഇതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നു:

- താത്കാലികമായ ചെറിയ ബ്ലോക്കുകൾ (കൊഴുപ്പുനിക്ഷേപങ്ങൾ) ഹൃദയധമനികളിലുണ്ടായി അവിടെ ചെറിയ രക്തക്കട്ടകൾ പ്രത്യക്ഷപ്പെടുന്നു.
- കുറച്ചുനേരത്തേക്ക് കൊറോണറികൾ ചുരുങ്ങുന്ന (Spasm) അവസ്ഥ ഉണ്ടാകുന്നു.
- സൂക്ഷ്മലോമികകളെ ബാധിക്കുന്ന 'മൈക്രോ വാസ്കുലർ രോഗം.' ഈ സാഹചര്യത്തിൽ ഉപരിതലധമനികളിൽ ബ്ലോക്കുകൾ കണ്ടെന്നു വരില്ല.
- പെട്ടെന്ന് ഹൃദയധമനി വിണ്ടുകീറുന്ന അവസ്ഥ (ഡൈസെക്ഷൻ) ഉണ്ടാകുന്നു.
- ശരീരത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു ചെറിയ രക്തക്കട്ടകൾ ഒഴുകിവന്ന് കൊറോണറികളെ അടയ്ക്കുന്നു.

ഇത്തരം രോഗികളിൽ ആൻജിയോഗ്രാഫി ചെയ്താൽ 50 ശതമാനത്തിൽ കുറഞ്ഞ അപ്രധാന ബ്ലോക്കുകൾ മാത്രമേ കാണുകയുള്ളൂ. ആൻജിയോപ്ലാസ്റ്റി ചെയ്യേണ്ട ആവശ്യമേ ഉണ്ടാകില്ല. ഹൃദയഭിത്തികളിൽ പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ പരിക്കുകളുണ്ടാകുകയുള്ളൂ.

ഇനി മറ്റൊരു പ്രതിഭാസംകൂടിയുണ്ട്, 'സയലന്റ് ഹാർട്ടറ്റാക്ക്.' ഹൃദയാഘാതമുണ്ടാകുമ്പോൾ നെഞ്ചുവേദന അനുഭവപ്പെടാത്ത അവസ്ഥ. നെഞ്ചുവേദനയ്ക്കുപകരം ചിലരിൽ ക്ഷീണം, ദഹനപ്രശ്നങ്ങൾ, ഗ്യാസ്, തളർച്ച തുടങ്ങിയ അസ്പഷ്ടലക്ഷണങ്ങൾ ഉണ്ടാകുന്നു. ഇതു പ്രമേഹരോഗികളിൽ കൂടുതലായി (21 ശതമാനം) കാണുന്നു. പ്രമേഹമില്ലാത്തവരിൽ 14 ശതമാനവും. പ്രമേഹബാധിതരിൽ നെഞ്ചുവേദന അനുഭവപ്പെടാത്തതിന്റെ കാരണം ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന സിരകളിലുണ്ടാകുന്ന അപചയമാണ് (ഓട്ടോണമസ് ന്യൂറോപ്പതി) ഈ വ്യതിയാനം കാരണം ഹൃദയവീക്കത്തിന്റെ അനന്തരഫലങ്ങൾ മസ്തിഷ്കത്തിന് അനുഭവവേദ്യമല്ലാതെ പോകുന്നു. സയലന്റ് അറ്റാക്കിന്റെ മറ്റൊരു കാരണം ചിലരിലെ നിഷേധമനോഭാവമാണ് (ഡിനയൽ സിൻഡ്രോം). രോഗാവസ്ഥ അംഗീകരിക്കാനുള്ള മടി അഥവാ രോഗലക്ഷണങ്ങളോടുള്ള അവഗണന.



എന്തായായാലും, ഹാർട്ടറ്റാക്കിനുപിന്നിൽ ഇനിയും അറിയപ്പെടാത്ത പല നിഗൂഢതകളും ഒളിഞ്ഞിരിക്കുന്നുണ്ടെന്നു വിശ്വസിക്കത്തക്ക രീതിയിൽ ആപത്ഘടകങ്ങളുടെയും രോഗലക്ഷണങ്ങളുടെയും അഭാവവും അതിനെപ്പറ്റിയുള്ള ദുരൂഹതകളും ഇപ്പോഴും നിലനിൽക്കുന്നു. പറയത്തക്ക അപകടഘടകങ്ങളുടെ അഭാവത്തിലുള്ള ഹൃദയാഘാതത്തിന്റെ സംഖ്യ കൂടിക്കൊണ്ടിരിക്കുന്നു. ഏറെ ശാരീരികഫിറ്റ്നസുള്ള ആരോഗ്യദൃഢഗാത്രരിൽ പെട്ടെന്നുണ്ടാകുന്ന അറ്റാക്കിന്റെ തോത് എട്ടു വർഷംകൊണ്ട് (2006-2014) 11ൽനിന്ന് 27 ശതമാനമായി ഉയർന്നെന്ന് സിഡ്നി യൂണിവേഴ്സിറ്റി നടത്തിയ ഗവേഷണം സ്ഥിരീകരിക്കുന്നു. ചെറുപ്പക്കാരായ സ്ത്രീകളിലും പുരുഷന്മാരിലും തികച്ചും അപ്രതീക്ഷിതമായി കൊറോണറികളിൽ കൊഴുപ്പുനിക്ഷേപമുണ്ടാകുന്നു. ഹൃദ്രോഗത്തിലേക്കു നയിക്കുന്ന പുതിയ ട്രിഗറുകളെ കണ്ടുപിടിക്കേണ്ടതിന്റെ അനിവാര്യത പ്രസക്തമാകുന്നു. ഹൃദ്രോഗത്തിനു ഹേതുവായ അജ്ഞാതജീനുകളുടെ പ്രാധാന്യം വിസ്മരിക്കപ്പെട്ടുപോയിട്ടുണ്ടോ?

ഹൃദയാഘാതമുണ്ടാക്കുന്നതിൽ ജനിതകസ്വാധീനം എത്രത്തോളമുണ്ടെന്നു വസ്തുനിഷ്ഠമായി പഠിക്കുന്നതിനായി നടത്തപ്പെട്ട ഒരു ഗവേഷണപരമ്പരയുടെ ഫലം 'ന്യൂ ഇന്ത്യൻ ജേർണൽ ഓഫ് മെഡിസിനി'ൽ 2016 ഡിസംബറിൽ പ്രകാശിതമായി. 645 പേരെ ഉൾപ്പെടുത്തി നടത്തിയ ബൃഹത്തായ പഠനത്തിൽ ജനിതകപ്രവണതയും ആപത്ഘടകങ്ങളുടെ സ്വാധീനവും വേർതിരിച്ചു വിശകലനം ചെയ്യപ്പെട്ടു. ഹൃദ്രോഗത്തിനു പിന്നിൽ പ്രവർത്തിക്കുന്ന ജീനുകളുടെ പ്രഭാവം മൂർധന്യാവസ്ഥയിലായിരുന്ന വ്യക്തികളിൽ ഹൃദ്രോഗസാധ്യത 91 ശതമാനംവരെ ഉയർന്നുകണ്ടു. ഇക്കൂട്ടരിൽ സുപ്രധാന ആപത്ഘടകങ്ങൾ (പുകവലി, അമിതമായ വണ്ണം, വ്യായാമക്കുറവ്, അപഥ്യമായ ഭക്ഷണശൈലി) കൃത്യമായി നിയന്ത്രിക്കപ്പെട്ടവരിൽ അറ്റാക്കുണ്ടാകാനുള്ള സാധ്യത 50 ശതമാനം കുറഞ്ഞതായി കണ്ടു. ജീനുകളുടെ സ്വാധീനത്തോടൊപ്പം ആപത്ഘടകങ്ങളുടെ അതിപ്രസരവും അതിരുകടന്നപ്പോൾ ഹൃദ്രോഗസാധ്യത പതിന്മടങ്ങായി. തോക്കു നിറയ്ക്കുന്നത് ജീനുകളാണ്, എന്നാൽ, കാഞ്ചി വലിക്കുന്നത് ആപത്ഘടകങ്ങളാണ്. അതായത്, നിങ്ങളുടെ ജനിതകവിധിയെ മാറ്റിമറിക്കാൻ ജീവിതശൈലിയുടെ കർശനമായ നിയന്ത്രണംകൊണ്ടു സാധിക്കുമെന്നു സാരം. അതിനു സാധിക്കാതെ വരുമ്പോഴാണ് പ്രശ്നം ഗുരുതരമാകുന്നത്.

അപ്പനോ സഹോദരന്മാർക്കോ 55 നും അമ്മയ്ക്കോ സഹോദരങ്ങൾക്കോ 65 നും വയസ്സിനു താഴെ ഹാർട്ടറ്റാക്കുണ്ടായതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ മക്കൾക്കു ഹൃദയാഘാതമുണ്ടാകാനുള്ള സാധ്യത വർധിക്കും. അതാണ് ജനിതകപരമായ കണക്ക്. ഒരു ജീനല്ല, പല ജീനുകളുടെ സംയുക്തമാണ് ഹൃദ്രോഗത്തിനുള്ള വിത്തു വിതയ്ക്കുന്നത്. വരുംവർഷങ്ങളിൽ ഹൃദ്രോഗത്തിലേക്കു നയിക്കുന്ന 200 ൽപ്പരം ജനിതകസൂചകങ്ങളെ കണ്ടുപിടിക്കാനുള്ള സമഗ്രഗവേഷണപദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്.

ഹൃദ്രോഗമുണ്ടാക്കുന്നതിൽ ഏറ്റവും അപകടകാരിയെന്നു പരക്കെ മുദ്രകുത്തപ്പെടുന്ന കൊളസ്ട്രോൾ ഹാർട്ടറ്റാക്കുണ്ടാകുന്ന 40-50 ശതമാനം പേരിലും സാധാരണനിലയിലായിരിക്കുമെന്ന പരമാർഥം നാമറിയണം. പക്ഷേ, ഹൃദ്രോഗം തടയാനും അറ്റാക്കു വന്നവർക്ക് വീണ്ടുമൊന്നു വരുന്നതു പ്രതിരോധിക്കാനും എല്ലാ വൈദ്യശാസ്ത്രസംഘടനകളും ഉന്നംവയ്ക്കുന്നത് രക്തത്തിലെ എൽ.ഡി.എൽ. കൊളസ്ട്രോൾ പരമാവധി കുറയ്ക്കാനാണ്. നവജാതശിശുക്കളിൽ എൽ.ഡി.എൽ. 25 മില്ലിഗ്രാം / ഡെസിലിറ്ററാണ്. അതുകൊണ്ട് നവജാതർക്ക് ഹൃദയാഘാതമേ ഉണ്ടാകുന്നില്ല എന്നു വാദിക്കുന്നു. ഹാർട്ടറ്റാക്കു വന്നവരിൽ എൽ.ഡി.എൽ. 39 മില്ലി ഗ്രാം/ ഡെസിലിറ്റർ കുറച്ചപ്പോൾ വീണ്ടും ഹൃദയാഘാതമുണ്ടാകാനുള്ള സാധ്യത 22 ശതമാനമായി കുറഞ്ഞു, അതുപോലെ, മരണനിരക്ക് 14 ശതമാനം കുറഞ്ഞു. ഹൃദ്രോഗം ഉണ്ടായിട്ടില്ലാത്തവരിൽ എൽഡിഎൽ 39 മില്ലിഗ്രാം / ഡെസിലിറ്റർ കുറഞ്ഞപ്പോൾ അറ്റാക്കുണ്ടാകാനുള്ള സാധ്യത 30 ശതമാനമായി കുറഞ്ഞു. അപ്പോൾ ഹൃദ്രോഗമെന്ന കീറാമുട്ടിയെ ഒഴിപ്പിച്ചുനിർത്താൻ എൽ.ഡി.എൽ. കൊളസ്ട്രോൾ എത്രയും കുറയ്ക്കാമോ അത്രയും നന്ന് എന്നു പലരും വാദിക്കുന്നു. പക്ഷേ, അപ്പോഴൊക്കെ പ്രസക്തമാകുന്ന ചോദ്യം, കൊളസ്ട്രോൾ കുറവായിട്ടും അറ്റാക്ക് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ? അതു തികച്ചും നിഗൂഢമായ ശരീരശാസ്ത്രത്തിന്റെ ഏടുകളിലേക്കു നമ്മെ കൈപിടിച്ചുകൊണ്ടുപോകും.

ഈ സാഹചര്യങ്ങളിലാണ് ഹൃദ്രോഗസാധ്യത മുൻകൂട്ടി തിരിച്ചറിയാൻ ബയോസൂചകങ്ങളുടെ പ്രസക്തി കണ്ടുവരുന്നത്. കൊറോണറികളിലെ പരോക്ഷമായ ജരിതാവസ്ഥ (Subclinical atterosclerosis)യുടെ പ്രാധാന്യം എത്രത്തോളമുണ്ട്?

കോശങ്ങളുടെ വീക്കത്തോടെ സജീവമാകുന്ന സി. റിയാക്ടീവ് പ്രോട്ടീൻ (സി.ആർ.പി.), ഇന്റർലൂക്കിൻ-6, ഫോസ്ഫോലിപ്പെയ്സ് - എ രണ്ട്, ഓക്സീകരിക്കപ്പെട്ട എൽ. ഡി. എൽ, നൈട്രോ തൈറോസിൻ, ലൈപ്പോപ്രോട്ടീൻ-എ, പൈ-ഒന്ന്, ഡി. ഡൈമർ, ഹോമോസിസ്റ്റിൻ, മൂത്രത്തിലെ മൈക്രോ ആൽബുമിൻ, ഹൃദയപരാജയമുണ്ടാകുമ്പോൾ കാണുന്ന എൻ.റ്റി. പ്രോ ബി.എൻ.പി., കോശനാശമുണ്ടാകുമ്പോൾ രക്തത്തിൽ കുമിഞ്ഞുകൂടുന്ന ട്രോപോണിൻ. മേല്പറഞ്ഞ സൂചകങ്ങളെല്ലാം ഭാവിയിലുണ്ടാകാൻ പോകുന്ന ഹൃദയാഘാതം കണ്ടുപിടിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നു.

ഹാർട്ടറ്റാക്കുണ്ടാകുന്നത് പല മാനസിക-ശാരീരികജനിതകഘടകങ്ങളുടെ ഉദ്ദീപനപ്രക്രിയയിലെ അവസാന അധ്യായമായിട്ടാണ്. ഇനിയും അനാവരണം ചെയ്യപ്പെടാത്ത പല അജ്ഞാതഘടകങ്ങളും ഈ രോഗാതുരയ്ക്കു പിന്നിൽ ഉത്തേജകമരുന്നാകുന്നു. ആർക്കൊക്കെ അറ്റാക്കു വരും ആർക്കു വരില്ല എന്നു കൃത്യമായി പറയാൻ എളുപ്പമല്ല. ഒന്നും ഒന്നും രണ്ട് എന്നു കണക്കുകൂട്ടുന്നതുപോലെ ഈ പ്രതിഭാസത്തെ നിർവചിക്കാൻ സാധ്യമല്ലെന്നോർക്കണം.

■

# കായികമേള മുടങ്ങിയാൽ?



സനിൽ പി. തോമസ്

കെനിയയിലെ നെയ്റോബിയിൽ 2020 ൽ നടന്ന അണ്ടർ 20 ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ ലോങ്ജംപിൽ പങ്കെടുക്കാൻ വേണ്ടിയിരുന്ന യോഗ്യത 6.15 മീറ്റർ ആയിരുന്നു. 2019 ൽ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ആൻസി സോജൻ ചാടിയത് 6.24 മീറ്റർ. യോഗ്യതാമാർക്കിനേക്കാൾ ഒൻപതു സെന്റീമീറ്റർ കൂടുതൽ ചാടിയിട്ടും ദേശീയ യൂത്ത് അത്‌ലറ്റിക് ക്യാംപിൽ പങ്കെടുത്തില്ല എന്ന കാരണത്താൽ ആൻസിക്ക് അവസരം നിഷേധിച്ചു. 2018 ൽ ബ്യൂനസ് ഐറിസിലെ യൂത്ത് ഒളിംപിക്സിൽ പങ്കെടുക്കാൻ സാധ്യതയേറെ ഉണ്ടായിട്ടും അപർണ റോയ് അതിനു ശ്രമിക്കാതെ സംസ്ഥാനസ്കൂൾ അത്‌ലറ്റിക്സിൽ മത്സരിച്ചു. സ്പ്രിന്റിലും ഹർഡിൽസിലും മികവു കാട്ടിയ അപർണയും ലോങ് ജംപിലും സ്പ്രിന്റിലും തിളങ്ങിയ ആൻസിയും ഇന്ന് സീനിയർ താരങ്ങളാണ്; ഇന്ത്യയുടെ ഭാവിവാഗ്ദാനങ്ങൾ. ഇതൊരു ആൻസിയുടെയും അപർണയുടെയും മാത്രം കഥയല്ല. കേരളത്തിലെ ഒട്ടേറെ ജൂനിയർതാരങ്ങൾ സ്കൂൾ കായികമേളയ്ക്ക് അത്രയേറെ പ്രാധാന്യം നൽകുന്നു എന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രം.

രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം 2022 ഡിസംബറിൽ തിരുവനന്തപുരത്ത് അറുപത്തിനാലാമത് സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സ് നടന്നപ്പോൾ സ്കൂൾ കായികരംഗം വീണ്ടും ഉണർന്നതാണ്. 2020 ൽ കൊവിഡ് മഹാമാരിമൂലം ഒളിംപിക്സ്പോലും മാറ്റിവയ്ക്കപ്പെട്ടു. 2021 ൽ ലോകമെങ്ങും കായികവേദികൾ നിയന്ത്രണങ്ങളോടെ സജീവമായെങ്കിലും സംസ്ഥാന സ്കൂൾ മീറ്റ് നടന്നില്ല. രണ്ടുവർഷത്തെ ആലസ്യവും കൊവിഡിന്റെ തുടർച്ചയായി ഉടലെടുത്ത സാമ്പത്തികമാന്ദ്യവും സ്വകാര്യസ്കൂളുകളിലെ പരിശീലനങ്ങളെ ബാധിച്ചതും കഴിഞ്ഞ ഡിസംബറിൽ തിരുവനന്തപുരത്തു നടന്ന കായികമേളയിൽ താരങ്ങളുടെ പ്രകടനത്തെ ബാധിച്ചിരുന്നു.

ഇപ്പോൾ അടുത്ത തിരിച്ചടി ഉണ്ടാകുമോയെന്ന ആശങ്കയിലാണ് കേരളത്തിലെ സ്കൂൾ കായികരംഗം. ദേശീയ സ്കൂൾ കായികമേള ഈ അധ്യയന വർഷം നടക്കില്ല എന്ന സൂചനകളാണു ലഭിക്കുന്നത്. സംസ്ഥാന മീറ്റിൽ മെഡൽ നേടിയവർക്കായി ക്യാംപ് സംഘടിപ്പിച്ച് തയ്യാറെടുപ്പ് പൂർത്തിയാകാറായ വേളയിലാണ് ദേശീയമീറ്റ് മുടങ്ങുമെന്ന ഭീഷണി ഉയരുന്നത്. 'സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ' എന്ന സംഘടനയിലെ പ്രശ്നങ്ങളാണ് കായികതാരങ്ങളുടെ അവസരം നഷ്ടപ്പെടുത്തുന്ന തലത്തിലെത്തിനിൽക്കുന്നത്. സ്കൂൾ ഗെയിംസ് ഫെഡറേഷൻ തിരഞ്ഞെടുപ്പ് ജനുവരി 17 നു നടന്നിരുന്നു. എന്നാൽ, യോഗ്യതയില്ലാത്ത ചിലർ ഭാരവാഹികളായെന്ന ആക്ഷേപം ഉയർന്നു. കേസുമായി. മാർച്ചിൽ വാർഷികപ്പരീക്ഷകളാകും. പ്രശ്നം എല്ലാ സംസ്ഥാനങ്ങളെയും ബാധിക്കും. പക്ഷേ, സ്കൂൾ സ്പോർട്സിന് കേരളത്തിൽ പ്രത്യേക സ്ഥാനമുണ്ട്. കായികതാരങ്ങൾക്ക് ഗ്രേസ് മാർക്ക് നഷ്ടപ്പെടുന്നു എന്നതു മാത്രമല്ല, ദേശീയതലത്തിൽ മത്സരത്തിനുള്ള അവസരവുമാണു നഷ്ടപ്പെടുന്നത്. പല ഇനങ്ങളിലും സംസ്ഥാനമീറ്റിലെക്കാൾ മോശം പ്രകടനം ദേശീയമീറ്റിൽ കാണാറുണ്ട്. പക്ഷേ, ഇതരസംസ്ഥാന താരങ്ങളുമായുള്ള മത്സരം മറ്റൊരു തലത്തിലാണ്. ആ മത്സരപരിചയം വിലപ്പെട്ടതാണ്.



ദേശീയ സ്കൂൾ അത്‌ലറ്റിക്സിൽ കേരളം തുടരെ ചാംപ്യൻമാരായിരുന്നു. 2016 ഫെബ്രുവരിയിൽ കോഴിക്കോട്ടു നടന്ന ദേശീയ സ്കൂൾ കായികമേളയിൽ കേരളം നേടിയത് തുടർച്ചയായ പത്തൊൻപതാം ഓവറോൾ ചാംപ്യൻഷിപ് ആയിരുന്നു. അറുപത്തൊന്നാം ദേശീയ മീറ്റ് ആയിരുന്നത്. 2017 മുതൽ ദേശീയ മീറ്റ് സീനിയർ, ജൂനിയർ, സബ്ജൂനിയർ വിഭാഗങ്ങളിലായി വേർപെടുത്തി. ഇത് മേളയുടെ ഗാംഭീര്യം കുറച്ചു. 2017 ലും 18 ലും കേരളം ദേശീയ സീനിയർ, ജൂനിയർ ചാംപ്യൻഷിപ്പ് നേടി തൃപ്തിപ്പെട്ടു. കേരളത്തിന്റെ സർവാധിപത്യം തകർക്കാനാണ് ദേശീയ മീറ്റ് മൂന്നായി തിരിച്ചതെന്ന പരാതി ഉയർന്നിരുന്നു. അതെന്തെങ്കിലുമാകട്ടെ. മത്സരത്തിന് അവസരംതന്നെ ഇല്ലാതായാലോ?

ദേശീയ സ്കൂൾ മീറ്റിൽ മെഡൽ നേടിയാൽ പതിനഞ്ചു ശതമാനംവരെ ഗ്രേസ് മാർക്കിനു സാധ്യതയുണ്ട്. പ്രാതിനിധ്യത്തിന് പത്തുശതമാനം കിട്ടേണ്ടതാണ്. മേള നടക്കാതെ പോയാലും സംസ്ഥാനടീമിൽ കയറാൻ യോഗ്യത നേടിയവർക്ക് പ്രാതിനിധ്യത്തിനുള്ള ഗ്രേസ് മാർക്ക് നൽകാൻ സാധിച്ചേക്കും. സർവകലാശാലകളുടെ മാതൃക ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണം. പക്ഷേ, ഗ്രേസ് മാർക്ക് മാത്രമല്ലല്ലോ പ്രശ്നം. കായിക സംഘടനകളിലെ പ്രശ്നങ്ങൾ ഇന്ത്യയിൽ കായികതാരങ്ങളെ ബാധിക്കുന്നത് സ്ഥിരം സംഭവമായി മാറുമ്പോൾ ശാശ്വതമായ പരിഹാരം ആവശ്യമാണ്. കേസുകൊടുത്ത് സംഘടനകളുടെ പ്രവർത്തനം പ്രതിസന്ധിയിലാക്കുന്നത് വിനോദമായി എടുത്തിട്ടുള്ളവർ കേരളത്തിൽപ്പോലുമുണ്ട്.

സംസ്ഥാന സ്കൂൾ കായികമേള 1957 ലാണ് കേരളത്തിൽ തുടങ്ങിയത്. ഏറ്റവും ഒടുവിൽ കഴിഞ്ഞ ഡിസംബറിൽ നടന്ന സംസ്ഥാന മീറ്റിൽ 14 ജില്ലകളിൽനിന്ന് 2737 അത്‌ലറ്റുകൾ 98 ഇനങ്ങളിൽ മത്സരിച്ചു. ഓരോ ജില്ലയിലും ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയവർക്ക് അവസരം നൽകിയിരുന്ന രീതി ഇത്തവണ പുനഃസ്ഥാപിച്ചത് സ്വാഗതം ചെയ്യപ്പെട്ടിരുന്നു. അത്‌ലറ്റിക്സിൽ മാത്രമല്ല, ഗെയിംസ് ഇനങ്ങളിലും ദേശീയ സ്കൂൾസ് മത്സരങ്ങൾ ഒഴിവാക്കപ്പെടുന്നത് താരങ്ങൾക്കു തിരിച്ചടിയാകും.

സ്പോർട്സ് സ്കൂളും ഡിവിഷനുമൊക്കെ തുടങ്ങി കായികരംഗത്തേക്ക് 1970 കളിൽ കേരളം തുടങ്ങിയത് കായികവിപ്ലവം തന്നെയായിരുന്നു. അതിന്റെ ഫലങ്ങൾ കണ്ടു. അത്‌ലറ്റിക്സിൽ കേരളം അക്ഷയഖനിയായി മാറി. വോളിബോളിലും ഫുട്ബോളിലുമൊക്കെ പുതിയ താരനിരയുണ്ടായി. പി.ടി. ഉഷയും എം.ഡി. വത്സമ്മയും മേഴ്സിക്കുട്ടനും ഷൈനി വിൽസണും കെ.എം. ബീനാമോളും അഞ്ജു ബോബി ജോർജുമെല്ലാം ഇത്തരത്തിൽ വളർന്നവരാണ്. ടോക്കിയോ ഒളിംപിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ ഹോക്കി ടീം ഗോൾ കീപ്പർ പി.ആർ. ശ്രീജേഷ് മികവിനു തുടക്കമിട്ടത് ജി.വി. രാജാ സ്പോർട്സ് സ്കൂളിലാണ്. അങ്ങനെ എത്രയോ താരങ്ങൾ!

സ്കൂൾ മീറ്റിലെ പ്രകടനങ്ങളുടെ തുടർച്ചയായി സി.ആർ.പി. എഫിലും റയിൽവേസിലും സർവീസിലുമൊക്കെ ജോലി നേടി കൂടുതൽ ഉയരങ്ങളിൽ എത്തിയവരും എത്രയോ ഉണ്ട്. കോരുത്തോട് സി.കെ.എം.എച്ച്.എസിൽ കെ.പി. തോമസ് മാഷ് തുടക്കമിട്ടതുപോലെ ഇന്ന് സ്കൂളുകളിൽ (ചിലത് അൺ എയ്ഡഡ് ആണ്) കായികപരിശീലനം സജീവമായി നടക്കുന്നു. ഇവരിൽ പലരും അക്കാദമികൾ മുന്നോട്ടു കൊണ്ടുപോകുവാൻ സാമ്പത്തികമായി ഏറെ വിഷമിക്കുകയാണ്. ചില കായികാധ്യാപകരുടെയും പരിശീലകരുടെയും സമർപ്പണവും രക്ഷിതാക്കളുടെ താത്പര്യവുമൊക്കെക്കൊണ്ടുമാത്രമാണ് പല അക്കാദമികളും മുന്നോട്ടുപോകുന്നത്.

നല്ല മത്സരഫലങ്ങൾ ഇല്ലെങ്കിൽ താരങ്ങൾ മുന്നോട്ടുവരാൻ മടിക്കും. അവരെ വിടാൻ രക്ഷിതാക്കൾക്കും വൈമനസ്യം ഉണ്ടാകും. പി.ടി. ഉഷ 1984 ലെ ലൊസാഞ്ചലസ് ഒളിംപിക്സിലും 1986 ലെ സോൾ ഏഷ്യൻ ഗെയിംസിലും കാഴ്ചവച്ച പ്രകടനം കേരളത്തിൽ എത്രയോ പേർക്കു പ്രചോദനമായി. ഒരു തലമുറയെത്തന്നെ പ്രചോദിപ്പിക്കാൻ ഒറ്റവിജയത്തിനു സാധിക്കും. നീരജ് ചോപ്ര ടോക്കിയോ ഒളിംപിക്സിൽ ജാവലിൽ ത്രോയിൽ സ്വർണം നേടിയതോടെ ട്രാക്ക് ആൻഡ് ഫീൽഡിൽ ഇന്ത്യയുടെ പ്രതീക്ഷകൾ എത്രത്തോളം ഉയർന്നു. 1996 നു ശേഷം ഒളിംപിക്സിൽനിന്നു മെഡൽ ഇല്ലാതെ ഇന്ത്യ മടങ്ങിയിട്ടില്ല.

ദേശീയ സ്കൂൾ കായികമേളയിലെ ഒരു ചാട്ടമോ ഓട്ടമോ ഏറോ ആയിരിക്കാം ഒരു അത്‌ലറ്റിനെ നാളെയുടെ താരമാക്കുന്നത്. അവസരമാണ് ആവശ്യം. കൊവിഡ്കാലത്തെ മാന്ദ്യം ആഗോളപ്രതിഭാസമായിരുന്നു. അത് മനുഷ്യനു നിയന്ത്രിക്കാനാവില്ലായിരുന്നു. ഇവിടെ സ്ഥിതിയതല്ല. നമ്മൾ സൃഷ്ടിച്ചതാണു പ്രശ്നങ്ങൾ. വളരുന്ന താരങ്ങളുടെ വഴി തടയരുത്.

■

കവിത

ജോർജുകുട്ടി താവളം

## മുതലക്കണ്ണീർ

തുള്ളൽക്കവിതയിതിന്നുടെ പൊരുളാൽ
തുള്ളൽ വന്നീടുന്നവരുണ്ടാം
കള്ളങ്ങൾതൻ കൂമ്പാരംകൊ-
ണ്ടുള്ളം തിങ്ങിനിറഞ്ഞീടുന്നോർ.

കോടികൾ വാരിക്കൂട്ടാനായി-
ത്തേടീടുന്നൂ വഴികൾ പലതും
തട്ടിപ്പുകളാൽ മനുജരെ വഞ്ചി-
ച്ചൊട്ടേറെപ്പേർ കൊയ്യും വിത്തം.

പൊതുജനസേവനകച്ചവടത്താൽ
ശതകോടികളുണ്ടാക്കീടുന്നോർ
മുതലക്കണ്ണീർ തൂവീടുന്നു
അതിദുഃഖിതരാം പാവങ്ങൾക്കായ്.

പന്താടുന്നു ജനങ്ങളെയവരെ-
പ്പിന്താങ്ങാനുണ്ടനുചരവൃന്ദം
എന്തിവിടുണ്ടായാലുമവർതൻ
ചിന്തയിലോ ധനമോഹംമാത്രം.

കല്ലാലുള്ളം തീർത്തവരെന്തും
പുല്ലായ്മാത്രം കണ്ടീടുന്നു
എല്ലാം നമ്മൾ കണ്ടുമടുത്തവ
ചൊല്ലാൻപോലും നാണം തോന്നും.

Deepanalam Weekly
RNI No : 16998/68
Vol. 56 No. 2 Date of Publication 2 March 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# പാലായിലെ പുതിയ വലിയ വിസ്മയം....!
# HyDis Hypermarket

മറ്റാർക്കും നൽകാനാവാത്ത **വിലക്കുറവും**
ആരെയും അതിശയിപ്പിക്കുന്ന **ഓഫറുകളും**
ഹൈഡിസ് പ്ലസ് കാർഡ്
വിലക്കുറവിന്റെ യാഥാർത്ഥ്യം തിരിച്ചറിയൂ......
എല്ലാവർക്കും കാർഡ് സൗജന്യം




ഒറിജിനൽ പോത്തിറച്ചി

**249** രൂപ മാത്രം
ഒരു കാർഡിന് 2 കിലോ മാത്രം T&C Apply

മട്ട വടി അരി

**38** രൂപ മാത്രം
ഒരു കാർഡിന് 10 കിലോ മാത്രം T&C Apply

ശുദ്ധമായ വെളിച്ചെണ്ണ


**119** രൂപ മാത്രം
T&C Apply

കൂടാതെ 101 നിത്യോപയോഗ സാധനങ്ങൾ **പകുതി വില മാത്രം......**

## ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം
## കൂടുതൽ സുന്ദരമാക്കും..

LITHOS PAVING TILES
ISO 9001:2015

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.





- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.

**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org